


വില ₹ 30

# സത്യദൂതൻ

2022 ജനുവരി
ലക്കം 01

## മോക്ഷാർഹമായ സംഘവും അഹ്മദിയ്യാ ജമാഅത്തും

## വിവാഹ പ്രായം ഇരുപത്തൊന്നാവുമ്പോൾ



# സത്യദൂതൻ 97 –ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

ഇസ്‌ലാമിന്റെ പുനരുജ്ജീവനാർത്ഥം അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ(അ) ദിവ്യസന്ദേശം മലയാളക്കരയിൽ പ്രതിമാസം മുറതെറ്റാതെ സത്യദൂതൻ പ്രചരിപ്പിക്കുന്നു. ഇസ്‌ലാം മതത്തിന്റെ അനന്യവും അനിഷേധ്യവുമായ ജ്ഞാനപ്രഭ വിതറിക്കൊണ്ട് ഒരു നൂറ്റാണ്ടോളമായി കാലാവസ്ഥാ ഭേദമില്ലാതെ നിശബ്ദമായി പാവനമായ ഈ ദീനിസേവനം സത്യദൂതൻ അവിരാമം തുടരുന്നു. സത്യദൂതൻ ഇനിയും ഊർജ്ജസ്വലമായി മുന്നോട്ട് പോവാനും കൂടുതൽ വായനക്കാരിലേക്ക് എത്തിക്കാനുമുള്ള സദുദ്യമത്തിൽ ഓരോ സത്യാന്വേഷിയും പങ്കാളിയാവാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ തപാൽ അഡ്രസ് വ്യക്തമായി എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാല കളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്ന താണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷി ക്കുന്നു.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe paytm

**Phone No: 9447086862**

വാർഷിക വരിസംഖ്യ 300 രൂപ.

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2022 ജനുവരി
ഹി.ശ.1402-സുലഹ്
1443 ജ. അവ്വൽ - ജ. ആഖിർ
പുസ്തകം 94 ലക്കം 01
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**ഹദ്റത്ത് ഉമർ (റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 2**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..) 2021 നവംബർ 26-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**യേശു തിരിച്ചു വരികയാണെങ്കിൽ - 2**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**18**
**മോക്ഷാർഹമായ സംഘവും അഹ്മദിയ്യാ ജമാഅത്തും**
അബ്ദുർറഹമാൻ, കൊടിയത്തൂർ

**22**
**ശൈത്വാന്റെ വെളിപാടുകളും സത്യവെളിപാടുകളും**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**25**
ഭാഗം - 23
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**32**
**വാഗ്ദത്ത മസീഹും സ്വലാത്തും**
സിദ്ധീഖ് അശ്റഫ് അലി സാഹിബ് മോഗ്രാൽ

**36**
**ഉവൈസുൽ ഖർനി**
എ.എം. മുഹമ്മദ് സലീം

**39**
കുറിപ്പുകൾ
**വിവാഹ പ്രായം ഇരുപത്തൊന്നാവുമ്പോൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകൾ ഉണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാനറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നിലേക്ക് ദിവ്യബോധനം നൽകപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. പറയുക; അന്ധനും കാഴ്ച്ചയുള്ളവനും ഒരുപോലെയാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ? (6:51)

## നബിവചനം



സൈദുബ്നു ഖാലിദ്(റ) യിൽ നിന്ന് നിവേദനം: റസൂൽ തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നത് ഇതാണ്, എന്റെ ദാസന്മാരുടെ കൂട്ടത്തിൽ എന്നിൽ അവിശ്വസിച്ചവരും എന്നെ നിഷേധിച്ചവരുമുണ്ട്. ദൈവാനുഗ്രഹത്താൽ മഴ വർഷിച്ചു കിട്ടിയെന്ന് പറയുന്നുണ്ടെങ്കിൽ അവൻ എന്നിൽ വിശ്വസിച്ചവനും നക്ഷത്രങ്ങളെ നിഷേധിച്ചവനുമാണ്. ഇന്നിന്ന നക്ഷത്രങ്ങൾ ഉദിച്ചത് കാരണമാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് പറയുന്നവനാകട്ടെ, എന്നെ നിഷേധിച്ചവനും നക്ഷത്രത്തിൽ വിശ്വസിച്ചവനുമാണ്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



യുക്തിയും സയൻസും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. ഭൗതിക തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ അവർക്ക് തുറന്ന് കാട്ടാൻ കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചു കൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയാണ്........ഭൗതിക തത്വശാസ്ത്രങ്ങൾക്ക് മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയാണ്. നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾക്ക് മുമ്പിൽ അവർ കുമ്പിടുകയും ചെയ്യുന്നു. മതത്തിന്റെ സേവനത്തിനും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനുമെല്ലാം ആധുനിക വിജ്ഞാനങ്ങൾ ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഈ പഠനം ഒരു വശത്തിൽ മാത്രം ഊന്നി കൊണ്ട് തുടർന്ന് വന്നിട്ടുള്ളവരും സ്വാത്തികരുമായി ബന്ധം സ്ഥാപിക്കാൻ ഇടവന്നിട്ടില്ലാത്തവരും അതിന്ന് മുമ്പിൽ അറച്ച് നിൽക്കുകയും അങ്ങിനെ ഇസ്‌ലാമിൽ നിന്ന് വേർപെട്ടു പോകുകയും ചെയ്തതായി എനിക്ക് തന്നെ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. (മൽഫൂസാത്ത്, ഭാ 65,66)

എഡിറ്റോറിയൽ


# നൂറിനോടടുക്കുന്ന സത്യദൂതൻ

1925 ജനുവരി മാസത്തിൽ ആരംഭിച്ച സത്യദൂതന് നൂറ് തികയാൻ ഇനി മൂന്ന് വർഷംകൂടി മാത്രമേ അവശേഷിക്കുന്നുള്ളൂ. അല്ലാഹുവിന്ന് സ്തുതി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മലയാള മുഖപത്രമായ സത്യദൂതൻ ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീ മസീഹിന്റെ സന്ദേശം കേരളക്കരയിൽ പ്രചരിപ്പിക്കുക എന്ന ദിവ്യദൗത്യമായിരുന്നു ഏകദേശ ഒരു നൂറ്റാണ്ടുകാലം നിർവ്വഹിച്ചുകൊണ്ടിരുന്നത്. ദൈവിക നിയോഗങ്ങളുള്ള പ്രവാചക പ്രസ്ഥാനങ്ങളെ ലോകം അതിന്റെ സംഹാരശേഷി മുഴുവൻ പ്രയോഗിച്ച് ഉന്മൂലനം ചെയ്യാൻ ശ്രമിക്കുക എന്നത് വേദഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ചരിത്ര നിയമാണ്. ദൈവിക സംരക്ഷണമാണ് ആ ദിവ്യ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നത്. സാർവ്വ ജനീനവും വിശ്വവ്യാപകവുമായ ഇസ്‌ലാമിക പുനരുജ്ജീവനത്തിന്റെ ദൈവികമായ ആ മഹാ ദൗത്യത്തിൽ മലയാളത്തിൽ എളിയ സേവനം നൽകിയ സത്യദൂതനും കഴിഞ്ഞ കാലങ്ങളിൽ കടന്നു വന്നത് എതിർപ്പിന്റെ കനൽപദങ്ങളിലൂടെയാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തോടൊപ്പം സത്യദൂതനും എതിർപ്പിന്റെ തീക്കാറ്റിൽ വളരുകയായിരുന്നു. ഇന്ന് തിരിഞ്ഞു നോക്കമ്പോൾ സത്യദൂതന്ന് സമശീർഷനായി ആരുമില്ല. തുടക്കത്തിൽ എതിർപ്പിന്റെ അഗ്നി വർഷം നടത്തിയ പ്രസിദ്ധീകരണങ്ങളെല്ലാം കാലത്തിന്റെ ചുടലയിൽ ഹോമിക്കപ്പെട്ടു. സത്യദൂതൻ മാത്രം അല്ലാഹുവിന്റെ സഹായത്താൽ ദീർഘായുഷ്മാനായി നിലകൊള്ളുന്നു.

വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും തുറന്നു കാട്ടിയ യഥാർത്ഥ ഇസ്‌ലാമിന്റെ ധാവള്യം സത്യദൂതന്റെ താളുകളിലൂടെ മലയാളത്തിലേക്ക് പ്രവഹിക്കുകയുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിൽ ക്രിസ്തീയ മിഷനറിമാരുടെയും ആര്യസമാജികളുടെയും നിരീശ്വര നിർമത പ്രസ്ഥാനങ്ങളുടെയും അപ്രതിരോധ്യമായ ആശയ പ്രചാരണങ്ങൾക്ക് മുമ്പിൽ മുസ്‌ലിം സമൂഹം നിശ്ചേതനമായി പോയിരുന്നു. കേരളത്തിലും അതിന്റെ ആഗാധം അനുഭവപ്പെട്ടു. വാഗ്ദത്ത മസീഹിൽ നിന്നും സംഭരിച്ച ഊർജ്ജംകൊണ്ട് നടത്തിയ സമുജ്ജ്വലമായ ജ്ഞാനസംവാദങ്ങളാണ് ഇസ്‌ലാംമതത്തിന്ന് പുനരുജ്ജീവനം നൽകിയത്. പൊതുമുസ്‌ലിം സമൂഹത്തിന്റെ നവോത്ഥാനം എന്ന് പറയപ്പെടുന്ന പുരോഗമന ചിന്തകളിലെല്ലാം നിഴലിച്ചത് വാസ്തവത്തിൽ അഹ്മദിയ്യത്തിന്റെ ദിവ്യ പ്രകാശത്തിന്റെ പ്രതിഫലനം തന്നെയായിരുന്നു. സൂര്യനുദിച്ചാൽ അതിന്റെ വെട്ടിതിളങ്ങുന്ന പ്രകാശത്തിന്റെ പ്രതിഫലനങ്ങൾ എല്ലാ വെള്ളകെട്ടുകളിലും കൂരിരുൾ കോട്ടകളിലും പ്രതിഫലിക്കുമല്ലോ.

സംഭവബഹുലമായ ഒമ്പത് ദശാബ്ദങ്ങളിൽ ചരിത്രനദി സത്യദൂതന്റെ മുമ്പിലൂടെ ഒരുപാട് ഒഴുകിപ്പോയി. ഭൗതിക തത്വശാസ്ത്രങ്ങളുടെ മുന്നേറ്റം, വിപ്ലവങ്ങൾ, ലോക മഹായുദ്ധം, ശാസ്ത്ര കണ്ടുപിടുത്തങ്ങൾ, കോളനിവിമോചനം മുതൽ മനുഷ്യ ഭാഗധേയം നിർണ്ണയിച്ച എല്ലാ ഗൗരവ പൂർണ്ണമായ സംഭവങ്ങളോടും സത്യദൂതൻ ഇസ്‌ലാമിക പക്ഷത്തുനിന്നും പ്രതികരിച്ചു. തുടക്കം മുതൽ തന്നെ വിമർശനങ്ങളുടെ ബഹിഷ്ക്കരണങ്ങളുടെയും അഗ്നി ശരങ്ങളാണ് സത്യദൂതനിൽ ചൊരിയപ്പെട്ടത്. അനന്യവും സംഭവബഹുലവും സമ്പന്നവുമായ പൈതൃകവുമായി സത്യദൂതൻ നൂറ്റാണ്ടു താണ്ടുകയാണ്.

സത്യദൂതനെ എക്കാലവും ഹൃദയത്തോട് ചേർത്തു നിർത്തിയത് അതിന്റെ ആദരണീയ വായനക്കാരാണ്. കാലത്തോടൊപ്പം അഹ്മദിയ്യത്തിന്റെ സന്ദേശവുമായി സത്യദൂതന് ഇനിയും പ്രയാസം നിറഞ്ഞ പാതകൾ താണ്ടാനുണ്ട്. ഈ പാവനമായ പ്രസിദ്ധീകരണത്തിന്ന് എല്ലാ പിന്തുണയും പ്രാർത്ഥനയും വായനക്കാരിൽ നിന്നും ഇനിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്. എല്ലാ വായനക്കാർക്കും സത്യദൂതന്റെ നവവത്സരാശംസകൾ.



ഹദ്റത്ത് അഹ്മദ് (അ)

# അല്ലാഹുവിൽനിന്നുള്ള ജ്ഞാനവിനിമയം

അല്ലാഹു തന്റെ ദാസന് ആ ദാസന്റെ പ്രാർത്ഥനക്കുള്ള ഉത്തരമായിട്ടോ അഥവാ സ്വയം ഇഛിച്ചോ മറഞ്ഞ ഒരു കാര്യത്തെ പറ്റി അറിയിച്ചു കൊടുക്കുവാൻ ഉദ്ദേശിച്ചാൽ അയാളിലൊരു തരം അബോധാവസ്ഥയും മയക്കവും ഉണ്ടാക്കുന്നു. അതോടെ പെട്ടെന്ന് ചുറ്റുപാടുമായി ബന്ധമറ്റ നിലയിൽ അയാൾ ആയിത്തീരുന്നു. സ്വന്തം വ്യക്തിത്വം തന്നെ നഷ്ടപ്പെട്ട ഒരവസ്ഥയാണ് അയാൾക്കുണ്ടാകുക. ഒരാൾ വെള്ളത്തിൽ മുങ്ങുകയോ നീന്തുകയോ ഒരു മുങ്ങൽക്കാരൻ വെള്ളത്തിന്നടിയിലേക്ക് ഊളിയിട്ട് പോകുകയോ ചെയ്യുന്നത് പോലെ അയാൾ ആത്മ വിസ്മൃതിയുടെ മയക്കത്തിലും അബോധാവസ്ഥയിലും മുങ്ങുമാറാകുന്നു. ആ പ്ലവത്തോട് വളരെയധികം സാമ്യമുള്ള ഈ മയക്കത്തിന്റെ അവസ്ഥയിൽ നിന്നും ആ ദാസൻ പുറത്തുവന്നാൽ ഒരു മണിമുഴക്കം പോലെയുള്ള ആന്തരീയമായ ഒരു അനുഭവം അയാൾക്കുണ്ടാകുന്നു. ഈ മുഴക്കം നേർത്ത് നേർത്ത് വരുന്നതോടെ പെട്ടെന്ന് അയാൾക്ക് തന്നെ ഉള്ളിൽ നിന്നും താളാത്മകവും സൂക്ഷ്മവും ആനന്ദപ്രഥവുമായ ഒരു ഭാഷണം കേൾക്കുമാറാകുന്നു. ഈ മയക്കത്തിന്റെ അഥവാ മുങ്ങലിന്റെ അത്ഭുതത്തെ വാക്കുകളിൽ വിവരിക്കുക അസാദ്ധ്യം. ദിവ്യ ജ്ഞാനത്തിന്റെ ഒരു നദീ പ്രവാഹം അപ്പോൾ മനുഷ്യന്ന് മുമ്പിൽ തുറന്ന് കിട്ടുന്നു. അടിക്കടി പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുമ്പോൾ ഈ വിപ്ലവാവസ്ഥയും മയക്കവും തന്റെ ഭക്തദാസനിൽ സൃഷ്ടിച്ചുകൊണ്ട് അവന്റെ എല്ലാ ഓരോ പ്രാർത്ഥനക്കും സൂക്ഷ്മവും സുന്ദരവുമായ ഭാഷണത്തിൽ ദൈവം മറുപടി നൽകുന്നു. ഒരോ അന്വേഷണാവസ്ഥയിലും മനുഷ്യന്റെ കഴിവിനപ്പുറമുള്ള യാഥാർത്ഥ്യങ്ങൾ അയാൾക്കായി തുറക്കപ്പെടുന്നു. അപ്പോൾ ഈ കാര്യം അയാളെ സംബന്ധിച്ചേടത്തോളം വർദ്ധമനമായ ദൈവിക സ്ഥാനസിദ്ധിക്ക് കാരണവും പൂർണ്ണമായ ദിവ്യജ്ഞാന ലബ്ദിക്ക് ഹേതുകവും ആയി തീരുന്നു. ഭക്ത ദാസൻ പ്രാർത്ഥന നടത്തുന്നതും ദൈവം അവന്റെ ഉലൂഹിയത്തിന്റെ തേജോവിലാസത്തിലൂടെ ഓരോ പ്രാർത്ഥനക്കും ഉത്തരം നൽകുന്നതും ഈ ലോകത്ത് വെച്ച് തന്നെ ദാസൻ തന്റെ നാഥനെ നേരിട്ട് കണ്ട് കാണുന്നത് പോലെയുള്ളതും ഇരുലോകവും വൈരുദ്ധ്യമില്ലാത്ത വിധം ഒരുപോലെയായി അനുഭവപ്പെടുന്നതുമായ ഒരവസ്ഥയുമാകുന്നു. .................

ഇൽഹാമിന്റെ മറ്റൊരു രൂപം ഇതാണ്. മനുഷ്യന്റെ ഹൃദയവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ പുറത്തുനിന്നെന്നപോലെ ഒരു ശബ്ദം വരുന്നു. ആ ശബ്ദമൊരു മറയുടെ പിറകിൽനിന്ന് ഓരോ സംസാരിക്കുന്നത് പോലെ തോന്നും. എന്നാൽ ഈ ശബ്ദം കർണ്ണാനന്ദകരവും അതി മനോഹരവും ഒരളവോളം വേഗത കൂടിയതുമായിരിക്കും. ഹൃദയത്തിന്ന് അതൊരു ആനന്ദ നിർവൃതി നൽകും. മനുഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടായിവരുന്ന ശബ്ദം കേട്ട് അത് ഏത് ഭാഗത്ത് നിന്നാണ് വന്നതെന്നും ആരാണ് തന്നോട് സംസാരിച്ചതെന്നും മനസ്സിലാകാതെ അയാൾ അത്ഭുതപ്പെട്ടുപോകും. വിസ്മയ പരതന്ത്രനായി അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ഏതോ മാലാഖയാണ് തന്നോട് സംസാരിച്ചതെന്ന് അപ്പോൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബാഹ്യശബ്ദം അധികവും മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ വളരെയേറെ വിചാരമഗ്ദനും ദുഖിതനുമായിരുക്കുമ്പോൾ സുവിശേഷമായിട്ടാണ് കേൾക്കുമാറാകുക. *(ബറാഹീനെ അഹ്മദീയ്യാ)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 നവംബർ 26-ാം തീയതി യുകെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് ഉമർ (റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 2




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് ഉമർ(റ)ന്റെ സദസ്സിൽ ഖുർആനിക ജ്ഞാനമുള്ളവർക്ക് അവർ യുവാക്കളോ വലിയവരോ ആയിരുന്നാലും ശരി, വലിയ സ്ഥാനമാണുണ്ടായിരുന്നത്. ഹുർറ് ബ്നു ഖൈസ് ഹദ്റത്ത് ഉമർ(റ)ന്റെ സമീപത്ത് ഇരിക്കാറുണ്ടായിരുന്ന വ്യക്തിയായിരുന്നു. ഉയയ്ന ബ്നു ഹിസ്നിബ്നു ഹുദൈഫ തന്റെ സഹോദര പുത്രനായ ഹുർറ് ബ്നു ഖൈസിന്റെ ശിപാർശയോട് കൂടി ഉമർ(റ)ന്റെ ദർബാറിൽ എത്തി. എന്നിട്ട് ഉമർ(റ)നോട് പറഞ്ഞു: അല്ലയോ ഖത്താബിന്റെ മകനെ, താങ്കൾ ഞങ്ങൾക്ക് വേണ്ടി നീതിപൂർവം ധനം ചെലവഴിക്കുന്നില്ല. ഇതിൽ അതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് ഉമർ(റ) എന്തോ പറയാൻ മുതിരുകയായിരുന്നു. അപ്പോഴേക്കും ഹുർറ് ബ്നു ഖൈസ് പറഞ്ഞു: അല്ലാഹു നബി(സ)യോട് ഇപ്രകാരം പറയുകയുണ്ടായി.

خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجٰهِلِينَ

(7:200) മാപ്പ് (ചെയ്യുന്ന സ്വഭാവം) കൈ കൊള്ളുക. നല്ല കാര്യം ഉപദേശിക്കുക. അവിവേകം പ്രവർത്തിക്കുന്നവരിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യുക. പറഞ്ഞു: ഉയയ്ന അവിവേകികളിൽ പെട്ടയാളാണ്. ഹദ്റത്ത് ഉമർ നിശബ്ദനായി അവിടെ തന്നെ നിന്നു. അദ്ദേഹം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നുള്ള വചനങ്ങൾ കേൾക്കുമ്പോൾ സംയമനം പാലിച്ചിരുന്നു.

ഇതുമായി ബന്ധമുള്ള ഒരു സംഭവം ഇങ്ങനെ: ഹദ്റത്ത് ഉമർ(റ) ഒരു ധനാഢ്യനായ വ്യക്തിക്ക് ശിക്ഷ നൽകാനായി ശിക്ഷ നടപ്പാക്കുന്നവരെ വിളിപ്പിച്ചു. ആ സന്ദർഭത്തിൽ അവിടെ ഉണ്ടായിരുന്ന പത്ത് വയസ്സുള്ള ഒരു കുട്ടി ഇപ്രകാരം വിളിച്ചു പറഞ്ഞു:

وَالْكٰظِمِينَ الْغَيْظَ وَأَعْرِضْ عَنِ الْجٰهِلِينَ
- هٰذَا مِنَ الْجٰهِلِينَ

ഉമർ(റ)ന്റെ മുഖം ചുവന്നു. അദ്ദേഹം നിശബ്ദനായി.

ഹദ്റത്ത് ഉമർ(റ) കുട്ടികളുടെ ശിക്ഷണത്തിനുവേണ്ടിയും അവരുടെ ബുദ്ധി കൂർമ്മത മെച്ചപ്പെടുത്തു

ന്നതിനു വേണ്ടിയും തന്റെ ദർബാറിൽ അവരെയും വിളിച്ച് അഭിപ്രായം ആരായുമായിരുന്നു.

ഹദ്റത്ത് ഉമർ(റ) ബൈത്തുൽ മാലിന്റെ സമ്പത്ത് സംരക്ഷിക്കുന്നതിലും മേൽനോട്ടം വഹിക്കുന്നതിലും വളരെയധികം സൂക്ഷ്മത പുലർത്തിയിരുന്നു. ഒരിക്കൽ ഒരാൾ അദ്ദേഹത്തിന് ഒരു ഗ്ലാസ് പാല് കൊടുത്തു. അദ്ദേഹം അത് കുടിച്ചതിനു ശേഷം പാല് കൊടുത്ത ആളോട് ചോദിച്ചു: ഈ പാൽ എവിടെ നിന്നാണ് ? അദ്ദേഹം പറഞ്ഞു: ഇത് സക്കാത്തിന്റെ ഒട്ടകത്തിന്റെ പാലാണ്.

സകാത്തിന്റെ മുതൽ കുടിക്കുകയില്ല എന്ന് പറഞ്ഞു കൊണ്ട് ഉമർ തന്റെ കൈ വായിലിട്ട് ശർദിച്ച് അത് പുറംതള്ളി.

ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു രോഗത്തിന് പ്രതിവിധി ആയി തേൻ നൽകാൻ പറഞ്ഞു: ബൈത്തുൽ മാലിൽ തേൻ നിറച്ച പാത്രം ഉണ്ടായിരുന്നു. എന്നാൽ ഹദ്റത്ത് ഉമർ(റ) ജനങ്ങളുടെ അനുവാദമില്ലാതെ അത് എടുക്കുന്നത് നിഷിദ്ധമാണെന്നു പറയുകയുണ്ടായി.

ശക്തമായ ചൂടുള്ള ഒരു ഉച്ച സമയത്ത് പിന്നിലായിപ്പോയ രണ്ട് ഒട്ടകങ്ങളെ അവ എവിടെയെങ്കിലും നഷ്ടപ്പെട്ടെങ്കിലോ എന്ന് കരുതി ഉമർ(റ) സ്വയം അവയുടെ ആലയത്തിലേക്ക് തെളിച്ചു കൊണ്ടുവരുകയായിരുന്നു. യാദൃശ്ചികമായി ഇത് കണ്ട ഹദ്റത്ത് ഉസ്മാൻ(റ) പറഞ്ഞു: ഈ ജോലി ഞാൻ ചെയ്തു കൊള്ളാം. ഉമർ(റ) പറഞ്ഞു: നിങ്ങൾ സ്വസ്ഥമായി ഇരിക്കുക ഇത് എന്റെ ജോലിയാണ്. അത് ഞാൻ തന്നെ ചെയ്യുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു മുസ്‌ലിംകൾക്ക് സ്വത്തും മുതലും നൽകി, അന്തസ്സും പദവികളും നൽകി. പക്ഷെ അവർ ഇസ്‌ലാമിക അധ്യാപനങ്ങളിൽ നിന്ന് അശ്രദ്ധരായില്ല.

സഈദ് ബ്നു മുസയ്യിബ് വിവരിക്കുന്നു: ഒരു യഹൂദിയും മുസ്‌ലിമും തമ്മിൽ തർക്കമുണ്ടായി. സത്യം യഹൂദിയുടെ ഭാഗത്താണെന്നു കണ്ടപ്പോൾ ഉമർ(റ) അയാൾക്ക് അനുകൂലമായി വിധി പറഞ്ഞു.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: ഹദ്റത്ത് അംറ് ബ്നു ആസിന്റെ മകൻ മിസ്റിലെ ഒരാൾ ഓട്ടപ്പന്തയത്തിൽ തന്നെ മറികടന്നപ്പോൾ ചാട്ടകൊണ്ട് അടിച്ചു. മിസ്റിലെ അതേ വ്യക്തിയോട് തന്നെ ഉമർ(റ) അംറ് ബ്നു ആസിന്റെ മകനെ ചാട്ട കൊണ്ട് അടിക്കാൻ പറഞ്ഞു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ ഒരു വ്യക്തി ഉമർ(റ)നോട് പറഞ്ഞു: ഞങ്ങൾ താങ്കളിൽ എന്തെങ്കിലും വക്രത കണ്ടാൽ ഞങ്ങളുടെ വാളുകൊണ്ട് അത് നേരെയാക്കുന്നതാണ്. ഈ ഉമ്മത്തിൽ ഇങ്ങനെയും ആളുകളുണ്ടല്ലോ എന്ന് പറഞ്ഞുകൊണ്ട് ഉമർ(റ) അല്ലാഹുവിന് നന്ദി പറയുകയുണ്ടായി.

ഒരു സന്ദർഭത്തിൽ ഉമർ(റ) പറഞ്ഞു: എന്റെ ന്യൂനതകൾ കാണുമ്പോൾ അതിനെ പറ്റി എനിക്ക് അറിവ് നൽകുന്ന വ്യക്തിയെ ആണ് എനിക്ക് ഏറ്റവും ഇഷ്ടം.

ഹദ്റത്ത് ഉമർ(റ)ന്റെ ഒരു വാചകം ഇങ്ങനെ വിവരിക്കപ്പെടുന്നു. ഞാൻ തെറ്റ് ചെയ്യുകയും എന്നോടുള്ള ഭയം കാരണം ആരും എനിക്ക് ശരിയായ മാർഗം കാണിച്ചു തരാതിരിക്കുന്നതിനെ ഞാൻ ഭയപ്പെടുന്നു.

ഒരിക്കൽ ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. പൊതുജനങ്ങൾക്ക് മുമ്പാകെ ആഗതൻ പറഞ്ഞു. ഉമറെ! അല്ലാഹുവിനെ ഭയപ്പെടുക. ചില ആളുകൾ അയാളുടെ സംസാരം കേട്ട് വളരെ കോപാകുലരായി. അയാളെ നിശ്ശബ്ദനാക്കാൻ ആഗ്രഹിച്ചു. ഇത് കേട്ട് ഉമർ ആ വ്യക്തിയോടു പറഞ്ഞു: നീ എന്നിലുള്ള ന്യൂനത ചൂണ്ടിക്കാണിക്കുന്നില്ലെങ്കിൽ നിന്നിൽ ഒരു നന്മയുമില്ല. അതുപോലെത്തന്നെ ഞാൻ അത് കേൾക്കുന്നില്ലെങ്കിൽ എന്നിലും ഒരു നന്മയമില്ല. അതായത് ആ വ്യക്തിയോട് വെറുതെ ഓരോന്ന് പറയരുതെന്നും പറയാൻ ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കാനും പറഞ്ഞു.

ഹദ്റത്ത് ഉമർ(റ) മതപരമായ കാര്യങ്ങളിൽ ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് വളരെ ശ്രദ്ധാലുവായിരുന്നു.

അലക്സാൻഡ്രിയ വിജയത്തിന് ശേഷം യുദ്ധതടവുകാർക്ക് പൂർണ സ്വാതന്ത്ര്യം നൽകുകയുണ്ടായി. അവരോട് പറഞ്ഞു: അവർ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ മുസ്‌ലിംകളുടേതായ കടമകളും അതുപോലെ അവകാശങ്ങളും അവർക്കും ലഭിക്കുന്നതായിരിക്കും. തങ്ങളുടെ മതത്തിൽ തന്നെ തുടരാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് ജിസ്‌യ (കപ്പം) സ്വീകരിക്കുന്നതായിരിക്കും. ഇത് കേട്ട അനേകം യുദ്ധതടവുകാർ മുസ്‌ലിംകളായി.

ഒരിക്കൽ വൃദ്ധയായ ഒരു ക്രിസ്ത്യൻ സ്ത്രീക്ക് അവളുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുത്തതിന് ശേഷം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയുണ്ടായി. എന്നാൽ അതേ തുടർന്ന് ഉമർ(റ) ദൈവസമക്ഷം പശ്ചാത്തപിക്കുകയുണ്ടായി. കാരണം അവരുടെ ഇസ്‌ലാം സ്വീകരണം അവരുടെ നിസ്സഹായാവസ്ഥ കാരണത്താൽ ആകുമോ എന്ന ആശങ്ക അദ്ദേഹത്തിന് ഉണ്ടായി.

ഒരിക്കൽ തന്റെ ക്രിസ്ത്യാനിയായ ഒരു അടിമ അശഖിനോട് ഇസ്‌ലാം സ്വീകരിക്കാൻ പറയുകയുണ്ടായി. എന്നാൽ അവൻ അത് നിരസിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: لَآ اِكْرَاهَ فِي الدِّيْنِ അതായത് മതത്തിൽ ബലാത്കാരമില്ല. അദ്ദേഹത്തിന്റെ മരണം ആസന്നമായപ്പോൾ ആ അടിമയെ സ്വതന്ത്രനാക്കി.

ഹദ്റത്ത് ഉമർ മൃഗങ്ങളോടും വളരെ അനുകമ്പയോടെ പെരുമാറി

യിരുന്നു. ഒരു ഒട്ടകത്തിന്റെ പുറത്ത് മുറിവ് കണ്ടപ്പോൾ അതിനെ നോക്കിക്കൊണ്ട് പറഞ്ഞു: നിന്നെ സംബന്ധിച്ച് അല്ലാഹു എന്നെ ചോദ്യം ചെയ്തേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

ഒരിക്കൽ ഉമർ(റ)ന്റെ ഭൃത്യൻ യാത്രാമൃഗത്തിൽ അതിശീഘ്രം നാല് മൈലുകൾ സഞ്ചരിച്ച് മൽസ്യം കൊണ്ടു വന്നു. അദ്ദേഹം ആ സവാരിമൃഗത്തിന്റെ ശരീരത്തിലെ വിയർപ്പ് കണ്ടപ്പോൾ പറഞ്ഞു നീ എനിക്ക് വേണ്ടി ഒരു മൃഗത്തെ ബുദ്ധിമുട്ടിച്ചിരിക്കുന്നു. അദ്ദേഹം ആ മൽസ്യം കഴിച്ചില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു. ഹദ്റത്ത് ഉമർ(റ)നോട് ഒരു യഹൂദി പറഞ്ഞു: വിശുദ്ധ ഖുർആനിൽ ഒരു വചനമുണ്ട് അത് ഞങ്ങളുടെ ഗ്രന്ഥത്തിൽ അവതരിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ആ ദിവസം പെരുന്നാൾ ആഘോഷിക്കുമായിരുന്നു. ഉമർ(റ) ചോദിച്ചു: അത് ഏത് വചനമാണ്. അദ്ദേഹം പറഞ്ഞു: اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ (5:4) എന്ന വചനമാണ്. (അതായത് ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു.)

ഉമർ(റ) പറഞ്ഞു: അന്ന് ഞങ്ങൾക്ക് രണ്ട് പെരുന്നാൾ ആയിരുന്നു. ഒന്ന് ജുമുഅ ദിവസമായിരുന്നു. കൂടാതെ ആ വചനം അവതരിച്ചത് അറഫാ ദിനത്തിലായിരുന്നു.

ചില മഹാത്മാക്കൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ജനങ്ങൾ ഏതെങ്കിലും വിഷയത്തിൽ അഭിപ്രായ ഭിന്നതയിലായാൽ ഉമർ അക്കാര്യത്തിൽ എന്താണ് ചെയ്തിരുന്നത് എന്ന് നോക്കുക. കാരണം ഹദ്റത്ത് ഉമർ(റ) കൂടിയാലോചന ഇല്ലാതെ ഒരു കാര്യവും ചെയ്തിരുന്നില്ല.

ഹദ്റത്ത് ഖബീസ ബിൻ ജാബിർ പറയുന്നു: ഞാൻ അദ്ദേഹത്തെക്കാളും അധികമായി അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും അല്ലാഹുവിന്റെ ദീനിനെ മനസ്സിലാക്കുകയും അദ്ദേഹത്തെക്കാൾ നല്ല നിലയിൽ പാഠങ്ങൾ പകർന്നു നൽകുകയും ചെയ്യുന്ന ആളെ കണ്ടിട്ടില്ല.

ഹദ്റത്ത് ഹസൻ ബസ്വരി(റഹ്) പറയുകയുണ്ടായി: നിങ്ങൾ നിങ്ങളുടെ സദസ്സുകൾ സുഗന്ധപൂരിതമാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഉമർ(റ)നെ അധികമായി സ്മരിക്കുക.

മുജാഹിദിൽ നിന്നും നിവേദനം: ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ശൈത്താനുകൾ ബന്ധനസ്ഥരാക്കപ്പെട്ടിരുന്നു. അദ്ദേഹം ശഹീദായപ്പോൾ ശൈത്താനുകൾ ഭൂമിയിൽ തുള്ളിച്ചാടുവാൻ തുടങ്ങി.

അലി മുഹമ്മദ് സ്വലാബി പറയുന്നു: ഹദ്റത്ത് ഉമർ ഇസ്‌ലാമിക മൂല്യങ്ങൾ പ്രതിഫലിക്കുന്ന പദ്യങ്ങളാണ് ഇഷ്ടപ്പെട്ടിരുന്നത്. പ്രണയ കവിതകളിൽ ബഹുമാന്യരായ സ്ത്രീകളുടെ പേരുകൾ പരാമർശിക്കുന്ന രീതി ഉമർ(റ) നിർത്തലാക്കി. അതിന് കടുത്ത ശിക്ഷ നിശ്ചയിക്കുകയുണ്ടായി.

ഹദ്റത്ത് ഉമർ(റ)ന്റെ സവിശേഷതകളെയും സ്ഥാനത്തേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറയുന്നു: 'ചില പ്രവചനങ്ങൾ ഒറ്റത്തവണ മാത്രം പൂർത്തിയാവുമെന്നു പ്രതീക്ഷിക്കപ്പെടുന്നവയുണ്ട്. അത് ക്രമാനുഗതമായാണ് വെളിപ്പെടുക. അതല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന വെളിപ്പെടും. ഉദാഹരണത്തിന് കൈസറിന്റെയും കിസ്റയുടെയും ഖജനാവിന്റെ താക്കോൽ നബി(സ)യുടെ കൈകളിൽ വെച്ചതായി തിരുനബി(സ) ചെയ്ത പ്രവചനം. ആ പ്രവചനം പൂർത്തിയാവുന്നതിനു മുമ്പ് നബി(സ) വഫാത്തായവുകയുണ്ടായി. നബി(സ) കൈസറിന്റെയും കിസ്റയുടെയും ഖജനാവും അതിന്റെ താക്കോലും കണ്ടിരുന്നില്ല. എന്നാൽ അവ ഹദ്റത്ത് ഉമർ(റ)ന് കിട്ടണം എന്നതായിരുന്നു വിധി. കാരണം ഹദ്റത്ത് ഉമർ(റ)ന്റെ അസ്തിത്വം പ്രതിച്ഛായയെന്നോണം തിരുനബി(സ)യുടെ തന്നെ അസ്തിത്വമായിരുന്നു. അതുകൊണ്ട് വഹ്‌യുടെ ലോകത്ത് ഹദ്റത്ത് ഉമർ(റ)ന്റെ കൈകളെ റസൂലല്ലാഹ്(സ)ന്റെ കൈകളായി പ്രഖ്യാപിച്ചു.

വീണ്ടും പറയുന്നു: അല്ലാഹു ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ദുന്നൂറൈൻ (ഉസ്മാൻ)(റ) എന്നിവരെ ഇസ് ലാമിന്റെ കവാടങ്ങളുടെയും സൃഷ്ടികുലോത്തമനായ റസൂൽ(സ)യുടെ സൈന്യത്തിലെ മുന്നണിയിൽപെട്ടവരാക്കിയിരിക്കുന്നു. ആകയാൽ ആരെങ്കിലും അവരുടെ മഹത്വത്തെ നിഷേധിക്കുകയാണെങ്കിൽ അവരുടെ മോശം പര്യവസാനത്തെകുറിച്ചും അവരുടെ ഈമാൻ നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചും ഞാൻ ഭയപ്പെടുന്നു.

തീർച്ചയായും ഖുലഫാഉറാശിദീങ്ങൾ പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് നബി(സ)യെ അനുധാവനം ചെയ്ത കാരണത്താൽ ഉന്നതമായ സ്ഥാനത്ത് വിരാജിക്കുന്നു. അല്ലാഹു ഈ ലോകത്ത് മറ്റാർക്കും നൽകാത്ത എല്ലാം, അവർക്ക് അനുഗ്രഹിച്ചരുളിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശിയാക്കൾ കരുതുന്നത് അബൂബക്കർ സിദ്ദീഖും ഉമറും(റ) ഹദ്റത്ത് അലിയുടെയും ഫാത്തിമയുടെയും(റ) അവകാശങ്ങൾ ധ്വംസിച്ചുവെന്നും അവരെ ദ്രോഹിക്കുകയും ചെയ്തു എന്നുമാണ്. എന്നാൽ അങ്ങനെ കരുതുന്ന വ്യക്തി നീതിയെ കയ്യൊഴിഞ്ഞിരിക്കുന്നു, അക്രമത്തെ സ്നേഹിക്കുകയും, ദ്രോഹമാർഗം അവലംബിക്കുകയും ചെയ്തിരിക്കുന്നു. ഹദ്റത്ത് അബൂബക്റും, ഹദ്റത്ത് ഉമറും അവകാശങ്ങൾ നൽകുന്ന കാര്യത്തിൽ ഒരു കുറവും വരുത്തിയിരുന്നില്ല. അവർ തഖ്‌വയുടെ മാർഗം അവലംബിക്കുകയും നീതിയെ തങ്ങളുടെ ലക്ഷ്യമാക്കി വെക്കുകയും ചെയ്തു. അവർ

ശേഷം പേജ് 17 ൽ

# യേശു തിരിച്ചു വരികയാണെങ്കിൽ

യേശു വീണ്ടും അവതരിക്കുകയാണെങ്കിൽ ഉണ്ടാവുന്ന സങ്കീർണ പ്രശ്നങ്ങളെ ക്കുറിച്ച് ഖലീഫത്തുൽ മസീഹ് നാലാമൻ രസകരമായി വിവരിക്കുന്നു. (കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച.)

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഒരു മുസ്ലിം പ്രവാചകന്റെ വേഷത്തിൽ ഒരു ഇസ്രായേലി പ്രവാചകനെ അവതരിപ്പിക്കുന്നതിനുള്ള ശക്തമായ ഒരു തടസ്സമുണ്ട്. യേശു(അ)വിന്റെ ഭൂമിയിലെ അഭാവത്തിൽ റസൂൽ തിരുമേനി(സ)ക്കും യേശുവിനും ഒരേസമയം ഖുർആൻ അവതരിക്കാൻ സാധ്യമല്ല എന്ന കാര്യം മുസ്ലിം യഥാസ്ഥിതിക മതപുരോഹിതന് എങ്ങനെ മറക്കാൻ കഴിയും. ഈ വീക്ഷണകോണിലൂടെയുള്ള നിരീക്ഷണം മതപുരോഹിതൻമാർക്ക് ഉത്തരം പറയേണ്ട നിരവധി പ്രയാസകരമായ ചോദ്യങ്ങളുയർത്തും. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം അദ്ദേഹത്തിന്റെ മതപരിവർത്തനം തന്നെയാണ്. ഏറ്റവും വലിയ പ്രവാചകനായ റസൂൽ തിരുമേനി(സ) ഭൂമിയിൽ അവതരിച്ച കാര്യം അദ്ദേഹം ആരിൽ നിന്ന് എപ്പോഴാണ് അറിഞ്ഞത്? സത്യവിശ്വാസിയായതിന് ശേഷം മുഹമ്മദ് നബി(സ)യുടെ സത്യത്തിന് അദ്ദേഹം സാക്ഷ്യം വഹിച്ചുവോ? അദ്ദേഹം ബഹിരാകാശത്ത് വെച്ച് ഇസ്ലാം മതം സ്വീകരിച്ച പ്രഥമ വ്യക്തിയാണെങ്കിൽ ഖുർആനിൽ നിന്ന് ഒന്നുമറിയാത്ത അദ്ദേഹത്തിന് എങ്ങനെ ഇസ്ലാം മതം ആചരിക്കാൻ സാധിക്കും?

അതുപോലെ ഖുർആൻ പ്രധാന മാലാഖ ജിബ്രീൽ മുഖേന നേരിട്ടു ദൈവത്തിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചതാണെങ്കിൽ അത് സംബന്ധിച്ച വിശദീകരണമാണ് നൽകേണ്ടത്.

അദ്ദേഹത്തിന് ബഹിരാകാശത്ത് വെച്ചു തന്നെയാണ് ഖുർആൻ നൽകപ്പെട്ടതെങ്കിൽ അദ്ദേഹം തീർച്ചയായും മൂസാനബി(അ)ക്ക് ഹാറൂൺ നബി(അ)യെ പോലെ മുഹമ്മദ് നബി(സ)യുടെ ഒരു പങ്കാളി പ്രവാചകനായിരിക്കണം. രണ്ടു പേരും ഏകദേശം ഒരേ സ്ഥാനമായിരുന്നു അലങ്കരിച്ചിരുന്നത്. അദ്ദേഹത്തിന് ഖുർആൻ നേരിട്ട് പ്രധാന മാലാഖ വഴി പഠിപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഭൂമിയിലേക്ക് മടങ്ങുന്നതിന് മുമ്പുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ സ്വഭാവമെന്ത്? ഇസ്ലാമാണ് മനുഷ്യ വർഗ്ഗത്തിന്റെ അവസാനത്തെ വിശ്വമതം എന്ന് ദൈവം പ്രഖ്യാപിച്ചിട്ടും അദ്ദേഹം ഒരു ജൂത ക്രിസ്ത്യാനിയായി തന്നെ തുടരുകയായിരുന്നുവോ? ഈസാനബി(അ)യുടെ വിഷയം ഒരു അസാധാരണ സംഭവം എന്ന നിലക്ക് ഇസ്ലാം മതസ്ഥാപകനായ റസൂൽ തിരുമേനി(സ)യുടെ അവതരണത്തിന് ശേഷവും അദ്ദേഹത്തെ ഒരു അമുസ്ലിമായി തുടരുവാൻ അനുവദിക്കപ്പെട്ടിരുന്നുവോ? അല്ലായിരുന്നുവെങ്കിൽ യേശു(അ)വിന് കൂടി ഖുർആൻ ഏതെങ്കിലും വിധത്തിൽ വെളിപ്പെട്ടിരിക്കണം എന്ന യുക്തിപരമായ നിഗമനത്തിൽ എത്തിച്ചേരുന്നതിൽ നിന്നും ആർക്കും രക്ഷപ്പെടാൻ സാധ്യമല്ല.

പ്രധാന മാലാഖക്ക് പകരം റസൂൽ തിരുമേനി(സ) താൻ തന്നെ അദ്ദേഹത്തിന് സന്ദേശം എത്തിച്ചിരുന്നതായി മുല്ലമാർ അഭിപ്രായപ്പെടുമോ? റസൂൽ തിരുമേനി(സ) വിശുദ്ധ ഖുർആന്റെ സന്ദേശം തന്റെ അനുയായികൾക്ക് എത്തിച്ചത് യാതൊരു മധ്യവർത്തിയുടേയും സഹായമില്ലാതെയാണ്. പ്രധാന മാലാഖ അദ്ദേഹത്തിന് അവതരിപ്പിച്ചു കൊടുത്തതെന്താണോ അത് അദ്ദേഹം തന്റെ അനുചരൻമാർക്ക് നേരിട്ട് കൈമാറിയിരുന്നു. പക്ഷേ യേശു(അ) മധ്യകാല മുല്ലമാരുടെ അഭിപ്രായപ്രകാരം ആകാശത്തിലെവിടെയോ ഇരിക്കുകയാണ്. അദ്ദേഹത്തിന് റസൂൽ തിരുമേനി(സ)യുമായി നേരിട്ട് ബന്ധമൊന്നുമില്ല. ഇവിടെ രണ്ട് വഴികളാണ് അവശേഷിക്കുന്നത്. ഒന്നുകിൽ അദ്ദേഹം ഭൂമിയിലേക്ക് വരുന്നത് വരെ ഖുർആനിക വെളിപാടുകളെ സംബന്ധിച്ച് തീർത്തും അജ്ഞനായിരിക്കണം. അല്ലെങ്കിൽ ഖുർആൻ യേശു(അ)വിന് മാത്രമായി റസൂൽ തിരുമേനി(സ)യിൽ നിന്നുള്ള ഒരു സന്ദേശമായിക്കൊ

ണ്ട് അവതരിച്ചിരിക്കണം. പക്ഷേ എങ്ങനെയാണ് ആകാശത്തിരിക്കുന്ന യേശു (അ)വിന് ഈ സന്ദേശം പ്രധാന മാലാഖയുടെ സഹായം വീണ്ടുമില്ലാതെ എത്തിക്കുവാൻ സാധിക്കുക? ഈ ഭാവന അങ്ങേയറ്റം അപമാനകരമായും അറപ്പുളവാക്കുന്ന രീതിയിലും ഒരു വിശ്വാസിക്ക് ഒരു നിമിഷം പോലും വെച്ചു പൊറുപ്പിക്കാൻ കഴിയാത്ത വിധം അങ്ങനെ വികസിക്കുകയാണ്. ആലോചിച്ചു നോക്കൂ. പ്രധാന മാലാഖ ഖുർആൻ റസൂൽ തിരുമേനി(സ)ക്ക് അവതരിപ്പിച്ചു കൊടുക്കുന്നു. പിന്നീട് അത് യേശു(അ)വിന് എത്തിക്കുവാൻ റസൂൽ തിരുമേനി(സ)യോട് തിരിച്ചു ചൊല്ലി കൊടുക്കാൻ അഭ്യർത്ഥിക്കുന്നു. അതായത് റസൂൽ തിരുമേനി(സ)യിൽ നിന്നുള്ള ഒരു സന്ദേശം എന്ന നിലക്ക്, ദൈവത്തിൽ നിന്നുള്ളതല്ല.

യേശു(അ)വിന്റെ ഇസ്‌ലാം മതപരിവർത്തന വിഷയത്തിലേക്ക് തന്നെ നമുക്ക് മടങ്ങി വരാം. യേശുവിന് ഖുർആൻ യാതൊരു നിലക്കും വെളിപ്പെട്ടിരുന്നില്ല എങ്കിലും അദ്ദേഹം റസൂൽ തിരുമേനി(സ)യിൽ വിവരിക്കാൻ സാധ്യമല്ലാത്ത വിധം അവ്യക്തമായ രീതിയിൽ വിശ്വസിക്കുന്നുവെങ്കിൽ അദ്ദേഹത്തെ ഏറ്റവും നന്നായി വിശേഷിപ്പിക്കാൻ കഴിയുക മതം ആചരിക്കാത്തതും ഖുർആനികാദ്ധ്യാപനങ്ങൾ അറിഞ്ഞുകൂടാത്തതുമായ മുസ്‌ലിം എന്നാണ്. ലോകത്തെവിടെയുമുള്ള മുസ്‌ലിംകളിലെ സാമാന്യമായ ആൾകൂട്ടത്തെ അവർ അജ്ഞരാണെങ്കിലും അവരുടെ മതാചരണം അവർക്ക് ഇസ്‌ലാമിൽ നല്ലൊരു പദവി നൽകുന്നു. ഇത്തരത്തിലുള്ള ഒരു യേശു ഭൂമിയിലേക്ക് വരുന്നതിനെ എങ്ങനെ അക്കാലത്തെ മഹാൻമാരായ മുസ്‌ലിം പണ്ഡിതൻമാരും പുരോഹിതൻമാരും സ്വാഗതം ചെയ്യും? അദ്ദേഹത്തിന്റെ അജ്ഞതക്ക് ശമനം കണ്ടെത്താൻ ഒട്ടും സമയം കളയാതെ അദ്ദേഹം ഇമാം അൽ മഹ്ദിയുടെ സന്നിധിയിലേക്ക് കുതിക്കേണ്ടി വരുമോ? ഉടൻ തന്നെ ഇസ്‌ലാമതം സ്വീകരിക്കുന്ന അദ്ദേഹത്തിന് തമ്മിൽ ശണ്ഠ കൂടിക്കൊണ്ടിരിക്കുന്ന മുസ്‌ലിം കക്ഷികൾക്കിടയിൽ ന്യായം വിധിക്കാനുള്ള ന്യായാസനം വാഗ്ദാനം ചെയ്യപ്പെടുമോ? അത്യധികം സൂക്ഷ്മതയും പൂർണ്ണതയും ആവശ്യമായിരിക്കുന്ന അതീവ ഗൗരവമേറിയ ഈ ഉത്തരവാദിത്തം നിർവ്വഹിക്കാൻ വേണ്ടി അത്ര വേഗത്തിൽ അദ്ദേഹത്തെ ആര്, എപ്പോൾ ഇസ്‌ലാം മതം പഠിപ്പിക്കും?

മുസ്‌ലിം പുരോഹിതൻമാർ അദ്ദേഹത്തെ ഭൂമിയിൽ ഇറങ്ങുന്നതിന് മുമ്പ് ബഹിരാകാശത്ത് വെച്ചു തന്നെ ഒരു മുസ്‌ലിം പ്രവാചകനായി പുനർ ദൗത്യം ഏൽപിക്കണമെന്ന് ശഠിച്ചാൽ പിന്നെ, എങ്ങനെ അദ്ദേഹത്തെ ഇസ്‌ലാമിനു മുമ്പുള്ള ഒരു പഴയ പ്രവാചകനായി പരിഗണിക്കും?

നമുക്കൊരു നിഗമനത്തിലെത്തിചേരേണ്ടിയിരിക്കുന്നു. ഇസ്‌ലാമിന് മുമ്പുള്ള ഒരു കാലഘട്ടത്തിൽ നിന്നും ഒരു പ്രവാചകനെ കടം വാങ്ങുമ്പോൾ ഒന്നുകിൽ അദ്ദേഹത്തെ ബഹിരാകാശത്ത് വെച്ച് ഇസ്‌ലാമിലെ ഒരു മുസ്‌ലിം പ്രവാചകനായി പുനർ ദൗത്യം ഏൽപിക്കപ്പെടണം. അല്ലെങ്കിൽ അദ്ദേഹം ഭൂമിയിൽ ഇറങ്ങിയതിന് ശേഷം ഒരു മുസ്‌ലിം പ്രവാചകനായി പുനർനിയമനം ചെയ്യപ്പെടണം.

ഈ വിഭ്രമാത്മകമായ ആശയം എത്രതന്നെ പരസ്പര വൈരുദ്ധ്യങ്ങൾ ഉള്ളടങ്ങിയതും, മറ്റുള്ളവരുടെ സാമാന്യ യുക്തിയെ ചോദ്യം ചെയ്യുന്നതായാലും ശരി, യാഥാസ്ഥിതികരായ മത പൗരോഹിത്യത്തിന് അതിൽ കുലുക്കമില്ല. ദൈവിക പ്രവചനങ്ങൾ അവർ മനസ്സിലാക്കുന്നതിൽ യുക്തിയും കാര്യകാരണ ബന്ധവും യാതൊരു പങ്കും വഹിക്കുന്നില്ല. ഇസ്‌ലാമിന് അത് വരുത്തി വെക്കുന്ന നാശത്തെ കുറിച്ച് യാതൊരു ബോധവുമില്ലാതെ അവർ അത്തരം പ്രവചനങ്ങളിൽ അക്ഷരാർത്ഥത്തിൽ പിടിച്ചു തൂങ്ങുന്നു. ഈ മനോരോഗമാണ് കാര്യങ്ങൾ ഗ്രഹിക്കുന്നതിലും അവരുടെ പ്രതീക്ഷകളിലും ആഗ്രഹങ്ങളിലും കാണുന്ന ആശയക്കുഴപ്പങ്ങൾക്ക് മുഖ്യകാരണം.

അമുസ്‌ലിമായ ഒരു പ്രവാചകനെ ഇസ്‌ലാമിക പൂർവ്വകാലഘട്ടത്തിൽ നിന്നും കടം വാങ്ങുക എന്നത് പറയാനെളുപ്പമാണ്. ഇത് മുസ്‌ലിം മതപുരോഹിതൻമാർ കാണുന്നത് പോലെ ലാഭകരമായ കച്ചവടമല്ല. ഇത് ഭൂമിയിൽ ഇസ്‌ലാമിനകത്ത് ജനിച്ച ഒരു പ്രവാചകനെക്കാൾ മതപരിവർത്തനം ചെയ്ത് ഇസ്‌ലാമിലേക്ക് വന്ന ആകാശത്ത് നിന്നുള്ള ഒരു പ്രവാചകനോടുള്ള വിധേയത്വത്തെയാണ് കാണിക്കുന്നത്. മുസ്‌ലിം പുരോഹിതൻമാർ അപ്രകാരം ചെയ്യുന്നതിന് കാരണം യേശുവിന്റെ ഈ യക്ഷിക്കഥാകഥനം മുഖേന അവർക്ക് ധാരാളം മെച്ചങ്ങൾ ലഭിക്കാനുണ്ട്. ആകാശത്ത് നിന്നുള്ള സന്ദർശകൻ എന്ന നിലക്ക് അദ്ദേഹം പഴയത് പോലെ ഒരു സാധാരണ മനുഷ്യ പ്രവാചകനു തുല്യനായിരിക്കില്ല. എന്നാൽ പ്രവാചക ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തവിധം അദ്ദേഹത്തിന്റെ ഭൂസന്ദർശനത്തിന് മുമ്പായി തന്നെ അതിമാനുഷമായ നിരവധി കഴിവുകൾ അദ്ദേഹം സംഭരിച്ചിരിക്കണം.

യേശുവിന്റെ ഈ മിഥ്യാരൂപം തന്നെയാണ് അദ്ദേഹത്തിന്റെ പേരിലുള്ള അവരുടെ അക്ഷരാർത്ഥത്തിൽ തൂങ്ങിക്കൊണ്ടുള്ള പ്രവചനങ്ങൾ വമ്പിച്ച തോതിൽ പടച്ചു വിടാനുള്ള പ്രവണതയുടെ വ്യക്തമായ കാരണം. യുക്തിയും കാര്യകാരണ തത്വവും നിരാകരിക്കുന്ന വിഡ്ഢിത്തം കൊണ്ട് അവർ കൊടുക്കേണ്ടി വരുന്ന വിലയെ സംബന്ധിച്ച് അവർ ശ്രദ്ധിക്കുന്നില്ലെന്ന് വ്യക്തമാണ്. അവസാനകാലത്ത് ഇസ്‌ലാമിന്റെ നഷ്ട പ്രതാപങ്ങളും ബഹുമതികളും

വീണ്ടെടുക്കാനുള്ള ജോലി അവർ യേശുവിനെ ഏൽപിക്കുന്നു. അദ്ദേഹം ഏകനായിക്കൊണ്ടായിരിക്കും ദജ്ജാലി (അന്തി ക്രിസ്തു) നെതിരെ ആഗോള വ്യാപകമായി അതിശക്തമായ ഒറ്റക്കണ്ണുള്ള ഭീകര സത്വമായ ദജ്ജാലിനെ നിലം പരിശാക്കി നശിപ്പിച്ചതിന് ശേഷം യേശു ലോക ഭരണത്തിന്റെ താക്കോൽ ഇസ്ലാം മതവിശ്വാസികളെ ഏൽപിക്കും. മാത്രമല്ല അദ്ദേഹം സംഭരിക്കുന്ന അളവറ്റ ധനവും സമ്പത്തും വിതരണം ചെയ്യപ്പെടും. അങ്ങനെ ദജ്ജാലിനെതിരെയുള്ള യുദ്ധത്തിലൂടെ അദ്ദേഹം സംഭരിക്കുന്ന യുദ്ധ മുതലുകൾ ഉമ്മത്തിന്റെ കാൽകീഴിൽ കൊണ്ട് വന്ന് വെക്കും.

മുസ്ലിംകളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിച്ചതിന് ശേഷം മതവുമായി ബന്ധപ്പെട്ട പ്രവചനങ്ങളിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിയും. അദ്ദേഹം ക്രിസ്തു മതത്തിനെതിരെയുള്ള പ്രചണ്ഡമായ ആക്രമണം ആരംഭിക്കും. ലോകത്തുള്ള എല്ലാ കുരിശും അവ എന്ത് വസ്തുക്കളുപയോഗിച്ച് നിർമ്മിച്ചതാകട്ടെ അവ തകർക്കുക എന്നതായിരിക്കും അദ്ദേഹത്തിന്റെ യുദ്ധ തന്ത്രം. ഇതിനായി അദ്ദേഹം എല്ലാ കത്തീഡ്രലുകളും മൊണാസ്ട്രികളും പള്ളികളും ക്ഷേത്രങ്ങളും ആശ്രമങ്ങളും സന്ദർശിക്കും. എല്ലാ തെരുവുകളിലും പട്ടണങ്ങളിലും എല്ലാ ഇടവഴികളിലും കുരിശുമന്വേഷിച്ച് അദ്ദേഹം ചെന്നെത്തും. ഒരുപക്ഷേ സ്ത്രീകളായിരിക്കും അദ്ദേഹത്തിന്റെ ഈ സൂക്ഷ്മാന്വേഷണത്തിന്റെ ഇരകൾ. കാരണം സ്ത്രീകളാണ് അവരുടെ ആഭരണങ്ങളിലും മറ്റും കുരിശ് അടയാളപ്പെടുത്തി ധരിച്ചു നടക്കുന്ന ചീത്ത സ്വഭാവമുള്ളവർ എന്ന കാര്യം അദ്ദേഹം ശ്രദ്ധിച്ചിരിക്കും. സ്ത്രീകൾ അവരുടെ കഴുത്തിൽ കുരിശ് തൂക്കിയിട്ടിരിക്കുന്നതും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെടും. ആയതിനാൽ അദ്ദേഹം സ്ത്രീകളുടെ ഓരോ വളയും, ബ്രേസ്ലെറ്റും കുരിശടയാളമുള്ള തൂക്കിയും കമ്മലുമെല്ലാം തട്ടിപ്പറിച്ചു കൊണ്ടു പോകും. യേശു പോകുന്ന പാതയിൽ കൂടെ സ്ത്രീകളെങ്ങാനും കടന്നു പോകാൻ തുനിഞ്ഞാൽ അവർക്കാണ് കഷ്ടം. പക്ഷേ അവർക്ക് എവിടെ കയറി ഒളിക്കാനും രക്ഷപ്പെടാനും സാധിക്കും? പാവം നിസ്സഹായരായ നിർഭാഗ്യവതികൾ! അദ്ദേഹം എല്ലാ വീടുകളിലും കയറി എല്ലാ ആഭരണപ്പെട്ടികളും സൂക്ഷിപ്പു സ്ഥലങ്ങളും കുരിശിനു വേണ്ടി സർച്ച് ചെയ്യും. എല്ലാ ചുമരുകളും മൂലകളും അരിച്ചു പെറുക്കും അങ്ങനെ കുരിശ് അദ്ദേഹം അക്ഷരാർത്ഥത്തിൽ മുറിക്കുകയും ഭൂമുഖത്ത് നിന്ന് വിപാടനം ചെയ്യുകയും ചെയ്യും. ഈ ദൗത്യം ചെയ്തു തീർക്കുന്നത് വരെ അദ്ദേഹത്തിന് വിശ്രാന്തിയില്ല. ഇതാണ് മുസ്ലിം യാഥാസ്ഥിതിക മത പുരോഹിതൻമാർക്ക് യേശു ചെയ്യുന്ന ദൗത്യത്തെ സംബന്ധിച്ച ദർശനം. അത് മാത്രമല്ല, അങ്ങനെ അദ്ദേഹം ത്രിത്വത്തിന്റെ എല്ലാ അടയാളങ്ങളും തുടച്ചു നീക്കിയശേഷം പ്രവചന പ്രകാരമുള്ള മറ്റൊരു ദൗത്യത്തിലേക്ക് നീങ്ങുന്നതാണ്. തുടക്കത്തിൽ ലോകത്തുള്ള സർവ്വ അമുസ്ലിംകളെയും കൊന്നൊടുക്കുവാൻ അദ്ദേഹം ഒട്ടും സമയം കളയുകയില്ല. ഒന്നുകിൽ അവർ ഇസ്ലാമിലേക്ക് മതം മാറണം അല്ലെങ്കിൽ മരിക്കണം. അതായിരിക്കും അമുസ്ലിംകൾക്ക് തെരഞ്ഞെടുക്കാനുള്ള രണ്ടേ രണ്ട് മാർഗ്ഗങ്ങൾ. ഈ മനുഷ്യ കശാപ്പ് പരിപാടി അസാധാരണമായ മാർഗ്ഗത്തിലാണ് അദ്ദേഹം നിർവ്വഹിക്കുക. ഇതിഹാസങ്ങളിലെ വ്യാളിയെ പോലെ അദ്ദേഹം വായിലൂടെ തീ തുപ്പും. എന്നാൽ ലോകത്തിലുള്ള ഒരു ഇതിഹാസങ്ങളിലും അത്തരം ഒരു വ്യാളിയെ കാണുവാൻ സാധ്യമല്ല. ഏറ്റവും ഭീകരമായ യക്ഷികഥകളിൽ പോലും അത്തരത്തിലുള്ള ഒന്നുണ്ടാവില്ല. അദ്ദേഹത്തിന്റെ വായിൽ നിന്നും വമിക്കുന്ന അഗ്നിസ്ഫുലിംഗങ്ങളേറ്റ് മൈലുകൾക്കപ്പുറമുള്ള അനേകം അവിശ്വാസികൾ പോലും ചത്തൊടുങ്ങും. അദ്ദേഹത്തിന്റെ വാളിന്റെ പരിധിയിലുള്ള അവിശ്വാസികളുടെ ശിരസ്സ് ഉടലിൽ നിന്നറ്റ് നിലത്തുരുളും. അദ്ദേഹം വളരെ കൃത്യമായി ഈ അവിശ്വാസികളെ തിരിച്ചറിയും കാരണം അവരുടെ നെറ്റിയിൽ അൽ–കാഫിർ(അവിശ്വാസി) എന്ന് വലുതായി എഴുതി പതിച്ചിട്ടുണ്ടായിരിക്കും. ഈ വിധം അദ്ദേഹം മുസ്ലിംകളൊഴികെ ഒരാളെയും ജീവിക്കാനനുവദിക്കില്ല. തീർച്ചയായും ക്രിസ്ത്യൻ രഹിതമായ ലോകത്ത് പിന്നെ ഒരൊറ്റ കുരിശാരാധകരുമുണ്ടാവില്ല. അങ്ങനെ ഭാവനയിലുള്ള യേശുവിന്റെ അതുല്യമായ കൂട്ടക്കൊലപാതകങ്ങൾക്ക് തിരശ്ശീല വീഴും. ഭുവനം മുഴുക്കെ ദുർഗന്ധം കൊണ്ട് പൂരിതമാകും. ചീഞ്ഞളിഞ്ഞ ശവശരീരങ്ങളിൽ നിന്നും വമിക്കുന്ന ദുസ്സഹമായ ദുർഗന്ധം കൊണ്ട് നിറയും. ചിലർ കശാപ്പ് ചെയ്യപ്പെട്ടിരിക്കും. ചിലർ പൊള്ളലേറ്റായിരിക്കും മരിക്കുന്നത് വിദ്വേഷം അങ്ങനെ വിദ്വേഷത്തെ ജനിപ്പിക്കുന്നു. രക്തച്ചൊരിച്ചിൽ വീണ്ടും രക്തച്ചൊരിച്ചിലുണ്ടാക്കുന്നു.

യേശുവിന്റെ ഭൂമിയിലെ അവസാനത്തെ രക്തരൂക്ഷിതമായ പ്രവൃത്തി പന്നിവർഗ്ഗത്തെ നിഷ്കാസനം ചെയ്യുക എന്നതായിരിക്കും. പന്നികൾക്ക് യാതൊരു സ്ഥലവും നീക്കിവെക്കുന്നതല്ല. എല്ലാ ആൺ പന്നികളേയും പെൺ പന്നികളേയും അവയുടെ കുഞ്ഞുങ്ങളേയും വാളിനിരയാക്കും. കൈയ്യിൽ ഖഡ്ഗവും വായിൽ അഗ്നിയുമായി യേശു എല്ലാ പട്ടണങ്ങളും ഗ്രാമങ്ങളും, തെരുവുകളും, വീടുകളും പന്നിക്കൂടുകളും ആലകളും സന്ദർശിച്ച് ഒളിച്ചിരിക്കുന്ന എല്ലാ പന്നികളേയും തേടിപിടിക്കും. അദ്ദേഹം എല്ലാ കാട്ടു പ്രദേശങ്ങളും സന്ദർശിക്കും. ആഫ്രിക്കയിലെ കുറ്റിക്കാടുകളും അടിച്ചുമെതിക്കും. തെക്കൻ അമേരിക്കയിലെ മഴക്കാടുകളിലും പന്നിവേട്ടക്കിറങ്ങും. ചൈനയേയും ജപ്പാനേയും ഇതിൽ നിന്നൊഴിവാക്കില്ല.

പന്നിയിറച്ചി വളരെ പ്രിയപ്പെട്ടതായി കരുതുന്ന തെക്കൻ പെസഫിക്കിലെ ദ്വീപുകളിൽ പന്നിയെ അദ്ദേഹം അറിച്ചു പെറുക്കും.

മനുഷ്യ ചരിത്രത്തിൽ മറ്റൊരു പ്രവാചകനും ചെയ്യാത്ത രക്തരൂക്ഷിതവും വൃത്തികെട്ടതുമായ കാര്യങ്ങളാണ് യേശുവിൽ മുസ്‌ലിം യഥാസ്ഥിതികത്വം ദർശിക്കുന്നത്. ഇതാണ് റസൂൽ തിരുമേനി(സ)യുടെ അഗാധമായ ജ്ഞാനത്തോട് മുസ്‌ലിം മതപുരോഹിതൻമാർ ചെയ്തു വെച്ചത്. അക്ഷരങ്ങളുടെ കൂടുകൾ പൊളിച്ച് അതിലെ പ്രവചനങ്ങളുടെ ആത്മാവിലേക്കും ചൈതന്യത്തിലേക്കും ചുഴിഞ്ഞിറങ്ങാൻ അവർക്ക് കഴിയുന്നില്ല.

ഈ പ്രവചനത്തിലെ വാഗ്ദത്ത യേശു(അ)വിന്റെ യഥാർത്ഥ പ്രവൃത്തി മനുഷ്യ സമൂഹത്തെ മനുഷ്യത്വ രഹിതമായ സ്വഭാവങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുക എന്നതാണ്. പന്നിയുടെ പ്രതീകം അത്തരം തിന്മകളെയാണ് പ്രതിനിധീകരിക്കുന്നത്. ഇവിടെ ധാരാളം പക്ഷികളും മൃഗങ്ങളും അവയുടെ നിലനിൽപ്പിന് വേണ്ടി പഴങ്ങളും കർഷകന്റെ അദ്ധ്വാനവും കവർന്നെടുക്കാറുണ്ട് അത് അവയുടെ ജീവൻ നിലനിർത്താൻ വേണ്ടിയാണ്. എന്നാൽ ആ ജീവികളൊന്നും തന്നെ ധാന്യങ്ങളും ചെടികളും വെറുതെ രസത്തിനു വേണ്ടി നശിപ്പിക്കാറില്ല. എന്നാൽ പന്നി അവയിൽ നിന്നെല്ലാം വേറിട്ടു നിൽക്കുന്നു. അതിന് ഇത്തരത്തിലുള്ള നശീകരണ പ്രവണതയുണ്ട്. പന്നികൾക്ക് അതിന്റെ കുഞ്ഞുങ്ങളുടെ ശവങ്ങൾ ഭക്ഷിക്കുക എന്ന കുപ്രസിദ്ധമായ ഗുണം കൂടിയുണ്ട്. കടൽ ജീവികളല്ലാതെ മറ്റൊരു ജീവിയും അതിന്റെ കുഞ്ഞുങ്ങളെ ചത്തുകഴിഞ്ഞാൽ ഭക്ഷിക്കാറില്ല. രക്തദാഹിയായ സിംഹമാകട്ടെ ക്രൂരനായ ചെന്നായയാകട്ടെ അതിന്റെ വർഗ്ഗത്തിൽപ്പെട്ട ജീവി മരിച്ചു കിടക്കുമ്പോൾ അത് പട്ടിണി കിടന്ന് ചത്താലും അതിന്റെ മാംസം തിന്നുന്നതിനെ പറ്റി സ്വപ്നം കാണുക പോലും ചെയ്യില്ല. അതുപോലെ പട്ടികൾ ഒരിക്കലും അതിന്റെ കുഞ്ഞുങ്ങൾ ചത്താൽ അതിന്റെ മാംസം ഭക്ഷിക്കാറില്ല. ആൺ പന്നിയാകട്ടെ അവ രണ്ടും സസ്യഭുക്കുകളാണെന്ന് നാം ഓർക്കണം. പക്ഷേ ചില പൈശാചികമായ പ്രേരണകളാൽ അവ തങ്ങളുടെ കുഞ്ഞുങ്ങൾ ചത്താൽ അതിന്റെ മാംസം രുചിച്ചു നോക്കും. അതുകൊണ്ട് വാഗ്ദത്ത മസീഹ് പന്നിയെ കൊല്ലും എന്ന പ്രവചനത്തിലടങ്ങിയ സന്ദേശം വളരെ പ്രകടമാണ്. മനുഷ്യനിലെ തലതിരിഞ്ഞ വൈകൃത സ്വഭാവങ്ങൾക്കെതിരെയുള്ള വിശുദ്ധയുദ്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. അതായത് കൂട്ടകൊല നടത്താനും ദുർബലരുടെ അവകാശങ്ങൾ കവർന്നെടുക്കാനുമുള്ള മനുഷ്യന്റെ പ്രവണതയെപ്പറ്റി പന്നികൾ സ്വന്തം കുഞ്ഞുങ്ങളുടെ മാംസം ഭക്ഷിക്കുന്ന സ്വഭാവമുള്ള ജന്തുവാണ്. ആധുനിക കാലത്ത് കുട്ടികളെ ദുരുപയോഗിക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. സ്വന്തം കുട്ടികൾക്കെതിരെയോ അല്ലെങ്കിൽ മറ്റു കുട്ടികൾക്കെതിരെയോ ആണ് മനുഷ്യൻ ഇങ്ങനെ പെരുമാറുന്നത്. രണ്ടായാലും ഇത് പന്നിയുടെ സ്വഭാവമാണ്. ആധുനിക കാലത്ത് സമൂഹത്തിൽ ഈ വിഷയം ഒരു പൊതു സംസാരമായി മാറിയിരിക്കുന്നു. അതിന് കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ല. മറ്റു വേറൊരു മൃഗത്തേയും മനുഷ്യന്റെ ഈ പൈശാചിക കൃത്യവുമായി താരതമ്യം ചെയ്യാനാകില്ല.

തിന്മകൾക്കെതിരെയുള്ള യുദ്ധം എപ്പോഴും പ്രവാചകൻമാരുടെ പ്രവൃത്തിയാണ്. അപ്രകാരം യേശു ക്രിസ്തു (അ)വും അദ്ദേഹത്തിന്റെ രണ്ടാം വരവും ആലങ്കാരികാർത്ഥത്തിൽ മനസ്സിലാക്കുകയാണെങ്കിൽ ഇതിൽ യാതൊരു വൈചിത്ര്യവുമില്ല. അത്തരത്തിൽ ഒരാളായ യേശുവിനെ മുസ്‌ലിം പുരോഹിതൻമാർ ബിംബവത്ക്കരിച്ചിരിക്കുകയാണ്. അദ്ദേഹത്തെ അവർ അക്ഷരാർത്ഥത്തിൽ പന്നിയെ കൊല്ലുന്ന ആളായി ചിത്രീകരിക്കുന്നു. ഇതിൽ എന്താണ് അവർക്ക് കാത്തിരിക്കാനും സ്വാഗതം ചെയ്യാനുമുള്ളത്. ഈ കണ്ണിലുണ്ണി വന്ന് മൃഗലോകത്ത് നിന്നും പന്നികളെ വേട്ടയാടി നശിപ്പിക്കുന്ന മഹാദൗത്യം നിർവ്വഹിക്കുമ്പോൾ തീർച്ചയായും അദ്ദേഹം അഭിനന്ദിക്കപ്പെടുന്നു. അപ്രകാരമാണ് ഈ ഭൂഗോളത്തിൽ വന്ന് തന്റെ ഉജ്ജ്വലമായ അന്ത്യദിവസങ്ങൾ ചിലവഴിക്കുമ്പോൾ അദ്ദേഹത്തിന് സമുചിതമായ ആദരാഭിനന്ദനങ്ങൾ നൽകപ്പെടുക!!

*കർത്താവായ യേശുവിന് സ്തുതിയായിരിക്കട്ടെ* കടലിനു മുകളിലും കരക്ക് മുകളിലും, താഴ്വാരകൾക്ക് മുകളിലും ഈ സ്തുതി വചനം മുഴങ്ങും. മനുഷ്യരുടെ കൂട്ടഹത്യക്കുള്ള മണിയടി പള്ളി മണികളിൽ നിന്നായിരിക്കില്ല മുഴങ്ങുക. മിനാറങ്ങളിൽ നിന്നും മുഹസ്സിന്റെ (ബാങ്കു കൊടുക്കുന്നയാൾ) നിലവിളി ദൂരദൂര ദിക്കുകളിൽ കേൾക്കുമാറാകും. *'അല്ലാഹു അക്ബർ' 'അല്ലാഹു അക്ബർ' ദൈവമാണ് മഹാൻ, ദൈവമാണ് മഹാൻ, രക്ഷകനായ നമ്മുടെ യേശുവിന് സ്തുതിയായിരിക്കട്ടെ.*

അവസാനം ഭൂമിയിൽ നിന്നും വിട പറയുന്നതിനു മുമ്പായി മറ്റൊരു കൃത്യം കൂടി അദ്ദേഹത്തിന് ചെയ്തു തീർക്കാനുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അദ്ദേഹത്തിന് മുല്ലമാരുടെ സഹായം ആവശ്യമുണ്ട്. അതുവരേയുള്ള യേശുവിന്റെ പ്രവർത്തനങ്ങൾ മുല്ലമാരെ സഹായിക്കാനുള്ളതായിരുന്നു. ഇത്തവണ മുല്ലമാരെ ഒരിക്കലെങ്കിലും യേശുവിനെ സഹായിക്കാനനുവദിക്കുക! യേശുവിന്റെ ആഗോള പരാക്രമവിജയങ്ങൾക്ക് ശേഷം മുല്ലമാർ അദ്ദേഹത്തെ വിവാഹം കഴിപ്പിക്കുക എന്ന പ്രവൃത്തിയിൽ സഹായിക്കുന്നതായിരിക്കും, അത്യുഗ്രമായ കൂട്ട നശീകരണത്തിന്റേയും രക്തച്ചൊരിച്ചിലിന്റേയും പാതകൾ താണ്ടിയ ശേഷം വിവാഹം അദ്ദേ

ഹത്തിൽ അത്ര സ്വാഗതാർഹമായ മാറ്റം ഉണ്ടാക്കിയില്ലെന്ന് വരും.

ഈ പ്രവചനങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള സാക്ഷാത്ക്കാരത്തെ പറ്റി ഗൗരവപൂർണ്ണമായ എന്തെങ്കിലും ശ്രദ്ധ മുല്ലമാർക്കുണ്ടെങ്കിൽ, യേശുവിൽ സന്താനലബ്ധിയുണ്ടാവുന്ന ഉന്നത ഗുണസമ്പന്നയായ ഒരു മുസ്‌ലിം കന്യകയെ അവർ കണ്ടെത്തേണ്ടതുണ്ട്. അങ്ങനെ യേശു വിവാഹിതനാവാൻ പോവുന്നു! ചില ബഹുമാന്യരായ മുല്ലമാർ വിവാഹത്തെക്കുറിച്ച് വായിച്ചറിഞ്ഞിട്ടുണ്ടാകണം. യേശുവിന് തന്റെ മകളെ നൽകാൻ സമ്മതിച്ച പ്രതിശ്രുത വധുവിന്റെ പിതാവി(ശ്വശുരൻ)നോട് വിവാഹഘോഷത്തെ സംബന്ധിച്ച് ആ ബഹുമാനപ്പെട്ട മുല്ലാക്കൾ കാര്യങ്ങൾ അന്വേഷിച്ചറിയുന്നു. അദ്ദേഹത്തിന്റെ സമ്മതത്തിന് ശേഷം യേശുവിന്റെ ഊഴമാണ്. അങ്ങനെ നിർദ്ദിഷ്ട വിവാഹം ഉറപ്പിക്കപ്പെടുന്നു. എന്തൊരു മംഗളകരമായ മുഹൂർത്തം! എന്തൊരു ഹർഷോന്മാദം!

രണ്ടായിരത്തിലധികം കൊല്ലത്തെ അവിവാഹിത ജീവിതത്തിന് ശേഷം അദ്ദേഹം എഴുന്നേറ്റു നിന്നു സമ്മത ഭാവത്തിൽ തലയാട്ടുന്നു: *'അതേ എനിക്ക് സമ്മതമാണ്! അല്ലയോ പ്രിയപ്പെട്ട മുല്ലാ! അതേ എനിക്ക് സമ്മതമാണ്.'* ഇതിനേക്കാൾ ഉന്നതമായ രീതിയിൽ യേശുവിന്റെ മഹാപരാക്രമ വിജയം ആഘോഷിക്കാനുണ്ടോ! കിഴക്ക് മുതൽ പടിഞ്ഞാറ് വരേയും വടക്ക് മുതൽ തെക്ക് വരേയും അദ്ദേഹത്തിന് സ്തുതികൾ ആലപിച്ചു കൊണ്ട് കീർത്തനങ്ങൾ ഉയരും. മധുര മനോജ്ഞമായ വിവാഹഗാനങ്ങൾ കൊണ്ട് അന്തരീക്ഷം മുഖരിതമാകും. അതിന് ശേഷം അദ്ദേഹത്തിനുണ്ടാകുന്ന അനുഗ്രഹീതമായ ആദ്യത്തെ കുഞ്ഞിനും തുടർന്ന് ആണും പെണ്ണുമായി വരുന്ന കുഞ്ഞുങ്ങൾക്കും വേണ്ടി ഉദ്വേഗജനകമായ കാത്തിരിപ്പായിരിക്കും.

രണ്ടായിരവും അതിലധികവും പ്രായമുള്ള യേശു സന്താനങ്ങളെ ഉൽപാദിപ്പിക്കുന്നതിലൂടെ അദ്ദേഹം എക്കാലത്തേക്കാളും മഹത്തായ ഒരു ദിവ്യാത്ഭുതമായിരിക്കും നിർവ്വഹിക്കുന്നത്. അദ്ദേഹത്തിന്റെ ആത്മാവ് എക്കാലത്തും ശക്തമായിരുന്നു. ശക്തിയിൽ അദ്ദേഹത്തിന്റെ ശരീരവും ഒട്ടും പിന്നിലല്ല എന്ന് ഇത് തെളിയിക്കുന്നു. തീർച്ചയായും എന്തൊരു ദിവ്യാത്ഭുതം! സുദീർഘമായ കാലഘട്ടം അദ്ദേഹത്തെ കൂടുതൽ ശക്തനാക്കിയിരിക്കുന്നു. യൗവന യുക്തമായ പ്രഥമ സന്ദർശക ഭൂമിയിൽ വെച്ച് തന്നെ തന്റെ വാർദ്ധക്യമെല്ലാം കുഴിച്ചു മൂടപ്പെട്ടിരിക്കുന്നു. അവസാനം മരണത്തിന്റെ നാഴിക വന്നെത്തുന്നു. എന്തൊരു അസൂയാർഹമായ മരണമായിരിക്കുമത്! അദ്ദേഹം ജനിച്ച ദിവസം അനുഗ്രഹീത പൂർണ്ണമായിരുന്നു. മരിക്കുന്ന രീതിയും അനുഗ്രഹീതമായിരിക്കും.

ഇതാണ് യേശുവിന്റെ ഐന്ദ്രജാലികമായ കഥ. ഇതാണ് മുല്ലമാർ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നൽകുന്ന എല്ലാ മദ്രസകളിലും തങ്ങളുടെ വിദ്യാർത്ഥികളോട് നിരന്തരം പറഞ്ഞു കൊണ്ടിരിക്കുന്നത്. വർഷങ്ങൾക്ക് പിറകെ വർഷങ്ങളായി തലമുറകൾക്ക് പിറകെ തലമുറകളോട് അവർ ഇത് പറഞ്ഞു കൊണ്ടേയിരിക്കുന്നു.

ചിന്താശൂന്യരും ഭൗതിക പ്രമത്തരുമായ മുല്ലമാർ ദൈവികമായ ഈ പ്രവചനത്തിന്റെ രൂപം തന്നെ മാറ്റി മറിച്ചു കളഞ്ഞു. ഇതിനേക്കാൾ ഭീഭത്സമായ ഒരുദാഹരണം മുഴുവൻ മതചരിത്രത്തിലും നമുക്ക് കാണാൻ സാധ്യമല്ല. ഇത് മുസ്‌ലിം പുരോഹിതൻമാർക്ക് മാത്രമുള്ള ഒരു സവിശേഷ സ്വഭാവമല്ല. എവിടെ എപ്പോഴെല്ലാം മതപുരോഹിതൻമാർ മതവ്യവസ്ഥയുടെ നേതൃത്വം ഏറ്റെടുത്തിട്ടുണ്ടോ അവരെല്ലാം യാഥാർത്ഥ്യങ്ങളെ കെട്ടുകഥയായും സത്യത്തെ മിത്തുകളായും മാറ്റിയിട്ടുണ്ട്. സാമാന്യ ബുദ്ധിയും യുക്തി ബോധവുമില്ലാത്തവരും ന്യായത്തെ ന്യായക്കേടിൽ നിന്ന് തിരിച്ചറിയാൻ ശേഷിയില്ലാത്തവരുമായ മതനേതൃത്വത്തെ തങ്ങളുടെ വിശ്വാസം ഏൽപിച്ചു കൊടുക്കുന്ന സാധാരണക്കാരൻ നൽകേണ്ട വില ഇതാണ്. അവർ എന്തെല്ലാം കച്ചവടം നടത്തിയാലും അവരുടെ ചരക്കിൽ യുക്തി എന്ന ഒരു സാധനമുണ്ടാവില്ല.

മുസ്‌ലിം പുരോഹിതൻമാരുടെ ഈ നില തന്നെയാണ് ലോകത്തിലുള്ള എല്ലാ മതനേതാക്കൻമാരുടേയുമെന്നതാണ് ഏറ്റവും ദുരന്തപൂർണ്ണമായ സംഗതി. ഇസ്‌ലാമിന്റെ അന്തിമ വിജയത്തെക്കുറിച്ച് തെറ്റായ വ്യാഖ്യാനങ്ങളിൽ അവർ പടുത്തുയർത്തിയിരിക്കുന്ന വൃഥാ പ്രതീക്ഷകൾ മരീചികയും മിഥ്യയുമായി മാറിയിരിക്കുന്നു. യാതൊരു മതവ്യവസ്ഥക്കും നേതൃത്വം കൊടുക്കാൻ അവർ യോഗ്യരല്ല! പഴയതാവട്ടെ പുതിയതാവട്ടെ ദൈവമയച്ച ഒരു പ്രവാചകനേയും പിന്തുടരാനും അവർക്ക് അർഹതയില്ല.

യേശുവിന്റെ ശക്തികൊണ്ടാണ് ഇസ്‌ലാമിന് അന്തിമ വിജയം കൈവരിക എന്ന മുല്ലമാരുടെ ദർശനം, ഇസ്‌ലാമിന്റെ വിജയത്തിനായുള്ള അന്തിമസമരത്തിലെ പങ്കാളിത്തത്തിൽ നിന്നും അവരെ ഒഴിച്ചു നിർത്തുന്നു. സത്യത്തിൽ അവർക്ക് വേണ്ടത് ഒരു പ്രവാചകനെയല്ല. ഒരു അടിമയാക്കപ്പെട്ട ഒരു ഭൂതത്തെയാണ്. അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ചുള്ള ഇത്തരത്തിലുള്ള ഒരു ഈസാനബി അഥവാ യേശു ഇതിനു മുമ്പുള്ള പ്രവാചക സമൂഹങ്ങളിൽ ഒരിക്കലും കണ്ടെത്തുകയില്ല. വിശുദ്ധ ഖുർആനിലോ മറ്റേതെങ്കിലും മതഗ്രന്ഥങ്ങളിലോ ജനങ്ങളെ വെറുതെ ഇരുത്തി അവർക്ക് മേധാവിത്വം സ്ഥാപിക്കാൻ വേണ്ടി ഒറ്റക്ക് പോരാടുന്ന ഒരു പ്രവാചകനെ കാണുവാൻ സാധ്യമല്ല. ഇതായിരുന്നു മോസസി (അ)നോട് ജൂതൻമാർ ആവശ്യപ്പെട്ടതും, നിരാകരിക്കപ്പെട്ടതും. ചോരയും വിയർപ്പും ചീന്താതെ ഏതെങ്കിലും ഒരു മതത്തിന് അന്തിമ വിജയം ലഭിക്കുമെങ്കിൽ പിന്നെ

ത്യാഗം ചെയ്യാൻ വേണ്ടി നിരന്തരം ആവശ്യപ്പെടുന്ന ഒരു പ്രവാചകന് എവിടെയാണ് സ്ഥാനം? അവരുടെ ഭാവനയിലുള്ള അതിശയകരമായ കഴിവുകളുള്ള യേശു, ഒരു ദൈവിക പരിഷ്കർത്താവ് എന്നതിനേക്കാൾ ഒരു ജിന്ന് എന്ന നിലക്കാണ് യോജിക്കുക. വാസ്തവത്തിൽ അവരുടെ യഥാർത്ഥ വിഷയം, പഴയതോ പുതിയതോ ആയ പ്രവാചകനെ സംബന്ധിച്ചുള്ളതല്ല. അത് സർവ്വംസാധ്യമായ ഒരു ജിന്നോ, പ്രവാചകനോ എന്നത് സംബന്ധിച്ചാണ്. അറബി ക്ലാസിക്ക് സാഹിത്യമായ *ആയിരത്തൊന്ന് രാവിലെ* കഥയെ അനുസ്മരിപ്പിക്കുന്നതാണ് അവരുടെ സമീപനം.

ആ കഥ ഇങ്ങനെയാണ്. ഒരിക്കൽ ഒരു വഴിവാണിഭക്കാരന്റെ വേഷത്തിൽ ഒരു മാന്ത്രികൻ ബാഗ്ദാദിലെ തെരുവുകളിൽ 'പഴയ വിളക്കിനു പകരം പുതിയ വിളക്ക്', 'പഴയ വിളക്കിനു പകരം പുതിയ വിളക്ക്' എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു കൊണ്ട് അലഞ്ഞു നടക്കുകയായിരുന്നു: തെരുവിലെ വീടുകളിലെ എല്ലാ വീട്ടമ്മമാരും അവരുടെ പഴയ വിളക്കിന് പകരം പുതിയ വിളക്ക് വാങ്ങുവാൻ വേണ്ടി വാതിൽക്കലേക്ക് കുതിച്ചു വന്നു. തീർച്ചയായും വളരെ ആഹ്ളാദകരമായ മാറ്റ കച്ചവടമായിരുന്നു അതെന്ന് അവർ വിചാരിച്ചു. അങ്ങനെ വിചാരിക്കുക സ്വാഭാവികമാണല്ലോ. എന്നാൽ അക്കൂട്ടത്തിലൊരു വീട്ടമ്മയുടെ പഴയ വിളക്ക് ഒരു സാധാരണ വിളക്കല്ലായിരുന്നു. കപടവേഷക്കാരനായ കച്ചവടക്കാരന് വിളക്ക് കൊടുത്തതിന് ശേഷമാണ് വീട്ടമ്മക്ക് വിളക്കിന്റെ അത്ഭുതസിദ്ധിയെപ്പറ്റി അറിയാൻ കഴിഞ്ഞത്. അവൾ കൊടുത്ത പഴയ വിളക്കിനകത്ത് അപരിമിതമായ ശക്തിയുള്ള ഒരു ഭൂതത്തെ അടക്കം ചെയ്തിരുന്നു. ജിന്നിനെ അടക്കം ചെയ്ത ആ വിളക്കിന്റെ ഉടമ ആ ജിന്നിന്റെ യജമാനനാവും എന്നതിനെ സംബന്ധിച്ച് അവൾക്ക് യാതൊന്നുമറിയില്ലായിരുന്നു. കപട വേഷമണിഞ്ഞ മാന്ത്രികനായ വഴിവാണിഭക്കാരന് യഥാർത്ഥത്തിൽ വിളക്കിലായിരുന്നില്ല താൽപര്യം അതിലടക്കം ചെയ്ത ഭൂതത്തിലായിരുന്നു താൽപര്യം. ജിന്നിന്റെ കഴിവുകളെ പറ്റി അറിഞ്ഞിരുന്നെങ്കിൽ ആ ജിന്നിനെ അടക്കം ചെയ്ത പഴയ വിളക്കിനു പകരം ഒരു കോടി പുതിയ വിളക്കുകൾ നൽകിയാലും അതൊന്നുമായിരുന്നില്ല.

യഥാർത്ഥത്തിൽ മുല്ലമാർക്ക് മുഹമ്മദ് നബി (സ) യുടെ പ്രകാശത്താൽ കത്തുന്ന പുതിയ വിളക്കിനോടോ മൂസാ നബി(അ)യുടെ ഉമ്മത്തിന്റെ പഴയ വിളക്കിനോടോ താൽപര്യമില്ല. അവർക്ക് ഐന്ദ്രജാലിക ശക്തികളുള്ള തങ്ങളുടെ ഭാവനാ സൃഷ്ടിയായ യേശുവിലാണ് താൽപര്യം. പ്രവാചകത്വത്തിന്റെ ദിവ്യവെളിച്ചം അവരെ സംബന്ധിച്ചേടത്തോളം യാതൊന്നുമല്ല. അവർ ശ്രദ്ധിക്കുന്നതൊന്നും പ്രവാചകത്വത്തിലേക്കല്ല അവർക്ക് ആവശ്യമുള്ളതും ഒരു പ്രവാചകനെയല്ല. അവർക്ക് വേണ്ടത് ലൗകികതയുടെ സമ്പത്തും അതിന്റെ വിലപേശലുകളിലേക്കും അവരെ നയിക്കുന്ന അടിമയായ രാക്ഷസഭൂതത്തെയാണ്.

രാഷ്ട്രീയവും സാമ്പത്തികവുമായ മേധാവിത്വമാണ് അവരുടെ ഒടുങ്ങാത്ത അഭിലാഷം. അതിനാകട്ടെ അവർക്ക് യാതൊരു സന്നാഹങ്ങളുമില്ല. അവർ പരിശീലിക്കപ്പെട്ട ഒരേയൊരു സംഗതി മുസ്ലിമിന്റെ രക്തം ചിന്തുക എന്നത് മാത്രമാണ്. മുസ്ലിംകളുടെ കത്തി കൊണ്ട് തന്നെ മറ്റു മുസ്ലിംകകളെ കശാപ്പ് ചെയ്യൽ മാത്രമാണ് അവർ പഠിച്ച ഒരേയൊരു പണി.

ഏതെങ്കിലും ഒരു മുസ്ലിം രാജ്യത്ത് രക്തരൂക്ഷിത വിപ്ലവം സൃഷ്ടിക്കുന്ന മുല്ലാഭരണം (Mullachcracy) മറ്റുള്ളവരെയാരെയും വഴി തെറ്റിക്കുന്നില്ല. അത് യാതൊരു തരത്തിലും ലോകത്തിലെ ശാക്തിക സന്തുലനത്തെ ബാധിക്കില്ല. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയില്ലാതെയും, തങ്ങളുടെ സമ്പദ്ഘടനയെ ഉജ്ജീവിപ്പിക്കാതെയും വ്യവസായങ്ങളെ വിപ്ലവകരമായി നവീകരിക്കാതെയും ഉന്നതമായ സാങ്കേതിക വിദ്യകളാൽ നവീകരിക്കപ്പെട്ട സൈനിക സാമഗ്രികളില്ലാതെയും നിലവിലുള്ള ശാക്തിക സന്തുലനത്തെ മാറ്റിത്തിരുത്താമെന്ന വ്യാമോഹത്താൽ ആഗോള വൻശക്തികളെ വെല്ലു വിളിക്കുന്നത് ശുദ്ധ ഭ്രാന്താണ്. എന്തൊരൽപത്തരമാണിത്. അവർക്ക് ഒരിക്കലെങ്കിലും അവരുടെ ഈ ലക്ഷ്യം പ്രാപിക്കാൻ സാധിക്കുമോ?

യഥാർത്ഥത്തിൽ മുല്ലമാർക്ക് മുഹമ്മദ് നബി (സ) യുടെ പ്രകാശത്താൽ കത്തുന്ന പുതിയ വിളക്കിനോടോ മൂസാ നബി(അ)യുടെ ഉമ്മത്തിന്റെ പഴയ വിളക്കിനോടോ താൽപര്യമില്ല. അവർക്ക് ഐന്ദ്രജാലിക ശക്തികളുള്ള തങ്ങളുടെ ഭാവനാ സൃഷ്ടിയായ യേശുവിലാണ് താൽപര്യം. പ്രവാചകത്വത്തിന്റെ ദിവ്യവെളിച്ചം അവരെ സംബന്ധിച്ചേടത്തോളം യാതൊന്നുമല്ല. അവർ ശ്രദ്ധിക്കുന്നതൊന്നും പ്രവാചകത്വത്തിലേക്കല്ല അവർക്ക് ആവശ്യമുള്ളതും ഒരു പ്രവാചകനെയല്ല. അവർക്ക് വേണ്ടത് ലൗകികതയുടെ സമ്പത്തും അതിന്റെ വിലപേശലുകളിലേക്കും അവരെ നയിക്കുന്ന അടിമയായ രാക്ഷസഭൂതത്തെയാണ്.

> ഇസ്ലാം മത സ്ഥാപകരായ റസൂൽ തിരുമേനി(സ)യുടെ മഹത്തായ പ്രചരണങ്ങൾ നിർലജ്ജമാം വിധം വികൃതമാക്കിത്തീർക്കുന്നതിന്റെ പേരിൽ അവർ ശിക്ഷിക്കപ്പെടാതെ പോകില്ല എന്നവർ തിരിച്ചറിയുന്നതാണ്. അവരെ നയിക്കുന്നവർ അവർക്ക് വേണ്ടി നാശമല്ലാതെ മറ്റൊന്നും കൊണ്ടുവരില്ല. ദൈവത്തിന്റെ ജ്ഞാനം തടഞ്ഞു എന്ന കുറ്റത്തിന് അവർ നൽകേണ്ട വിലയായിരിക്കുമിത്.

ഇസ്ലാം മത സ്ഥാപകരായ റസൂൽ തിരുമേനി(സ)യുടെ മഹത്തായ പ്രചരണങ്ങൾ നിർലജ്ജമാം വിധം വികൃതമാക്കിത്തീർക്കുന്നതിന്റെ പേരിൽ അവർ ശിക്ഷിക്കപ്പെടാതെ പോകില്ല എന്നവർ തിരിച്ചറിയുന്നതാണ്. അവരെ നയിക്കുന്നവർ അവർക്ക് വേണ്ടി നാശമല്ലാതെ മറ്റൊന്നും കൊണ്ടുവരില്ല. ദൈവത്തിന്റെ ജ്ഞാനം തടഞ്ഞു എന്ന കുറ്റത്തിന് അവർ നൽകേണ്ട വിലയായിരിക്കുമിത്. അവരെ ഒരു മൂലക്ക് ഇരുത്തുക. എന്നിട്ട് കടന്നു പോകുന്ന ദിനവും രാത്രിയും അവർ നിരീക്ഷിക്കട്ടെ. ആകാശവീഥികൾ അവർ നോക്കി പാർക്കട്ടെ. അവരുടെ ഇതിഹാസ രൂപിയായ രക്ഷകൻ ആകാശ ശൂന്യതയിൽ നിന്നും അവരോഹിതനാവുന്നതിന്റെ കാലൊച്ച കേൾക്കാൻ അവർ കാതു കൂർപ്പിച്ചിരിക്കട്ടെ. പ്രതീക്ഷക്കു മേൽ പ്രതീക്ഷികളുമായി അവർ ജീവിക്കട്ടെ. തലമുറക്ക് ശേഷം തലമുറകൾ വന്നു. വീണ്ടും തലമുറകൾ വരുമെങ്കിലും അവർ കൊടിയ നിരാശയിൽ വീണ്ടും വീണ്ടും നശിച്ചൊടുങ്ങും. അവരുടെ വക്രീകരിക്കപ്പെട്ട ദർശനങ്ങളും, ആദർശവും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടേയും വലക്കെണിയിൽ നിന്നും ആരും ഒരിക്കലും അവരെ രക്ഷിക്കാനായി വരില്ല. അവരുടെ ദൈനംദിന ജീവിതത്തിൽ അവർ കടന്നു പോകുന്ന ഓരോ നിമിഷത്തിൽ നിന്നും സ്പന്ദിക്കുന്ന ഓരോ സെക്കന്റിൽ നിന്നും ദൈവഭയം ദ്രുതഗതിയിൽ അവരിൽ നിന്നും ഓടിയകലുന്നു. സത്യസന്ധത, നീതി, നിസ്വാർത്ഥത, ത്യാഗം, പരസ്പര സഹോദര സ്നേഹം, അന്യരോടുള്ള ബഹുമാനം എല്ലാം പഴയകാലത്തെ മുല്യങ്ങളായി തീർന്നിരിക്കുന്നു. അവ ഇന്നും പ്രിയംകരമായി ഓർമ്മിക്കപ്പെടുന്നുണ്ടെങ്കിലും പ്രായോഗിക ജീവിതത്തിൽ പാലിക്കപ്പെടുന്നില്ല. ആ മുല്യങ്ങളെ പറ്റി എന്തൊരു തീവ്രാഭിലാഷത്തോടെയാണ് അവർ സംസാരിക്കുന്നത്. എന്തൊരു സ്നേഹാതിരേകത്തോടെയും ഹൃദയ വായ്പോയോടെയുമാണ് അവരതിനെ വില മതിക്കുന്നത്. പക്ഷേ അതെല്ലാം ഓർമ്മയുടെ സ്മൃതി ശേഖരത്തിൽ മാത്രമാണ്.

കൊള്ള, കവർച്ച, കൊലപാതകം, കുട്ടികളുടെ ദുരുപയോഗം, തട്ടിക്കൊണ്ടു പോകൽ, വ്യഭിചാരം, അസാൻമാർഗ്ഗികത, വേശ്യാവൃത്തി, ചതി, വഞ്ചന ഇവയെല്ലാം അത് വിപാടനം ചെയ്യാൻ ശ്രമിക്കുന്നവരിലാണ് കാണുന്നത്. മറ്റുള്ളവർ അവിശുദ്ധ ബന്ധത്തിൽ അവരോടൊപ്പം ജീവിക്കുകയും ചെയ്യുന്നു. സമാധാനത്തിന്റെ കാവൽക്കാരാൽ തന്നെ നിറഞ്ഞ പകൽ വെളിച്ചത്തിൽ കൂട്ട ബലാത്സംഗങ്ങൾ അരങ്ങേറുന്നു. കൈകൂലി, അഴിമതി, നിയമത്തിന്റെ സംരക്ഷകരെന്ന് പറയപ്പെടുന്ന ന്യായാധിപൻമാരുടെ ലജ്ജാകരമായ നിയമലംഘനം, സമാധാനത്തിലെ കാവൽക്കാരാകേണ്ട സമൂഹത്തിന്റെ നിയമം കൈയ്യിലെടുക്കൽ, സമാധാനത്തെ ഭജ്ഞിക്കൽ അങ്ങനെ ക്രമമില്ലായ്മ മാത്രം ഒരു സമൂഹത്തിന്റെ ക്രമമായി മാറിയിരിക്കുന്നു. എങ്കിലും വിചിത്രമെന്ന് പറയട്ടെ ആ സമൂഹത്തിന്റെ ശരിയിൽ നിന്ന് തെറ്റ് വേർതിരിച്ചറിയാനുള്ള മുഴുവൻ വിവേചന ബോധവും നഷ്ടപ്പെട്ടിട്ടില്ല. അവരുടെ സമൂഹം സൃഷ്ടിക്കുന്ന തിന്മയെ തന്നെയാണ് ആ സമൂഹം വെറുക്കുന്നത്. അവർ നിർവ്വഹിക്കുന്ന ഭീകരതയെ അവർ നിരാകരിക്കുന്നു. അവർ ഉച്ഛസിക്കുന്ന മലിന വായുവാൽ അവർക്ക് മരണത്തിലേക്ക് നയിക്കുന്ന രോഗം ബാധിച്ചിരിക്കുന്നു. എല്ലാ ദിവസവും എവിടെയും തിന്മയാൽ പൊട്ടിയൊലിക്കുന്ന ജനങ്ങൾ തിന്മയെ നിന്ദിച്ചു സംസാരിക്കുന്നു. കുടിൽ തൊട്ട് കൊട്ടാരം വരെ അവർ താക്കീത് ചെയ്യപ്പെടുകയും അപലപിക്കപ്പെടുകയും അധിക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. സമൂഹത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ അതിന്റെ പ്രതിദ്ധ്വനി കേൾക്കാം. എന്നിട്ടും അവർ എത്ര പ്രിയങ്കരമായ രീതിയിലാണ് അതിനെ ആശ്ലേഷിച്ചിരിക്കുന്നത്, എത്ര ഗാഢമായ രീതിയിലാണ് അതിനെ കെട്ടിപുണർന്നിരിക്കുന്നത്. സമൂഹത്തിന്റെ എല്ലാ വിഭാഗം ആളുകളും എത്ര വിശ്വാസപൂർവ്വം ദൈനംദിന ജീവിതത്തിൽ അതുമായി ഒട്ടിചേർന്നിരിക്കുന്നു. അവരുടെ വായ അപലപിക്കുന്നതെന്താണോ അതാണ് അവരുടെ കരങ്ങൾ ചെയ്യുന്നത്. ഈ കളവിലാണ് അവർ ജീവിക്കുകയോ മരിക്കുകയോ ചെയ്യുന്നത്. അവർ ദിനേന മരിക്കുകയാണ്. എന്നിട്ടും അവർ അതിനെ ജീവൻ എന്ന് വിളിക്കുന്നു. മുസ്ലിം മൂല്യങ്ങളുടെ സൂക്ഷിപ്പുകാർ എവിടെയാണ്. മാന്യമായ പെരുമാറ്റത്തിന്റെ പ്രകാശവാഹകർ എവിടെയാണ്? ഈ കയ്പേറിയ യാഥാർത്ഥ്യത്തെ പറ്റി അവരിലാരെങ്കിലും അവരുടെ സുഖനിദ്ര ഒരു നിമിഷത്തേക്കെങ്കിലും പാഴാക്കിയിട്ടുണ്ടോ? എന്തുകൊണ്ട് അത് ആരുടെയും ശ്രദ്ധ പിടിച്ചു പറ്റാത്ത സംഗതിയായി മാറി. അതിൽ മുല്ലമാരുടെ ഭാഗത്ത് നിന്നുള്ള ജാഗ്രത എന്താണ്? ദൈവ വിധിയുടെ സമയം ആസന്നമായാൽ മർയമിന്റെ മകൻ ഈസ(അ) ആകാശത്ത് നിന്നും ഇറങ്ങി വന്ന് മുസ്ലിംകളെ

ഭരണ നിയന്ത്രണത്തിന്റെ ഉന്നത മായ സ്ഥാനങ്ങളിൽ ഉപവിഷ്ഠരാക്കുമെന്ന് വിശ്വസിപ്പിപ്പിക്കാൻ വേണ്ടി പ്രവാചകന്റെ ചുമലിൽ പോലും കാൽ വെക്കാൻ ഒരു മുല്ല മടിക്കില്ല.

മുല്ലയുടെ സ്വപ്നങ്ങൾ ഏറ്റവും വലിയ മതഭ്രാന്താണ്. പക്ഷേ അയാൾക്ക് എങ്ങനെ അത് മനസ്സിലാവും? ഭ്രാന്തമായ സ്വപ്നങ്ങൾ ഒരിക്കലും ഇരുട്ടിനെ വെളിച്ചമാക്കില്ല. ഒരിക്കലും അത് ഒരു പുതിയ പ്രഭാതത്തിന്റെ വെളിച്ചം കൊണ്ടു വരില്ല. ഓരോ പുതിയ പ്രഭാതങ്ങളും അത്തരം സ്വപ്നങ്ങളെ തകർക്കുന്നു. മുല്ലയെ എന്നന്നേക്കുമായി ഉറങ്ങാനനുവദിക്കുക. അധികാരത്തിനു വേണ്ടിയുള്ള അന്തമില്ലാത്ത അയാളുടെ ദുരതന്റെ മസ്തിഷ്ക്കത്തിന്റെ ഒഴിഞ്ഞ കോശങ്ങളിൽ നിരവധി മതിഭ്രമങ്ങൾ നിറക്കട്ടെ. ഇസ്‌ലാമിന്റെ ജനങ്ങളെ ഉണരാനനുവദിക്കുക. മുല്ലക്ക് ഖിയാമം നാൾ വരെ അഗാധ നിദ്ര ആശംസിക്കുകയും ചെയ്യുക. ഉറങ്ങുന്ന മുല്ല അവിടെ കിടക്കട്ടെ. അഗാധമായ നിദ്രയിൽ ലയിച്ചുറങ്ങട്ടെ. കാലത്തിന്റെ വെളിച്ചം കാണാൻ വേണ്ടി റസൂൽ തിരുമേനി(സ)യുടെ ഉമ്മത്തിനെ തനിയെ വിടാൻ അയാളെ അനുവദിക്കുക.

---

**പേജ് 9 ൽ നിന്ന് തുടർച്ച**

തങ്ങളുടെ ആത്മാവിനെ അല്ലാഹുവിന്റെ അനുസരണത്തിനായി സമർപ്പിച്ചിരുന്നു. ആത്മീയാനുഗ്രഹങ്ങളുടെ ആധിക്യത്തിലും ഇരുലോകങ്ങളുടെയും പ്രവാചകനെ സഹായിക്കുന്നതിലും ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ എന്നിവരെ പോലെ മറ്റാരെയും ഞാൻ കാണുന്നില്ല. ഹദ്റത്ത് അബൂബക്റിന്റെയും ഉമറിന്റെയും(റ) സത്യസന്ധതയും, വിശ്വസ്തതയും എത്ര മഹത്തരമാണ്. അവർ ഇരുവരും എത്ര മഹത്തരമായ സ്ഥലത്താണ് ഖബറടക്കപ്പെട്ടത്. മൂസയും ഈസയും ജീവിച്ചിരുന്നുവെങ്കിൽ തീർച്ചയായും അവിടെ ഖബറടക്കപ്പെടാൻ ആഗ്രഹിക്കുമായിരുന്നു. എന്നാൽ ഇത് അല്ലാഹുവിന്റെ സവിധത്തിൽ നിന്ന് ലഭ്യമാകുന്ന അനന്തമായ കാരുണ്യമാകുന്നു. ആരംഭം മുതൽക്കേ അല്ലാഹുവിന്റെ കൃപാകടാക്ഷം ഉള്ളവർക്കാണ് ഇത് ലഭ്യമാകുന്നത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കപ്പെടുന്ന അവസ്ഥയിലായിരിക്കും പിന്നീട് അവരുടെ പര്യവസാനവും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ)ക്ക് ശേഷം ഇസ്‌ലാമിനുണ്ടായ നേട്ടങ്ങൾ എല്ലാം ഹദ്റത്ത് അബൂബക്കർ, ഉമർ, ഉസ്മാൻ എന്നീ മൂന്ന് സ്വഹാബാക്കൾ മുഖേനയാണ് ഉണ്ടായത്. ഹദ്റത്ത് ഉമർ(റ)ന്റെ പ്രവർത്തനങ്ങൾ നിസ്സാരമായിരുന്നില്ല. എങ്കിലും വിജയങ്ങൾക്കുള്ള വഴി ഒരുക്കിയത് അബൂബക്കർ സിദ്ദീഖ്(റ) ആയിരുന്നു. അബൂബക്കർ സിദ്ദീഖ്(റ) വഴി ഒരുക്കിയപ്പോൾ ഉമർ(റ) വിജയങ്ങളുടെ കവാടങ്ങൾ തുറക്കുകയുണ്ടായി.

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ്(റ) എഴുതുന്നു. ഒരിക്കൽ ഒരു സുഹൃത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് പറഞ്ഞു: ഞങ്ങൾ അങ്ങയെ അബൂബക്കറിനെക്കാളും ഉമറിനെക്കാളും ശ്രേഷ്ഠനായും കൂടാതെ നബി(സ)യോട് ഏറ്റവും സമീപസ്ഥനായും കരുതിക്കൊള്ളട്ടെ. ഇത് കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ മുഖഭാവം ആകെ മാറി. അങ്ങേയറ്റം ഉത്കണ്ഠയും അക്ഷമയും പ്രകടമായി. ആ മഹാത്മാവ് ആറ് മണിക്കൂർ മുഴുവനും നബി(സ)യുടെ ശ്രേഷ്ഠതയും തന്റെ സേവകഭാവവും, എളിയ സ്ഥാനവും, ഹദ്റത്ത് അബൂബക്കർ ഉമർ എന്നിവരുടെ ശ്രേഷ്ഠതയും വിവരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ഞാൻ അവരുടെ സ്തുതിപാഠകൻ ആണെന്നതിലും എന്റെ സ്ഥാനം അവരുടെ കാൽച്ചുവട്ടിൽ ആണെന്നതിലും വളരെയധികം അഭിമാനിക്കുന്നു. അല്ലാഹു അവർക്ക് നൽകിയ ശ്രേഷ്ഠത ഖിയാമത് വരെ മറ്റാർക്കും ലഭ്യമാവുകയില്ല. മുഹമ്മദ് നബി(സ) വീണ്ടും ഈ ലോകത്ത് ജനിക്കുകയും ഹദ്റത്ത് അബൂബക്കറിനും ഉമറിനും അനുഷ്ഠിക്കാൻ സാധിച്ചത് പോലെയുള്ള സേവനങ്ങൾ അനുഷ്ഠിക്കാൻ മറ്റാർക്കെങ്കിലും സാധിക്കുമോ. (ഒരിക്കലും സാധിക്കുകയില്ല)

ഉമർ(റ)നെ കുറിച്ചുള്ള അനുസ്മരണം ഇവിടെ അവസാനിക്കുകയാണ്. അല്ലാഹു തൗഫീഖ് നൽകിയാൽ ഇൻശാഅല്ലാഹ് അബൂബക്കർ(റ)ന്റെ അനുസ്മരണം ആരംഭിക്കുന്നതാണ്.

## നിരാശപ്പെടരുത്

പറയുക: തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരെ, അല്ലാഹുവിന്റെ കാരുണ്യത്തെ തൊട്ട് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (വിശുദ്ധ ഖുർആൻ 39: 54)

# മോക്ഷാർഹമായ സംഘവും അഹ്മദിയ്യാ ജമാഅത്തും

കക്ഷി പ്രതികക്ഷികളായി പിരിഞ്ഞുനിൽക്കുകയും അതിൽ ഒന്നൊഴികെ നാനാവിധത്തിലും അധപതനത്തിന്റെ ആഴങ്ങളിൽ പതിച്ചുനിൽക്കുകയും ചെയ്യുന്ന മുസ്‌ലിം സമൂഹത്തിൽ ഏത് വിഭാഗമാണ് സത്യപാതയിൽ? വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനി(സ)യുടെ തിരുവചനങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു പരിശോധന.

**അബ്ദുർറഹമാൻ, കൊടിയത്തൂർ**

മനുഷ്യ സമൂഹത്തിന്റെ സമുദ്ധാരണാർത്ഥം ലക്ഷക്കണക്കിന് പ്രവാചകന്മാരെ വിവിധ ജനങ്ങളിലേക്ക് വിവിധ കാലഘട്ടങ്ങളിൽ നിയോഗിച്ചുകൊണ്ടിരുന്ന അല്ലാഹു മനുഷ്യ സമൂഹം ബുദ്ധിപരമായി പരിപക്വമായിത്തീരുകയും പരസ്പര ബന്ധപ്പെടുന്ന ഒരു അന്തർദ്ദേശീയ സമൂഹമായി രൂപാന്തരപ്പെടുന്ന ഘട്ടമെത്തിയപ്പോഴാണ് സാർവ്വജനീനവും സാർവ്വ സമ്പൂർണ്ണവും സാർവ്വ കാലികവുമായ മാർഗ്ഗദർശനവുമായി നബി (സ) നിയോഗിതനാവുന്നത്. അവിടുന്ന് മുഖേന അല്ലാഹു അവതരിപ്പിച്ച വിശുദ്ധ ഖുർആൻ ദീനിനും ഇസ്‌ലാമും മാനവരാശിയെ ഒന്നായി അഭിസംബോധന ചെയ്യുകയും സർവലോക രക്ഷിതാവായ അല്ലാഹുവിനെ പരിചയപ്പെടുത്തുകയും ചെയ്യുകയുണ്ടായി. പ്രസ്തുത ഗ്രന്ഥത്തെയും മതത്തെയും സർവ്വ സമ്പൂർണ്ണമെന്നും സർവ്വ കാലികമെന്നും പ്രഖ്യാപിക്കുകയും അതിന്റെ സംരക്ഷണം അല്ലാഹു പ്രത്യേകമായ നിലയിൽ ഏറ്റെടുത്തതായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല ഈ മതത്തിന്റെ അനുയായികളെ ഉത്തമ സമൂഹമെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഈ കാര്യങ്ങൾക്കൊണ്ട് തന്നെ പുതിയ ഒരു ദിവ്യഗ്രന്ഥവും മതവും ആവശ്യമായിവന്നില്ല. ഈ വിഷയത്തിൽ മുസ്‌ലിം സമുദായം ഏകാഭിപ്രായക്കാരാണ്. വിശുദ്ധ ഖുർആനെ സംബന്ധിച്ച് സംരക്ഷണ വാഗ്ദാനം ഉണ്ടായിട്ടുണ്ട്. എങ്കിലും മറുഭാഗത്ത് മുൻ സമുദായങ്ങൾക്ക് സംഭവിച്ച വിധമുള്ള എല്ലാ അപചയങ്ങൾക്കും മുസ്‌ലിം ഉമ്മത്ത് വിധേയമാവുമെന്ന് വിശുദ്ധ ഖുർആനു തിരുനബി(സ) യും പ്രവചനം ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു:

**അല്ലാഹുവിന്റെ ദിക്റിനും (സ്മരണ) അവനിൽ നിന്ന് ഇറങ്ങിയ സത്യത്തിനേയും ഓർത്ത് ഹൃദയങ്ങളിൽ ഭയഭക്തി ഉണ്ടാവുന്നതിനും, മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരെപോലെ ആകാതിരിക്കാനും വേണ്ടി വിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ? അവരിൽ ഒരു ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുത്തുപോയി. അവരിൽ അധികപേരും ആജ്ഞാലംഘകർ ആയിരുന്നു. (സൂറ:ഹദീദ് 57: 17)**

സൂറ ഫുർഖാനിൽ അല്ലാഹു പറയുന്നു. **'ദൈവദൂതൻ പറയും എന്റെ നാഥാ എന്റെ ജനം ഈ ഖുർആനെ പുറം തള്ളിയ നിലയിൽ വിട്ടുകളഞ്ഞിരിക്കുന്നു'(അൽ ഫുർഖാൻ 25:31)** ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ തന്നെ മുസ്‌ലിം സമുദായം മുൻ സമുദായങ്ങളെപ്പോലെ തന്നെ സർവ്വ വിധേനയുള്ള അധ:പതനത്തിന്നും വ്യതിയാനത്തിനും വിധേയമായിത്തീരുമെന്ന് ദീർഘദർശനം ചെയ്യുന്നു. തിരുനബി (സ) വചനങ്ങളിൽ ഇത് സംബന്ധമായി സുദീർഘമായ പ്രവചനങ്ങൾ കാണാവുന്നതാണ്.

തിരുനബി (സ) അരുളുന്നു: **ഒരു ജോഡി ചെരുപ്പ് അന്യോന്യം സാദൃശ്യമുള്ളത് പോലെ ഇസ്റായീൽ സമുദായത്തിൽ സംഭവിച്ചത് പോലെയെല്ലാം തീർച്ചയായും എന്റെ ഉമ്മത്തിലും സംഭവിക്കും. ഇങ്ങേയറ്റം ഇസ്റായീല്യരിൽ വല്ലവനും സ്വന്തം മാതാവിനെ പരസ്യമായി പരിഗ്രഹിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും എന്റെ ഉമ്മത്തിലും അപ്രകാരം ചെയ്യുന്നവരുണ്ടായിരിക്കും. ഇസ്റായീൽ സമുദായം 72 കക്ഷികളായി പിരിഞ്ഞു. എങ്കിൽ എന്റെ സമുദായം 73 കക്ഷികളായി പിരിയും. അവരിൽ ഒരു കൂട്ടരൊഴികെ ബാക്കിയെല്ലാ**

**വരും നരകത്തിലായിരിക്കും. സഹാബിമാർ ചോദിച്ചു അല്ലയോ പ്രവാചകരെ, ആ ഒരു കൂട്ടർ അരായിരിക്കും?. ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ തന്നെ.' (മിശ്ക്കാത്ത്)** മോക്ഷാർഹരായ സംഘത്തെ സംബന്ധിച്ച് നബി തിരുമേനി (സ) പ്രവചനമിതാണ്. ഈ വിവരണം അബൂദാവൂദ് അഹ്മദ് എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എഴുപത്തിരണ്ടും നരകത്തിലും ഒന്നു മാത്രം സ്വർഗ്ഗത്തിലും ആയിരിക്കും ആ ഒരു വിഭാഗം 'അൽ ജമാഅത്ത്' ആയിരിക്കും. നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത് റസൂൽ തിരുമേനി (സ) പറഞ്ഞ സ്വർഗ്ഗസ്ഥരായ ആ വിഭാഗം ആരാണ് എന്നത് സംബന്ധിച്ചാണ്. നബി (സ) ഉമ്മത്തിൽ ഒരു വിഭാഗമൊഴികെ ബാക്കിയുള്ളവർ അഖിലവും നകരത്തിലായിരിക്കുമെന്നാണ് വചനം. ഇസ്ലാമിന്റെ വിശ്വാസപരവും കർമ്മപരവുമായ എല്ലാ കാര്യങ്ങളും അനുഷ്ഠിക്കുന്നവരായിരിക്കെ, അതായത് അല്ലാഹുവിലും പ്രവാചകന്മാരിലും അന്ത്യനാളിലെല്ലാം വിശ്വസിക്കുന്നവരായിരിക്കെ, നമസ്ക്കാരവും സക്കാത്തും നോമ്പും ഹജ്ജ് ഇത്യാദി കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരായിരിക്കെ ന്യായമായ കാര്യം കൂടാതെ കാരുണ്യവാനായ അല്ലാഹു നരകം വിധിക്കുമോ എന്ന ചോദ്യം പ്രസക്തമല്ലേ?. അതുപോലെ നരകസ്ഥരും സ്വർഗ്ഗസ്ഥരുമായവരെ വളരെ എളുപ്പം തിരിച്ചറിയേണ്ടതല്ലേ. തിരുനബി (സ) യുടെ ഈ ഉമ്മത്തിനെ അപകടകരമായ അവസ്ഥയിൽ അല്ലാഹു വിട്ടുകളയുമോ? ഭൗതികമായ ഭരണകൂടങ്ങൾ പോലും തങ്ങളുടെ പ്രജകളെ നിസ്സാരമായ തെറ്റുകൾക്ക് വധശിക്ഷ പോലെയുള്ള കഠിനമായ ശിക്ഷകൾക്ക് വിധേയരാക്കാറില്ലല്ലോ. എന്നിരിക്കെ ഉമ്മത്തെ മുഹമ്മദീയയിലെ ഒരു വിഭാഗമൊഴികെ എല്ലാ വിഭാഗവും നരകസ്ഥരായിത്തീരുന്നുവെങ്കിൽ ഈ എല്ലാവിഭാഗവും ഒരുപോലെ അല്ലാഹുവിന്റെ പക്കൽ ഗുരുതരമായ തെറ്റ് ചെയ്തിരിക്കണം എന്ന കാര്യത്തിൽ യാതൊരു സംശവുമില്ല. ഇത്തരം ഒരു തെറ്റിൽ അകപ്പെട്ടു പോകാതിരിക്കാൻ വ്യക്തമായ മുന്നറിയിപ്പുകൾ നൽകിയിരിക്കേണ്ടത് അനിവാര്യമാണ്. അതേപോലെ നരകസ്ഥരും സ്വർഗ്ഗസ്ഥരുമായ സംഘങ്ങൾ തമ്മിൽ വളരെ പ്രകടമായ വേർതിരിവ് ഉണ്ടാവുകയും ആ കാര്യം അല്ലാഹുവും റസൂലും മനസ്സിലാക്കിത്തരുകയും ചെയ്തിരിക്കണം. കാരുണ്യവാനായ അല്ലാഹു ഈ രണ്ട് ചോദ്യങ്ങൾക്കുമുത്തരം നൽകിയിട്ടില്ല എന്ന് നമുക്ക് ഒരു നിമിഷം പോലും ചിന്തിക്കാൻ സാദ്ധ്യമല്ല.

റസൂൽ തിരുമേനി(സ)ക്ക് നൽകപ്പെട്ട ആറ് സവിശേഷതകളെ സംബന്ധിച്ച് സഹീഹ് മുസ്ലിമിൽ വന്നിട്ടുണ്ട്. അതിൽ ഒന്ന് തനിക്ക് ആശയ സമ്പുഷ്ടമായ രീതിയിൽ കാര്യങ്ങൾ വിവരിക്കാനുള്ള കഴിവ് നൽകപ്പെട്ടിരിക്കുന്നു എന്നാണ്. അങ്ങനെയുള്ള നബി തിരുമേനി (സ) യുടെ ഉമ്മത്തിൽ അവസാന കാലത്ത് ഉണ്ടാവുന്ന മോക്ഷാർഹരായ സംഘത്തെ സംബന്ധിച്ച് നൽകിയ വിവരണം മുകളിൽ ഉന്നയിക്കപ്പെട്ട എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരമായിരിക്കേണ്ടതാണ്. നമുക്ക് തിരുനബി (സ) മോക്ഷാർഹ സംഘത്തിന് നൽകിയിരിക്കുന്ന രണ്ട് വിവരണങ്ങളെ കുറിച്ച് വിശുദ്ധ ഖുർആനിന്റെയും തിരുനബി (സ) യുടെ തിരുവചനങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കാം. ഒന്നാമത്തേത് **'മാ അന അലയ്ഹി വ അസ്ഹാബിഹി'** ഞാനും എന്റെ അനുചരന്മാരും ഉള്ള നിലയിൽ എന്നതാണ്. രണ്ടാമത്തെ വിവരണം. **'വഹിയൻ ജമാഅത്തീ'** അവർ ഒരു ജമാഅത്തായി നിലകൊള്ളുന്നവരായിരിക്കും. സൂക്ഷ്മമായി ചിന്തിക്കുകയാണെങ്കിൽ ഈ രണ്ട് വസ്തുതകളും തിരുനബി (സ) യിലും സഹാബാക്കളിലും ഒത്ത് ചേർന്നതായി കാണാം. ഒന്നാമതായി റസൂൽ തിരുമേനി (സ) എന്ന ദൈവനിയോഗിതനും ആ ദൈവ നിയോഗിതന്നെ സ്വീകരിച്ച വിശ്വാസ സമൂഹവുമാണ്. അല്ലാഹുവിനാൽ നിയോഗിതനായ ഒരു ഇമാമിനെ ബൈഅത്ത് ചെയ്ത ഒരു സമൂഹം എന്ന നിലയിൽ അൽ ജമാഅത്തും തിരുനബി (സ) യുടെ വിയോഗത്തെ തുടർന്ന് അബൂബക്കർ സിദ്ധീഖ് (റ)നെ അമീറുൽ മുഅ്മിനീൻ അഥവാ ഇമാമായി സ്വീകരിച്ചുകൊണ്ട് ബൈഅത്ത് ചെയ്ത അൽ ജമാഅത്തുമാണ്. ആ കാലഘട്ടത്തിൽ ഭൂമുഖത്തൊരിക്കലും ഒരിടത്തും ഈ സവിശേഷതകൾ ഉൾക്കൊണ്ട ഒരു സമൂഹം ഉണ്ടായിരുന്നില്ല. നബി(സ) ഒരു ഭാഗത്തും ബാക്കി എല്ലാവരും ഈ സമൂഹത്തിനെതിരെ മറുഭാഗത്തുമായിരുന്നു. തന്റെ സമുദായം 73 വിഭാഗമായിത്തീരുന്ന ഒരു പ്രത്യേക കാലഘട്ടത്തിൽ തന്റെയും ശിഷ്യഗണങ്ങളുടെയും സവിശേഷതകൾ ഒത്തുവരുന്ന ഒരു സംഘം ഉണ്ടായിരിക്കുമെന്നും അവരായിരിക്കും മോക്ഷാർഹ സംഘമെന്നുമാണ് മനസ്സിലാക്കിത്തരുന്നത്. മുകളിൽ സൂചിപ്പിച്ചത് പോലെ തിരുനബി (സ)യുടെ ഉമ്മത്തിൽ 72 വിഭാഗക്കാർ എന്തുകൊണ്ട് നരകസ്ഥരായിത്തീരുന്നതീരുന്നുവെന്നും, സ്വർഗ്ഗാവകാശികളായ ഏകസംഘത്തെയും മറ്റുള്ളവരെയും തമ്മിൽ തിരിച്ചറിയുന്ന പ്രകടമായ അടയാളം എന്താണെന്നുമുള്ള രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഞാനും എന്റെ സഹചരന്മാരും ഉള്ള നിലയിൽ നിലകൊള്ളുന്നവർ എന്നും അൽ ജമാഅത്തായിട്ടുള്ളവർ എന്നും വിവരിച്ചു കൊണ്ട് തിരുനബി (സ) നൽകിയിരിക്കുന്നത്. ഇത്രയും സാരവത്തായ വചനത്തെയാണ് ഈ കാലഘട്ടത്തിലെ പണ്ഡിതന്മാർ തെറ്റായ നിലയിൽ വ്യാഖ്യാനിക്കുന്നത്. നബി (സ) യുടെ യും സഹാബത്തിന്റെയും ചര്യയെ പിൻപറ്റുന്നവർ എന്ന് മോക്ഷാർഹരായ സംഘത്തെ സംബന്ധിച്ച് തിരുനബി (സ) യുടെ വിവരണത്തിന് അർത്ഥം നൽകി

കൊണ്ട് പ്രവാചക വചനത്തിന്റെ അന്ത:സത്തയെ തന്നെ ഇക്കൂട്ടർ തകർത്തു കളഞ്ഞു. സമുദായത്തിലെ ഓരോ വിഭാഗവും തങ്ങളാണ് നബി (സ) യെ പിൻപറ്റുന്നവർ എന്ന് അവകാശപ്പെടുന്നവരാണല്ലോ. ഇങ്ങനെ അവകാശപ്പെടാൻ എല്ലാവർക്കും സാധിക്കുമല്ലോ.

ഇനി നമുക്ക് പരിശോധിക്കാനുള്ളത് തിരുനബി (സ) യുടെ സമുദായത്തിൽ ദിവ്യനിയുക്തനായ ഒരു വ്യക്തിയും ശിഷ്യസംഘവും അതുപോലെ 'നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തും' 'അൽ ജമാഅത്തും' ഉണ്ടാവുന്നതിനെ സംബന്ധിച്ച് പ്രവചനമുണ്ടോ എന്നാണ്. തിരുനബി(സ) യുടെ സമുദായം മുൻ സമുദായങ്ങളെ പോലെ അധ:പതിക്കുന്ന കാലത്ത് ഉമ്മത്തിന്റെ സമുദ്ദാരണാർത്ഥം മഹ്ദീ മസീഹിന്റെ ആഗമനം ഉണ്ടാകുമെന്ന് മുസ്‌ലിം ലോകം ഐക്യകണ്ഠമായി വിശ്വസിക്കുന്നു. അദ്ദേഹത്തെ 'നബിയുല്ല' എന്ന് വ്യക്തമായി നബി (സ) തിരുമേനി വിശേഷിപ്പിച്ചതായി സഹീഹ് മുസ്‌ലിമിലും മറ്റ് ഹദീസ് ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആഗതരാവുന്ന മഹാത്മാവിന് സഹാബിമാർ ഉണ്ടാവുമെന്നും പ്രസ്തുത ഹദീസിൽ തന്നെ വിവരിക്കുന്നു. സൂറ: ജുമാ: യിലെ നബി(സ)യുടെ നിയോഗം **'മറ്റൊരു ജനതയിലും'** ഉണ്ടാകുമെന്ന് പറഞ്ഞിട്ടുള്ളതിനെ വിശദീകരിച്ചു കൊണ്ട് തിരുനബി (സ) പറഞ്ഞു: ഈമാൻ കാർത്തിക നക്ഷത്രത്തോളമുയർന്നുപോകുന്ന കാലത്ത് സൽമാനുൽ ഫാരിസ് (റ)യുടെ വംശത്തിൽ നിന്നുള്ള ഒരു വ്യക്തിയുടെ ആഗമനം ഉണ്ടാകുമെന്ന് വ്യക്തമാക്കിയ കാര്യം സഹീഹുൽ ബുഖാരി രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ വിശ്വാസികൾ മുൻ സമുദായത്തെ പിന്തുടരുന്ന കാലത്തെ സംബന്ധിച്ചും സൂചിപ്പിക്കുന്നു. ഹദീസിലെ 16-ാമത്തെ വചനം കഴിഞ്ഞ് വിശ്വാസികളുടെ പുനരുജ്ജീവനത്തെ സംബന്ധിച്ചും വാഗ്ദാനം നൽകുന്നു. മഹ്ദീ മസീഹിന്റെ ആഗമനമുണ്ടായാൽ മഞ്ഞുകട്ടയിൽ മുട്ടിൽ ഇഴഞ്ഞു കൊണ്ടെങ്കിലും അദ്ദേഹത്തെ ബൈഅത്ത് ചെയ്യണമെന്ന് അരുളിയിരിക്കുന്നതിൽ നിന്നും സമുദായത്തിൽ ഒരു നബിയുടെ നിയോഗമുണ്ടാകുമെന്ന് മനസ്സിലാവുന്നു. വേറെയും തിരുവചനങ്ങൾ ഇക്കാര്യം മനസ്സിലാക്കിത്തരുന്നു. തിരു നബി (സ) അരുളുന്നു. **'എന്റെ സമുദായം മഴത്തുള്ളികൾ പോലെയാകുന്നു. അതിന്റെ ആദ്യഭാഗമോ അവസാന ഭാഗമോ ഏറ്റവും ഉത്തമമെന്ന് പറയാൻ സാദ്ധ്യമല്ല.' (തിർമിദി)** മറ്റൊരു വചനത്തിൽ പറയുന്നു. 'എന്റെ സമുദായത്തിന്റെ ആദ്യഭാഗം ഏതൊന്ന് കൊണ്ട് നന്നായിത്തീരുന്നുവോ അത്കൊണ്ട് തന്നെയായിരിക്കും അവസാന ഭാഗവും നന്നായിത്തീരുക. സമുദായത്തെ സംഭവിക്കുന്ന നാശത്തെ കുറിച്ച് വിവരിച്ചപ്പോൾ അസ്വസ്ഥനായ അനുചരനെ സാന്ത്വനപ്പെടുത്തിക്കൊണ്ട് തിരുനബി (സ) ഇങ്ങനെ അരുളുകയുണ്ടായി. **'ഞാൻ ആദ്യത്തിലും ഈസബ്നു മറിയം അവസാനത്തിലുമുള്ള സമുദായം നശിക്കുന്നതെങ്ങനെ? '(ഇബ്നു മാജ)** ഈ വിവരണങ്ങളിൽ നിന്നെല്ലാം മനസ്സിലാവുന്നത് മേൽ സൂചിപ്പിച്ചത് പോലെ ഒരു ദൈവനിയുക്തന്റെ ആഗമനം തിരുനബി (സ)യുടെ സമുദായത്തിൽ ഉണ്ടാകുമെന്നാണ്.

അതുപോലെ നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തും നിലവിൽവരും ഖിലാഫത്ത് സംവിധാനം പരുക്കൻ രാജാധിപത്യവും സ്വേച്ഛാധിപത്യവും മർദ്ദക ഭരണകൂടങ്ങളുമായിമാറുന്ന രണ്ട് ഘട്ടങ്ങളെ സംബന്ധിച്ച് വിവരിച്ച ശേഷം നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് വീണ്ടും സ്ഥാപിതമാവുമെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നു. (മുസ്നദ് അഹ്മദ്, ബിൻ അഹമ്പൽ , മിശ്ക്കാത്ത്)

സഹീഹ് ബുഖാരി ഉൾപ്പെട്ട 6 കിതാബുകളിലും രേഖപ്പെടുത്തപ്പെട്ട ഹുദൈയ്ഫ റിപ്പോർട്ട് ചെയ്ത ഫിത്നയെ സംബന്ധിച്ച് വിവരിക്കുന്ന സുദീർഘമായ ഹദീസിൽ അവസാനകാലത്ത് നരകത്തിലേക്ക് ജനങ്ങളെ നയിക്കുന്ന സംഘങ്ങൾ ഉണ്ടാവുമെന്ന് പറഞ്ഞപ്പോൾ ആ കാലത്ത് എന്ത് ചെയ്യണമെന്ന് ഹുദൈയ്ഫ ചോദിച്ചപ്പോൾ തിരുനബി (സ) നൽകിയ മറുപടി: **'നീ ജമാഅത്തുൽ മുസ്‌ലിമിനെയോ അവരുടെ ഇമാമിനെയോ മുറുകെ പിടിക്കുക. എന്നാൽ. അങ്ങനെ ഒരു ഇമാമും ജമാഅത്തും ഇല്ലെങ്കിൽ എന്ത് ചെയ്യണമെന്ന് ചോദിച്ചപ്പോൾ തിരുനബി (സ) നൽകിയ ഉത്തരം നീ എല്ലാ കക്ഷികളുമായുള്ള ബന്ധം ഉപേക്ഷിച്ച് ഒരു മരത്തിന്റെ വേര് കടിച്ചു പിടിച്ചെങ്കിലും നിനക്ക് മരണം സംഭവിക്കുന്നതെങ്കിൽ അതാണ് നിനക്ക് ഉത്തമം.' (ബുഖാരി ഭാഗം 3 പേജ്. 1112 കിതാബുൽ മനാഖിബ്)** എന്നാണ്. പ്രസ്തുത ഹദീസിൽ വിവരിക്കുന്ന സ്വർഗ്ഗസ്ഥ സംഘം അൽ ജമാഅത്ത് ആയി നിലകൊള്ളുന്നവർ ആയിരിക്കുമെന്നാണ്. ഇത്രയും വിവരിച്ച കാര്യങ്ങളിൽ നിന്നും സ്ഥാപിതമായിരിക്കുന്നത് തിരുനബി (സ) യുടെ സമുദായത്തിൽ ഫിത്നയുടെ കാലഘട്ടം ആഗതമാവുമ്പോൾ സമുദായത്തിന്റെ പുനരുജ്ജീവനാർത്ഥം ഒരു ദിവ്യനിയുക്തനായ വ്യക്തിയുടെ ആഗമനം ഉണ്ടാകുമെന്നും അദ്ദേഹവും സഹാബിമാരും തിരുനബി (സ) യോടൊപ്പം ഉണ്ടായിരുന്നത് പോലെ അൽ ജമാഅത്തായി നിലകൊള്ളുന്നവർ ആയിരിക്കുമെന്നുമാണ്.

സൂറ: മുൽകിലെ വിവരണം പരാമർശിച്ചു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. കൂട്ടമായി നരകത്തിലേക്ക് തള്ളപ്പെടുന്ന ഒരു സംഘത്തോട് മലക്കുകൾ ചോദിക്കുന്ന ചോദ്യവും അതിനവർ നൽകുന്ന മറുപടിയും ഖുർആൻ വിവരിക്കുന്നത് കണുക: **'നിങ്ങൾക്ക് ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ? അവർ (നരകാവകാശികൾ) പറയും: അതെ,**

കൂട്ടമായി നരകത്തിലേക്ക് തള്ളപ്പെടുന്ന ഒരു സംഘത്തോട് മലക്കുകൾ ചോദിക്കുന്ന ചോദ്യവും അതിനവർ നൽകുന്ന മറുപടിയും ഖുർആൻ വിവരിക്കുന്നത് കണുക: **'നിങ്ങൾക്ക് ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ? അവർ (നരകാവകാശികൾ) പറയും: അതെ, തീർച്ചയായും ഞങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചു. തള്ളിക്കളഞ്ഞു. ഞങ്ങൾ അനുയായികളോട് പറഞ്ഞു: അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ ഭീമമായ മാർഗ്ഗഭ്രംശത്തിൽ തന്നെയാണ് '** (57 **സൂറ:മുൽക്: 9,10)** മേൽ ഖുർആനിക വചനം വ്യക്തമായ നിലയിൽ മനസ്സിലാക്കിത്തരുന്നത് സമൂഹമൊന്നടങ്കം നരകസ്ഥരായിത്തീരുന്നത് അല്ലാഹുവിൽ നിന്നുള്ള മുന്നറിയിപ്പുകാരനെ അതായത് പ്രവാചകനെ നിഷേധിക്കുന്നത് കാരണമായി മാത്രമാണെന്നാണ്.

---

**തീർച്ചയായും ഞങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചു. തള്ളിക്കളഞ്ഞു. ഞങ്ങൾ അനുയായികളോട് പറഞ്ഞു: അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ ഭീമമായ മാർഗ്ഗ ഭ്രംശത്തിൽ തന്നെയാണ് '** (**57 സൂറ:മുൽക്: 9,10)** മേൽ ഖുർആനിക വചനം വ്യക്തമായ നിലയിൽ മനസ്സിലാക്കിത്തരുന്നത് സമൂഹമൊന്നടങ്കം നരകസ്ഥരായിത്തീരുന്നത് അല്ലാഹുവിൽ നിന്നുള്ള മുന്നറിയിപ്പുകാരനെ അതായത് പ്രവാചകനെ നിഷേധിക്കുന്നത് കാരണമായി മാത്രമാണെന്നാണ്.

തിരുനബി (സ) പ്രവചനം ചെയ്ത അധ:പതനത്തിന്റെ കാലഘട്ടം സമാഗതമായപ്പോൾ ഉമ്മത്തിൽ നിന്ന് വിമോചനത്തിന് വേണ്ടി അല്ലാഹുവിന്റെ സുവിശേഷമറിയിക്കപ്പെട്ട മഹ്ദീ മസീഹായി പേർഷ്യൻ വംശത്തിൽ നിന്നുള്ള ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് (അ) നിയോഗിക്കപ്പെട്ടു. അദ്ദേഹം താൻ നബി തിരുമേനി (സ) യുടെ ദീനിന്റെ പുനരുദ്ധാരണാർത്ഥം അവിടുത്തെ വിനീതശിഷ്യനായ ഉമ്മത്തീ നബിയായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് ഉൽഘോഷിക്കുകയുണ്ടായി. അദ്ദേഹം സ്ഥാപിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്; നബി (സ) വിയോഗത്തിന് ശേഷം അബൂബക്കർ സിദ്ദീഖ് (റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട് അൽ ജമാഅത്തായി നിലകൊണ്ടത് പോലെ വാഗ്ദത്ത മസീഹി (അ) ന്റെ വഫാത്തിന് ശേഷം അദ്ദേഹത്തിന്റെ പ്രഥമ ശിഷ്യൻ മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. 'അൽജമാഅത്തുൽ മുസ്‌ലിമീന വ ഇമാമഹും' എന്ന് നബി (സ) പ്രവചനം ഇങ്ങനെ വ്യക്തമായി സാക്ഷാത്ക്കരിക്കപ്പെട്ടു. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാമത്തെ ഖിലാഫത്തിന്റെ കീഴിൽ ലോകത്ത് 210 ൽ അധികം രാജ്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തന്റെ ഉമ്മത്ത് 73 വിഭാഗമായി തീരുന്ന കാലത്ത് മോക്ഷപ്രാപ്തരായ ഏക സംഘത്തിന്റെ സവിശേഷതയായി ചൂണ്ടിക്കാണിച്ചത് **'ഞാനും എന്റെ സഹാബത്തും ഉള്ള നിലയിൽ നിലകൊള്ളുന്നവർ'** എന്നാണ്. ഈ പറഞ്ഞ അടയാളങ്ങൾ പരിപൂർണ്ണമായും ഈ ജമാഅത്തിൽ പൂർത്തിയായിരിക്കുന്നു. ഇന്ന് ഭൂമുഖത്ത് അഹ്മദിയ്യാ ജമാഅത്ത് അല്ലാതെ തിരുനബി (സ) യുടെ പ്രവചനമനുസരിച്ച് ആഗതരായ ഒരു ദൈവനിയുക്തനിൽ വിശ്വസിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുകയും ഒരു ഇമാമിന് കീഴിൽ (ഖലീഫ) ബൈഅത്ത് ചെയ്യുകയും ചെയ്തിട്ടുള്ള മറ്റൊരു വിഭാഗത്തെ കാണുവാൻ സാധ്യമല്ല. മറ്റുള്ളവരെല്ലാം സൂറ: മുൽക്കിൽ നരകാവകാശികൾ വിലപിച്ചു പറയുന്നതായി വിവരിക്കപ്പെട്ട പ്രകാരം **'അല്ലാഹു യാതൊന്നും ഇറക്കിയിട്ടില്ല.'** എന്ന് പറഞ്ഞുകൊണ്ട് മഹ്ദീ മസീഹിനെ കളവാക്കുകയും അദ്ദേഹത്തിന്റെ ജമാഅത്തിനെ സംബന്ധിച്ച് ഏറ്റവും വലിയ വഴികേടിൽ അകപ്പെട്ടവരെന്ന് പറഞ്ഞ് കുഫ്റും ശിർക്കും വിധിക്കുകയും ചെയ്യുന്നു. പരസ്പരം തമ്മിലടിക്കുകയും കുഫ്റും ശിർക്കും വിധിക്കുകയും ചെയ്യുന്നവരെങ്കിലും മുസ്‌ലിം സമൂഹം അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ ഒന്നിച്ച് നിൽക്കുന്നതായി കാണുവാൻ കഴിയും ഈ കാര്യങ്ങളെല്ലാം നിരീക്ഷിക്കുന്ന ഏതൊരു സത്യാന്വേഷിക്കും തിരുനബി (സ) പ്രവചിച്ച മോക്ഷാർഹ സംഘം അഹ്മദിയ്യാ ജമാഅത്ത് ആണെന്നും 72 വിഭാഗം ഈ സത്യജമാഅത്തിനെതിരിൽ കുഫ്ർ വിധിക്കുകയും അല്ലാഹു നിയോഗിച്ച സത്യദൂതൻ ഹദ്റത്ത് അഹ്മദി(അ)നെ നിഷേധിച്ച ഭൂരിപക്ഷ മുസ്‌ലിംകളുമാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

തിരുനബി (സ) യോട് അല്ലാഹു പ്രഖ്യാപിക്കാൻ കൽപ്പിക്കുന്നത് **'ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ'** ഞാൻ മാനവ സമൂഹത്തിന് മുഴുവൻ നിയോഗിക്കപ്പെട്ട റസൂലാണ് എന്നാണ്. അതുകൊണ്ട് തന്നെ ഇസ്‌ലാം ആഗോള മതമാണെന്ന എല്ലാ മുസ്‌ലിം സംഘടനകളും ഉൽഘോഷിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ മാറ്റി നിർത്തിയാൽ

**ശേഷം പേജ് 35 ൽ**

# ശൈത്വാന്റെ വെളിപാടുകളും സത്യവെളിപാടുകളും

അല്ലാഹുവിനാൽ നിയോഗിതനും നുബുവത്ത്കൊണ്ട് അനുഗ്രഹീതനുമായ ഹദ്റത്ത് അഹ്മദ് (അ) അനസ്യൂതമായ ദിവ്യവെളിപാടുകളുടെ സ്വീകർത്താവായിരുന്നു. ഉന്നതരായ സാത്വികരുടെ ആത്മീയമണ്ഡലത്തിൽ പോലും വെളിപാടുമായി ബന്ധപ്പെട്ട് പിശാചിന്റെ ഉപദ്രവമുണ്ടാകുന്നു. സാത്വികർ അത് ഉടൻ തിരിച്ചറിയുന്നു. യഥാർത്ഥ ദിവ്യവെളിപാടിനെ സംബന്ധിച്ചും പിശാചിൽനിന്നുള്ള വ്യാജവെളിപാടിനെ കുറിച്ചും ഏറ്റവും ആധികാരികമായി വാഗ്ദത്ത മസീഹ് (അ) വിവരിക്കുന്നു.

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ചില അപൂർണ്ണരായ സത്യാന്വേഷകർക്ക് ശൈത്വാനിൽ നിന്നും വെളിപാടുകൾ ലഭിക്കുന്ന അനുഭവമുണ്ടാകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അലങ്കോലപെട്ട സ്വപ്നങ്ങളായി കാണപ്പെടുന്നത് ചിലപ്പോൾ സ്വന്തം മനസ്സിന്റെ മതിഭ്രമവുമായിരിക്കാം. ശൈത്വാനിൽ നിന്നും വെളിപാടുകൾ ഉണ്ടാവുന്നു എന്നതിനെ നിഷേധിക്കുന്നവർ ശൈത്വാനിൽ നിന്നു വെളിപാടുകൾ ഉണ്ടാവുമെന്നുള്ള ഖുർആന്റെ ഉറച്ച അഭിപ്രായത്തെ എതിർക്കുകയാണ് ചെയ്യുന്നത്. ഒരു മനുഷ്യൻ അവന്റെ ആത്മാവിന്റെ സംസ്കരണം പൂർണ്ണമാക്കുകയോ പരിപൂർണ്ണതയിലെത്തിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അയാൾ ശൈത്വാനിൽ നിന്നുള്ള വെളിപാടുകളുടെ സ്വീകർത്താവായേക്കാം. അയാൾ ഈ ഖുർആൻ വചനത്തിന്റെ പരിധിയിൽ പെടുന്നയാളുമായിരിക്കും. **'കള്ളം പറയുന്ന പാപികളായ എല്ലാ ഓരോരുത്തരുടേയും മേൽ അവൻ(പിശാച്) ഇറങ്ങുന്നു.' (26:223).** പരിശുദ്ധന്മാർ ശൈത്വാന്റെ സ്വാധീനത്തെ കുറിച്ച് ഉടൻ താക്കീത് ചെയ്യപ്പെടുന്നതാണ്. യേശുവിനെ ശൈത്വാൻ ഒരു മലയിലേക്ക് കൊണ്ടുപോയെന്ന് ചില ക്രിസ്ത്യൻ പാതിരിമാർ അവരുടെ രചനകളിൽ അതിരുകവിഞ്ഞ നിലയിൽ അഭിപ്രായപ്പെടുന്നു. ഇത് മറ്റുള്ളവരും യഹൂദികളും ദൃക്സാക്ഷികളായേക്കാവുന്ന ബാഹ്യ സംഭവമായിരുന്നില്ലെന്നും യേശുവിന്ന് മൂന്ന് തവണ പിശാചിൽ നിന്ന് വെളിപാടുകൾ ലഭിച്ചെന്നും ആ മൂന്ന് തവണയും അദ്ദേഹം അത് സ്വീകരിച്ചില്ലെന്നും അവർ പറയുന്നു. യേശു പിശാചിന്ന് വശംവദനായി എന്ന് കേൾക്കുമ്പോൾ തന്നെ നാം ഭയന്നു വിറക്കുന്നു......ഒരു നിർമല ഹൃദയത്തെ പിശാചിന്റെ ചിന്തകൾ സ്പർശിക്കുകയില്ല. അത്തരത്തിലുള്ള എന്തെങ്കിലും ചിന്തകൾ പരിശുദ്ധരെ സമീപിക്കുമ്പോൾ അത് ഉടൻ തിരസ്ക്കരിക്കപ്പെടുന്നു.

വിശുദ്ധ ഖുർആനിൽ ഇത്തരം ചിന്തകൾക്ക് **തായിഫ്** എന്നാണ് പറയപ്പെടുക. അതിന് ഹൃദയവുമായി വളരെ വിദൂരബന്ധമേയുള്ളൂ. ദൂരേയുള്ള മരത്തിന്റെ നിഴൽ പോലെയാണത്. ഇത്തരത്തിലുള്ള നേരിയ സന്ദേഹം യേശുവിന്റെ ഹൃദയത്തിൽ സംജാതമാക്കാൻ പിശാച് ആഗ്രഹിച്ചു എന്ന് വരാം. അത് അപ്പോൾ തന്നെ യേശുവിന്റെ പ്രവാചകത്വത്തിന്റെ ശക്തിയാൽ തിരസ്ക്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ടാവും.

യേശുവിന്റെ പ്രവാചകത്വപരമായ മേധാശക്തികൊണ്ടും അദ്ദേഹം ആർജിച്ച സത്യത്തിന്റെ പ്രകാശ ശക്തികൊണ്ടും പൈശാചിക ചിന്തകൾ അദ്ദേഹത്തിന്റെ അരികിലെത്താൻ അദ്ദേഹം ഒരിക്ക

ലും അനുവദിച്ചിരുന്നില്ല എന്നത് നമ്മുടെ അടിയുറച്ച വിശ്വാസമാണ്.

വെളിച്ചത്തോടൊപ്പം അന്ധകാരത്തിന്ന് നിൽക്കാൻ സാധിക്കാത്തത് പോലെ പിശാചിന്റെ ചിന്തകളെ തിരസ്ക്കരിച്ച് അദ്ദേഹം സ്വയം തന്നെ അവിടെ മേധാവിത്വം സ്ഥാപിച്ചു. പിശാചിന് അദ്ദേഹത്തോടൊപ്പം നിൽക്കാൻ സാധ്യമല്ല. അതു ദൂരത്തേക്ക് ഓടിമറയുന്നു.

**തീർച്ചയായും എന്റെ ദാസരുടെ മേൽ നിനക്ക് യാതൊരു സ്വാധീന ശക്തിയും ഉണ്ടായിരിക്കുകയില്ല. (വി. ഖുർആൻ 15:43)** ശൈത്വാന്റെ നിർദ്ദേശങ്ങളും വെളിപാടുകളും സ്വീകരിക്കുന്നവരിൽ മാത്രമേ ശൈത്വാന്റെ സ്വാധീനമുണ്ടായിരിക്കുകയുള്ളൂ. ഏന്നാൽ പ്രകാശത്തിന്റെ ശരം കൊണ്ട് ശൈത്വാനെതിരെ പ്രക്ഷേപിക്കുകയും വിദൂരത്ത് നിന്നും അവനെ മുറിവേൽപ്പിക്കുകയും അവൻ പറയുന്നതിനെയൊന്നും അനുകരിക്കാതിരിക്കുകയും ചെയ്യുന്നവർ അവന്റെ അധികാര വലയത്തിൽ നിന്നും പുറത്താണ്. സർവ്വശക്തനായ ദൈവം അവർക്ക് അവന്റെ ആകാശഭൂമികളിൽ അതിവർത്തിച്ചു വ്യാപിച്ചുകിടക്കുന്ന സാമ്രാജ്യത്തിന്റെ അഭിദർശന മരുളാൻ ആഗ്രഹിക്കുന്നു. ശൈത്വാൻ ഭൂമിയിലെ സാമ്രാജ്യത്തിന്റെ ഭാഗമാണ്. ഈ ലോക ദർശനത്തിന്റെ പൂർത്തീകരണം എന്ന നിലക്ക് ജിജ്ഞാസയുളവാക്കുന്ന ഈ സൃഷ്ടിയുടെ മുഖം കാണേണ്ടതും ശബ്ദം കേൾക്കേണ്ടതുമുണ്ട്. ദിവ്യവും നിർമലവുമായ അവരുടെ വസ്ത്രങ്ങളിൽ നിന്ന് ശൈത്വാന്റെ കളങ്കങ്ങൾ അണുമാത്ര പോലും പതിയുന്നില്ല. ശൈത്വാൻ അവന്റെ പൗരാണികമായ വഞ്ചനാ മാർഗ്ഗങ്ങളിലൂടെ യേശുവിനോട് ഒരഭ്യർത്ഥന നടത്തുകയുണ്ടായി. ഉടൻ തന്നെ അദ്ദേഹത്തിന്റെ പരിശുദ്ധ പ്രകൃതി അത് നിരാകരിക്കുകയും ചെയ്തു. അത് സ്വീകരിച്ചില്ല. ഇത് യേശുവിനെ സംബന്ധിച്ചേടത്തോളം അപകീർത്തികരമായിരുന്നില്ല. രാജാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ചിലപ്പോൾ മഹാപാപികൾ സംസാരിക്കാറില്ലേ?. ഈ രീതിയിൽ ശൈത്വാൻ ആത്മീയമായി യേശുവിന്റെ ഹൃദയത്തിലേക്ക് അവന്റെ വാക്കുകൾ ഇട്ടുകൊടുത്തു. പക്ഷേ യേശു ശൈത്വാനികമായ ആ വെളിപാടുകൾ സ്വീകരിച്ചില്ല. ഉടനെ നിരാകരിച്ചു. ഇത് സ്തുത്യർഹമായ ഒരു പ്രവർത്തിയാണ്. ഇതിനെ വിമർശിക്കുന്നത് വിഡ്ഢിത്വവും ആത്മീയമായ ദാർശനിക ബോധത്തിന്റെ പരാജയവുമാണ്. യേശു തന്റെ പ്രകാശത്തിന്റെ ചാട്ടവാറടികൊണ്ടു സാധിച്ചത് പോലെ ശൈത്വാന്റെ ദുർബോധനങ്ങൾ നിരാകരിക്കാനും ഹൃദയ പരിശുദ്ധി പ്രകടിപ്പിക്കാനുമുള്ള വഴി എല്ലാ സൂഫിമാർക്കും സ്വാത്വികർക്കും തുറന്നു കൊടുത്തിട്ടില്ല.

സയ്യിദ് അബ്ദുൾ ഖാദിർ ജീലാനി(റഹ്) പറയുകയുണ്ടായി. ഒരിക്കൽ അദ്ദേഹത്തിന്ന് ശൈത്വാനിൽ നിന്നും വെളിപാടുകൾ ലഭിച്ചു. നിന്റെ പ്രാർത്ഥനകളെല്ലാം സ്വീകരിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവർക്ക് നിരോധിക്കപ്പെട്ടിട്ടുള്ളതെല്ലാം നിനക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അതിനാൽ നമസ്കാരം നിർവ്വഹിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. അബ്ദുൾ ഖാദിർ(റഹ്) അവനോട് പഞ്ഞു: കടന്നുപോ ശൈത്വാൻ, റസൂൽ തിരുമേനി(സ)ക്ക് നിരോധിക്കപ്പെട്ടത് എങ്ങിനെ എനിക്ക് അനുവദീയമാകും? അതിന്ന് ശേഷം ശൈത്വാൻ അവന്റെ കനക സിംഹാസനവുമായി തന്റെ കൺമുമ്പിൽ നിന്നു അപ്രത്യക്ഷനായി. ഒരു ദിവ്യാത്മാവും അതുല്യ വ്യക്തിത്വവുമായിരുന്ന അബ്ദുൾ ഖാദിർ ജീലാനിയെ പോലുള്ളവർക്ക് ശൈത്വാന്റെ വെളിപാടുകൾ ലഭിക്കുമെങ്കിൽ ദൈവികാന്വേഷണത്തിൽ പരിപൂർണത പ്രാപിച്ചിട്ടില്ലാത്ത സാധാരണക്കാർ എങ്ങിനെയാണ് അതിൽ നിന്നും രക്ഷപെടുക. അബ്ദുൾ ഖാദിർ ജീലാനിയും യേശുവും ചെയ്തത് പോലെ ശൈത്വാന്റെ വെളിപാടുകൾ തിരിച്ചറിയുന്ന പ്രകാശ ദൃഷ്ടി അവർക്കില്ല. റസൂൽ തിരുമേനി(സ)യുടെ ആഗമന കാലത്തിന്ന് മുമ്പ് അറേബയിൽ ധാരാളം ഭാവി പ്രവചനക്കാർ ഉണ്ടായിരുന്നു. അവർക്ക് ശൈത്വാനിൽ നിന്നും ധാരാളം വെളിപാടുകൾ ലഭിച്ചിരുന്നു. ചിലപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ അവർ പ്രവചനങ്ങൾ നടത്തിയിരുന്നു. അവ സത്യമായി പുലരുകയും ചെയ്തിരുന്നു എന്നത് അത്ഭുതകരമാണ്. ഇസ്ലാമിക സാഹിത്യങ്ങൾ അത്തരം കഥകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു ശൈത്വാന്റെ വെളിപാടുകളുടെ സാധ്യതകളെ നിഷേധിക്കുന്ന റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങളേയും സകല പ്രവാചക വ്യവസ്ഥകളേയും നിഷേധിക്കുകയാണ് ചെയ്യുന്നത്. ഒരവസരത്തിൽ ഒരു ജിന്നിന്റെ പ്രവർത്തിമൂലം നാനൂറ് പ്രവാചകന്മാർക്ക് ശൈത്വാനിൽ നിന്നും വെളിപാടുണ്ടായതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ വെളിപാടിന്റെ അടിസ്ഥാനത്തിൽ അവർ ഒരു രാജാവിന്റെ വിജയം പ്രവചിക്കുകയുണ്ടായി. പക്ഷേ ഈ രാജാവ് യുദ്ധത്തിൽ അതിദാരുണമായി കൊല്ലപ്പെടുകയും പരാജയപ്പെടുകയുമാണുണ്ടായത്. ജിബ്രീലിൽ നിന്നും വെളിപാട് ലഭിച്ച ഒരു പ്രവാചകൻ മാത്രം ആ രാജാവ് കൊല്ലപ്പെടുമെന്നും നായ്ക്കൾ അയാളുടെ മൃതദേഹം ഭക്ഷിക്കുമെന്നും അയാൾക്ക് വമ്പിച്ച പരാജയം സംഭവിക്കുമെന്നും പ്രവചിച്ചിരുന്നു. ഇത് പൂർത്തിയാവുകയും നാനൂറ് പ്രവാചകന്മാരുടേയും പ്രവചനങ്ങളും വ്യാജമാണെന്ന് തെളിയുകയും ചെയ്തു.

സ്വാഭാവികമായും ഇവിടെ ഒരു ചോദ്യമുയരുന്നു. ശൈത്വാന്റെ വെളിപാടുകൾ സാർവ്വത്രികവും യേശുവിനെ പോലെയുള്ള ഉന്നതരായ പ്രവാചകന്മാർക്ക് വരെ അത്തരത്തിലുള്ള ശൈത്വാന്റെ വെളിപാടുകളുടെ അനുഭവമുണ്ടാ

കുകയും ചെയ്തുവെങ്കിൽ എല്ലാ പ്രവചനങ്ങളും സംശയകരമായി തീരില്ലേ? അങ്ങിനെയാണെങ്കിൽ വെളിപാട് വമ്പിച്ച ഒരു പരീക്ഷണമായിരിക്കുകയും ചെയ്യില്ലേ? ഈ ചോദ്യങ്ങളുടെ ഉത്തരം ഇതാണ്. ഇതിൽ നിരാശപ്പെടാൻ യാതൊരു ന്യായവുമില്ല. അമൂല്യമായ എല്ലാറ്റിനുമൊപ്പം എന്തെങ്കിലും വ്യാജവുമുണ്ടായിരിക്കും എന്നതും ഒരു ദിവ്യനിയമമാണ്. നോക്കുക യഥാർത്ഥത്തിലുള്ള മുത്ത് സമുദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. പക്ഷേ വളരെ വിലകുറഞ്ഞ വ്യാജമുത്തുകൾ ആളുകൾ സ്വയം നിർമ്മിക്കാറുണ്ട്. വ്യാജമുത്തുകൾ ലഭിക്കുന്നു എന്നത് കൊണ്ട് യഥാർത്ഥ മുത്തിന്റെ വ്യാപാരം നിർത്തിവെക്കാൻ പറ്റില്ലല്ലോ. ഒരു മുത്തു വ്യാപാരിക്ക് യഥാർത്ഥ മുത്ത് ഏതാണെന്നും വ്യാജമുത്ത് ഏതാണെന്നും തിരിച്ചറിയാനുള്ള അന്തർദൃഷടി ദൈവം നൽകിയിട്ടുണ്ട്. കാലഘട്ടത്തിന്റെ ഇമാം വെളിപാടാകുന്ന യഥാർത്ഥ മുത്തുകൾ തിരിച്ചറിയുന്ന ഒരു രത്ന വ്യാപാരിയാണ്. കാലത്തിന്റെ ഇമാമുമായി സഹവർത്തിത്വമുള്ളവർക്ക് സത്യവും അസത്യവും എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും. അല്ലയോ സൂഫികളെ, ജാഗരൂഗരായികൊണ്ട് ഇതിൽ കാൽവെക്കുക. ഓർമിക്കുക, ദൈവത്തിൽ നിന്നുള്ള യഥാർത്ഥ വെളിപാടുകൾക്ക് താഴെ പറയുന്ന പ്രത്യേകതകളുണ്ട്. യഥാർത്ഥ വെളിപാടുകളുടെ പ്രത്യേകതകൾ.

1. സ്വീകർത്താവിന്റെ ഹൃദയം അത് ലഭിക്കുന്ന സമയത്ത് സത്യത്തിന്റെ വേദനകൊണ്ട് ആർദ്രമാവുകയും സ്വഛമായ തെളിനീരു പോലെ അത് ദൈവത്തിന് നേരെ ഒഴുകുകയും ചെയ്യും ഇതിന്റെ സൂചന ഹദീസിലുണ്ട്. അതായത് വിശുദ്ധ ഖുർആൻ ദുഖത്തിന്റെ അവസ്ഥയിലാണ് അവതരിക്കപ്പെട്ടത്. അത്കൊണ്ട് ദുഖിക്കുന്ന ഹൃദയാവസ്ഥയിൽ നിങ്ങൾ അത് ഗ്രഹിക്കുകയും വേണം.

2. സത്യവെളിപാട് അവാച്യമായ ഒരു ആനന്ദം ഉൾക്കൊള്ളുന്നു. അജ്ഞാതമായ തരത്തിൽ അതിന്റെ ദൃഢത ബോദ്ധ്യമാവുകയും ഒരു ഇരുമ്പാണിപോലെ ഹൃദയത്തിലേക്ക് അത് തുളഞ്ഞു കയറുകയും ചെയ്യുന്നു. അതിലെ വചനങ്ങൾ വാഗ്മിത്വമുള്ളതും പ്രമാദങ്ങളിൽ നിന്നും മുക്തവുമായിരിക്കും

3. സത്യവെളിപാടിന്ന് രാജപ്രൗഢിയും ഔന്നത്യവുമുണ്ട്. അത് ഹൃദയത്തിൽ ശക്തിയിൽ പതിക്കുകയും ഗംഭീരമാർന്ന ശബ്ദത്തിൽ ഹൃദയത്തിന്മേൽ ഇറങ്ങുകയും ചെയ്യുന്നു. വ്യാജവെളിപാടുകൾ തസ്ക്കരന്മാരെ പോലെയും, ഷണ്ഡന്മാരുടേയും സ്ത്രീകളുടേയും പതിഞ്ഞ ശബ്ദത്തിലുമാണ് വിനിമയം ചെയ്യപ്പെടുക. എന്തുകൊണ്ടെന്നാൽ ശൈത്വാൻ തസ്ക്കരനും ഷണ്ഡനും സ്ത്രീയുമാണ്.

4. സത്യവെളിപാടുകൾ ദൈവത്തിന്റെ ശക്തിയാൽ പ്രഭാവിതമായിരിക്കും. അതിൽ സത്യമായി പുലരുന്ന പ്രവചനമടങ്ങിയിരിക്കും.

5. സത്യവെളിപാടുകൾ കർത്താവിന്റെ നന്മകളെ ദൈനം ദിനം പരിപോഷിപ്പിക്കുകയും അവനിൽ അന്തർലീനമായ അശുദ്ധികളിൽ നിന്നും അവനെ പരിശുദ്ധനാക്കുകയും അവന്റെ ധാർമിക നിലവാരം ഉയർത്തുകയും ചെയ്യും.

6. സത്യവെളിപാടുകൾ സ്വീകർത്താവിന്റെ ആന്തരിക ശക്തികൾ ആസകലം സാക്ഷ്യം വഹിക്കുകയും അത് അയാളുടെ കഴിവുകളിൽ നിർമലമായ ഒരു നവദീപ്തി തൂവുകയും അയാളിൽ സ്വയം തന്നെ ഒരു മാറ്റം സംഭവിച്ചതായി അനുഭവവേദ്യമാവുകയും ചെയ്യുന്നു. അയാളുടെ പഴയജീവിതത്തിന്ന് അന്ത്യം കുറിക്കുകയും അർവ്വാചീനമായൊരു നവജീവിതം ആരംഭിക്കുകയും ചെയ്യുന്നു. അങ്ങനെ അയാൾ മാനവരാശിയോടുള്ള അനുകമ്പയുടെ സ്രോതസ്സായി വർത്തിക്കുകയും ചെയ്യുന്നു. സത്യവെളിപാടുകൾ ഒരേ ശബ്ദത്തിൽ അവസാനിക്കുന്നില്ല.

ദൈവത്തിന്റെ ശബ്ദത്തിന് നൈരന്തര്യമുണ്ട്. ദൈവം വളരെ മാന്യനാണ് പ്രണിപതിച്ചവന്ന് നേരെ തിരിഞ്ഞുകൊണ്ട് ദൈവം അവന്റെ അർത്ഥനകൾക്കെല്ലാം ഉത്തരം നൽകുന്നു.

7. സത്യവെളിപാടിന്റെ സ്വീകർത്താവ് ഒരു ഭീരുവായിരിക്കില്ല. ഒരു വ്യാജവാദിക്കുനേരെ അയാൾ എത്ര വലിയ എതിരാളിയായിരുന്നാലും മുന്നോട്ട് വരാൻ സത്യവാദി ഭയപ്പെടുകയില്ല. കാരണം തന്നോടോപ്പം ദൈവമുണ്ടെന്നും അവൻ എതിരാളിയെ നിന്ദ്യമായ നിലയിൽ പരാജയപ്പടുത്തുമെന്നും അദ്ദേഹം അറിയുന്നു.

8. സത്യ വെളിപാടുകളധികവും ദിവ്യജ്ഞാനം ലഭിക്കുന്നതിനും ദൈവത്തെ അറിയുന്നതിനുമുള്ള ഉപാധികളാണ്. കാരണം സത്യവെളിപാടിന്റെ സ്വീകർത്താവിനെ ദൈവം അറിവില്ലാത്തവനും വിഢിയുമായി കൈയ്യൊഴില്ല.

9. സത്യവെളിപാടുകളോടൊപ്പം പല അനുഗ്രഹങ്ങളുമുണ്ട. വെളിപാടുകൾ ലഭിക്കുന്നയാൾ അദൃശ്യങ്ങളിൽ നിന്നുള്ള അനുഗ്രഹങ്ങളാൽ അനുഗ്രഹീതനാകുന്നു. അയാൾക്ക് അന്തസ്സ് നൽകപ്പെടുകയും ചെയ്യുന്നു. (സറൂറത്തുൽ ഇമാം പേജ് 13-19)



ഭാഗം – 23

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ ജീവചരിത്ര പുരാണം

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ജീവചരിത്രം തയ്യാറാക്കണമെന്ന ആശയവും ആഗ്രഹവും ഏറ്റവും ആദ്യം ഹക്കീം ഫിറോസുദ്ദീൻ സാഹിബ് ലാഹോരിയുടെ മനസ്സിലാണുദിച്ചത്. ആ അവസരത്തിൽ ഫിറോസുദ്ദീൻ സാഹിബ് ഹദ്റത്ത് മൗലവി സാഹിബിന്റെ സഹായത്തോടെ رموزالاطباء (റുമൂസുൽ അത്വിബ്ബാഅ്) എന്ന ഒരു വൈദ്യ ശാസ്ത്ര ഗ്രന്ഥം തയ്യാറാക്കി വരികയായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലുദിച്ച ഈ ആഗ്രഹം ഹുസൂറിനെ അറിയിച്ചപ്പോൾ ഹുസൂർ അതു സമ്മതിക്കുകയും തന്റെ ജീവചരിത്ര സംഭവങ്ങൾ സമയവും സന്ദർഭവുമനുസരിച്ചു അദ്ദേഹത്തിനു പറഞ്ഞു കൊടുക്കാൻ തുടങ്ങുകയും ചെയ്തു. അങ്ങനെ തയ്യാറാക്കിയ ആ ചരിത്ര വിവരണം ജമാഅത്തിൽ 'മർഹമെ ഈസാ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഹക്കീം മുഹമ്മദ് ഹുസൈൻ സാഹിബ് 'ഹക്കീം ഹാസിഖ്' (Expert physician)എന്ന തന്റെ മാസികയുടെ 1907 ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ വിവരണത്തിന്റെ സംഗ്രഹം ഫിറോസുദ്ദീൻ സാഹിബ് താൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന رموزالاطباء യുടെ ആരംഭത്തിൽ തന്നെ ഹുസൂറിന്റെ ഒരു ഛായാചിത്രത്തോടൊപ്പം ചേർക്കുകയും ചെയ്തു. ഇതിനു ശേഷം ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി 1910 ൽ ഹുസൂറിന്റെ ജീവചരിത്ര പരമ്പര ഹയാത്തെ നൂർ എന്ന പേരിൽ തന്റെ വാരികയിൽ ആരംഭിച്ചു. പക്ഷേ, അതു ഏതാനും ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചതല്ലാതെ ആ പരമ്പര ചില കാരണങ്ങളാൽ തുടർന്നു മുന്നോട്ടു പോയില്ല.

പിന്നീട് 1912ൽ പണ്ഡിതനും എഴുത്തുകാരനും ചരിത്ര വിഷയങ്ങളിൽ വളരെ താൽപര്യവുമുള്ള സ്ഥിരോത്സാഹിയായ അക്ബർ ശാഹ് ഖാൻ സാഹിബ് നജീബ് ആബാദി എന്ന ജമാഅത്തിലെ ഒരു സഹോദരൻ ഏറെ ശ്രമകരവും വളരെ സമയം ആവശ്യവുമായ ഈ വെല്ലുവിളി ഏറ്റെടുത്തു കൊണ്ട് മുന്നോട്ടു വന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോടുള്ള സ്നേഹാദരവുകൾ നിമിത്തം ഹുസൂറിന്റെ സംഭവ ബഹുലമായ ജീവിതം ക്രോഡീകരിക്കണമെന്നത് അദ്ദേഹത്തിന്റെ വലിയൊരു ആഗ്രഹമായിരുന്നു. ഹുസൂർ ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ കാലങ്ങളായി നടത്തുന്ന ഖുർആൻ ദറസിൽ കഴിഞ്ഞ ആറു വർഷമായി മുടങ്ങാതെ പങ്കെടുത്തു കുറിപ്പുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന വ്യക്തിയാണദ്ദേഹം. അതിനുപുറമെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ രചിച്ച ഗ്രന്ഥങ്ങൾ, ചെയ്ത ഖുതുബകൾ, പ്രസംഗങ്ങൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന ഉപദേശ നിർദേശങ്ങൾ, മറ്റു അധ്യാപനങ്ങൾ എന്നിവയുടെ സമഗ്രമായ ഒരു വിവരണവും അക്ബർ ശാഹ് ഖാൻ സാഹിബ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. അതിന്റെയൊക്കെ ഒരു കോപ്പി ഹദ്റത്ത് മൗലവി സാഹിബിനു മുന്നിൽ സമർപ്പിച്ചുകൊണ്ട് അക്ബർ ശാഹ് സാഹിബ് ഹുസൂറിന്റെ ജീവചരിത്രം എഴുതാനുള്ള ആഗ്രഹം നേരിട്ടു പ്രകടിപ്പിച്ചു. 1908ൽ വാഗ്ദത്ത മഹ്ദി മസീഹിന്റെ നിര്യാണത്തെ തുടർന്നു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് അപ്പോഴേക്കും ഖലീഫത്തുൽ മസീഹ് അവ്വൽ എന്ന മഹനീയ

സ്ഥാനത്തു അവരോധിക്കപ്പെട്ടതിനാൽ ഹുസൂറിന്റെ തിരക്കുകൾ മുമ്പത്തെക്കാൾ കൂടുതൽ വർദ്ധിച്ചിട്ടുണ്ടായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

എങ്കിലും ഹുസൂർ അദ്ദേഹത്തിനു അനുമതി നൽകുകയും തന്റെ ജീവിതത്തിലെ വിവിധ സംഭവങ്ങൾ സമയവും ഓർമയുമനുസരിച്ചു അക്ബർ ശാഹ് സാഹിബിനു മുന്നിൽ വിവരിക്കാൻ തുടങ്ങി. ആ ധന്യ ജീവിതത്തിലെ ധന്യ മുഹൂർത്തങ്ങളും സംഭവങ്ങളും ഹുസൂറിൽ നിന്നു കേട്ടതു പോലെ തന്നെ അദ്ദേഹം കടലാസ്സിൽ പകർത്തിയെടുത്തു. 1912 ഫിബ്രവരി മുതൽ ജൂൺ വരെയുള്ള അഞ്ചു മാസം കൊണ്ട് തന്റെ ഖാദിയാൻ ഹിജ്റത്ത് വരെയുള്ള പ്രധാന സംഭവങ്ങൾ ഹുസൂർ അക്ബർ ശാഹ് സാഹിബിനു വിവരിച്ചു കൊടുത്തു. പല പല സന്ദർഭങ്ങളിലായി ഹുസൂറിൽ നിന്നു കേട്ടതു പോലെ തന്നെ എഴുതിയെടുത്തു ക്രോഡീകരിച്ചതിനാൽ സംഭവങ്ങൾക്കു പരസ്പരം ബന്ധമോ തുടർച്ചയോ ഒരു സാധാരണ ജീവചരിത്ര ഗ്രന്ഥത്തിന്റെ അടുക്കോ ചിട്ടയോ ഒരു പക്ഷേ, ഈ ഗ്രന്ഥത്തിനു കണ്ടെന്നിരിക്കില്ല. എങ്കിലും ഹുസൂറിന്റെ ജീവിതത്തിലെ ചെറുതും വലുതുമായ സംഭവങ്ങൾ ജീവിതക്ലേശങ്ങൾ, സന്തോഷങ്ങളും സന്താപങ്ങളും, പല പല പ്രതിസന്ധിഘട്ടങ്ങളിൽ ഹുസൂർ നൽകിയ ഉപദേശങ്ങൾ എല്ലാം തന്നെ അദ്ദേഹം ക്രോഡീകരിച്ചിട്ടുണ്ട്. വളരെ ശ്രമകരവും വലിയ സമയം ആവശ്യവുമായ ഒരു മഹത്തായതും മഹനീയവുമായ ഒരു പുണ്യ കർമമാണു അദ്ദേഹം നിർവഹിച്ചത്.

ക്രോഡീകരണവുമായി ബന്ധപ്പെട്ടു അക്ബർ ശാഹ് സാഹിബ് പറയുകയാണ്. കടലാസ്സും പെൻസിലുമായി ഞാൻ ഹുസൂറിനു മുന്നിൽ ചെന്നിരിക്കും. രോഗികൾ, ശിഷ്യർ, അതിഥികൾ, വിദ്യാർഥികൾ, ആശ്രിതർ, സന്ദർശകർ, ജമാഅത്തിന്റെ ഉദ്യോഗസ്ഥർ തുടങ്ങി പല പല ആവശ്യക്കാർ ഹുസൂറിനു ചുറ്റുമുണ്ടാകും. ഒരേ സമയം ഓരോരുത്തരുടേയും ആവശ്യങ്ങൾ മനസ്സിലാക്കി അവരോടു കൃത്യമായി ഹുസൂർ സംസാരിക്കും. എല്ലാവരുടേയും പ്രശ്നങ്ങളും ആവശ്യങ്ങളും ഹുസൂറിനു നന്നായിട്ടറിയാം. രോഗികളെ പരിശോധിച്ചു മരുന്നു കുറിക്കുന്നതിനിടയിൽ ഹുസൂറിന്റെ കാരുണ്യ കടാക്ഷത്തിനായി കാത്തിരിക്കുന്ന എന്നെ നോക്കി പറയും അക്ബർ സാഹിബ് കുറേ നേരമായല്ലോ കാത്തിരിക്കുന്നു അല്ലേ? വരൂ ഇനി താങ്കളും കുറച്ചു എഴുതിക്കോളൂ എന്നിട്ട് അനന്തമായി പരന്നു കിടക്കുന്ന തന്റെ ജീവചരിത്ര പ്രവാഹം എന്റെ നേരെ തുറന്നു വിടും അതു അനർഗളമായി ഒഴുകും. ഞാൻ എഴുതിക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്കു പ്രാസംഗികരുടെ പ്രസംഗങ്ങൾ അക്ഷരം വിടാതെ എഴുതിയെടുക്കാൻ സാധിക്കാറുണ്ട്. ഹുസൂർ എന്റെ മുന്നിൽ സംഭവങ്ങൾ വിവരിക്കുന്നതിനിടയിൽ മറ്റുള്ളവരോടും സംസാരിക്കും. രോഗികൾക്കു മരുന്നു നിർദേശിക്കും. ചിലരുടെ അപേക്ഷകളും സങ്കടഹർജികളും വായിക്കും മറുപടി പറയും പരിഹാരം നിർദേശിക്കും. വീണ്ടും എന്റെ ഭാഗത്തേക്ക് തിരിയും. നിർത്തിയിടത്തു നിന്നു തന്നെ വീണ്ടും തുടരും. ഹുസൂറിന്റെ വിവരണം അതേപടി എഴുതിയെടുത്ത് വീട്ടിൽ കൊണ്ടു വന്നു ഞാനൊന്നു വായിച്ചു നോക്കും. എന്നാൽ വാക്കുകൾക്കോ വാചകങ്ങൾക്കോ കൂടുതൽ തെളിച്ചവും വ്യക്തതയും നൽകുന്നതിനായി എനിക്കെപ്പോഴെങ്കിലും വാക്കുകളോ അക്ഷരങ്ങളോ കൂട്ടുകയോ കുറക്കുകയോ ചെയ്യേണ്ടി വന്നിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. ഈ തിരക്കിലും അത്ര കണിശമായിരുന്നു ഹുസൂറിന്റെ വിവരണങ്ങൾ.

അക്ബർ ശാഹ് ഖാൻ സാഹിബ് നജീബ് ആബാദി കഠിനാദ്ധ്വാനം ചെയ്തു തയ്യാറാക്കിയ ആ ഗ്രന്ഥം 1912ന്റെ അവസാനത്തിൽ മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 300ൽ പരം പുറങ്ങളുള്ള ആ ഗ്രന്ഥം ഖാദിയാനിലേയും റബ്വയിലേയും പ്രചരണ പ്രസിദ്ധീകരണ വിഭാഗം (നസാറത്ത് നശ്റൊ ഇശാഅത്ത്) പലതവണ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വായനക്കാരിൽ വളരെ അഭിരുചിയുളവാക്കിയ ആ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗവും അദ്ദേഹം തയ്യാറാക്കിയിരുന്നുവെങ്കിലും, നിർഭാഗ്യമെന്നു പറയട്ടെ അപ്പോഴേക്കും അദ്ദേഹം ജമാഅത്തിന്റെ ഭാഗമല്ലാതായിത്തീർന്നതിനാൽ അതു വെളിച്ചം കണ്ടില്ല. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ പോലുള്ള ഒരു മഹാത്മാവിനെ കൂടുതലറിയാൻ തീർച്ചയായും അക്ബർ ശാഹ് ഖാൻ സാഹിബ് തയ്യാറാക്കിയ ഈ ഗ്രന്ഥം നല്ലൊരു സഹായിയായിരിക്കും. ഏതാനും വരികളിൽ അദ്ദേഹത്തിന്റെ ചെറിയൊരു ജീവചരിത്രം ഇവിടെ വായനക്കാരുമായി പങ്കുവെക്കുന്നത് അനുചിതമാവുകയില്ലെന്നു കരുതുന്നു.

ഉത്തർപ്രദേശിലെ ബിജ്നൂർ ജില്ലയിലെ ചെറിയൊരു പട്ടണമായ നജീബാബാദിൽ 1875 ലാണു അദ്ദേഹം ജനിച്ചത്. പണ്ഡിതനും ചരിത്രകാരനും എഴുത്തുകാരനുമായി അദ്ദേഹം അറിയപ്പെട്ടു. പല ഗ്രന്ഥങ്ങളുടേയും രചയിതാവായ അദ്ദേഹത്തിന്റെ മൂന്നു വാള്യങ്ങളുള്ള 'താരീഖെ ഇസ്ലാം' (ഇസ്ലാമിക ചരിത്രം) ഇന്ത്യൻ മുസ്ലിം ലോകത്തു വളരെ പ്രശസ്തമാണ്. ഹദ്റത്ത് മസീഹ് മൗഊദിനോടും ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടും അളവറ്റ ആദരവും സ്നേഹവും പ്രതിപത്തിയും ആത്മാർഥയും കാണിച്ചിരുന്ന അദ്ദേഹം എപ്പോഴാണു ബൈഅത്തു ചെയ്തതെന്നു കൃത്യമായി അറിയാൻ സാധിച്ചില്ല.

1906 മുതൽ1914 വരെ അദ്ദേഹം ഖാദിയാനിൽ താമസിക്കുകയും അവിടെ ജോലിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ രണ്ടാം ഖിലാഫത്തു കാലത്തു ഇദ്ദേഹം ലാഹോരി ജമാഅത്തിൽ ചേക്കേറുകയും അവിടെ നിന്നു അധികം താമസിയാതെ വീണ്ടും പിറകോട്ടു കുതിച്ചു കൊണ്ട് സുന്നത്ത് ജമാഅത്തിൽ ചെന്നു പതിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം മസീഹ് മൗഊദിനെയോ ഖലീഫത്തുൽ മസീഹിനെയോ ഒരിക്കലും ആക്ഷേപിച്ചിട്ടില്ല എന്നാണറിവ്. 1938 മെയ് 10-ാം തീയതി ഉദര സംബന്ധമായ അസുഖത്താൽ അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു. (കടപ്പാട് : ഗൂഗ്ൾ വിക്കിപീഡിയ)

ഇദ്ദേഹത്തെ കുറിച്ചു ഇത്രയും എഴുതാൻ കാരണമെന്താണെന്നു വായനക്കാർ ആലോചിക്കുന്നുണ്ടാകാം. അക്ബർ ശാഹ് ഖാൻ സാഹിബ് നജീബ് ആബാദിയുടെ മനസ്സിൽ ഹദ്റത്ത് മസീഹെ മൗഊദിനും ഖലീഫത്തുൽ മസീഹ് അവ്വൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനുമുള്ള സ്ഥാനമെന്തായിരുന്നുവെന്നു കാണിക്കുന്ന ഒരു ചെറിയ സംഭവം വിവരിക്കുവാൻ വേണ്ടി മാത്രമാണു ഇത്രയും എഴുതിയത്. ഈ പശ്ചാത്തലം വിവരിച്ചില്ലെങ്കിൽ അദ്ദേഹത്തെ കൂടുതലായി മനസ്സിലാക്കാൻ സാധിക്കാതെ പോകും.

അക്ബർ ശാഹ് ഖാൻ സാഹിബ് ഖാദിയാനിൽ താമസിക്കുന്ന അവസരത്തിൽ അദ്ദേഹത്തിനു നാട്ടിൽ നിന്നും ഒരു കത്തു കിട്ടി. പിതാവ് മൗലവി നാദിർ ശാഹ് ഖാൻ സാഹിബിനു സുഖമില്ലെന്നും ഗുരുതരാവസ്ഥയിലാണെന്നുമാണു കത്തിലെ വിവരം. കത്തു വായിച്ചു വളരെ വിഷമിച്ചിരിക്കുമ്പോൾ അൽപം കഴിഞ്ഞു മറ്റൊരു കത്തു കൂടി കിട്ടി. അതിൽ മാതാവിനും തീരെ സുഖമില്ലെന്നു എഴുതിയിട്ടുണ്ടായിരുന്നു. അദ്ദേഹം പിന്നെ ഒന്നും ആലോചിച്ചില്ല. മസീഹ് മൗഊദിന്റെ ഏറ്റവും പ്രിയപ്പെട്ട വ്യക്തിയായ മൗലവി സാഹിബിന്റെ ദുആയിലൂടെ തന്റെ മാതാപിതാക്കൾക്കു അല്ലാഹു പുതു ജീവൻ നൽകുമെന്ന ആശ്വാസത്തിൽ വളരെ ദു:ഖത്തോടും ഉൽകണ്ഠയോടും കൂടി രണ്ടു കത്തുമായി അദ്ദേഹം നേരെ മൗലവി സാഹിബിന്റെ അടുക്കലേയ്ക്കോടി. സലാം ചൊല്ലിയ ഉടനെ അതായത് മൗലവി സാഹിബിനു വ അലൈക്കുമുസ്സലാം എന്നു പോലും പറയാനുള്ള അവസരം നൽകാതെ നാട്ടിൽ നിന്നും കത്തു വന്നിരിക്കുന്നുവെന്നും മാതാപിതാക്കൾ രണ്ടു പേർക്കും തീരെ സുഖമില്ലെന്നും അതുകൊണ്ട് ദുആ ചെയ്യണമെന്നും വളരെ വിഷമത്തോടെ അദ്ദേഹം അപേക്ഷിച്ചു. അല്ലെങ്കിൽ ഒറ്റശ്വാസത്തിൽ പറഞ്ഞു തീർത്തു. മൗലവി സാഹിബ്, വ അലൈക്കുമുസ്സലാം എന്നു പറഞ്ഞു കൊണ്ട് അപ്പോൾ തന്നെ ഒരു ഭാവഭേതവും കൂടാതെ അവർ രണ്ടുപേരും സുഖം പ്രാപിച്ചിരിക്കുന്നു. അല്ലെങ്കിൽ ഉടനെ സുഖപ്പെടും എന്നു പറയുകയുണ്ടായി. അക്ബർ ശാഹ് സാഹിബ് പറയുകയാണു ഈ പറഞ്ഞതു മറ്റാരെങ്കിലും കേൾക്കുകയാണെങ്കിൽ ഞാൻ പറഞ്ഞതിനു യാതൊരു വിലയും കൽപിക്കാതെ മൗലവി സാഹിബ് അലക്ഷ്യ ഭാവത്തിൽ പറഞ്ഞതാണെന്നു ധരിച്ചേക്കും.

അദ്ദേഹം എഴുതുകയാണു മൗലവി സാഹിബിന്റെ മറുപടി കേട്ടപ്പോൾ എനിക്കു വലിയ ആശ്വാസമായെന്നു മാത്രമല്ല നബി തിരുമേനി (സ) യുടെ ഒരു ഹദീസ് ഒരു മിന്നൽ പിണർ പോലെ പെട്ടെന്നു എന്റെ ഹൃദയത്തിലൂടെ കടന്നു പോയി. ആ ഹദീസ് ഇതായിരുന്നു.

رُبَّ أَشْعَثَ أغبرَ مَدْفُوعٍ بالأبواب
لو أقسم على الله لأَبَرَّهُ

ജനങ്ങളിൽ ചിലർ പാറിപ്പറക്കുന്ന അലങ്കോലപെട്ട തലമുടിയോടും ശരീരം പൊടിപടലം കൊണ്ട് മൂടിയവരും ഉണ്ടാവാം. അവരുടെ ബാഹ്യരൂപം കണ്ട് വാതിലുകൾ അവർക്കു നേരെ അടച്ചു തങ്ങളിൽ നിന്നും ജനങ്ങൾ അവരെ അകറ്റി നിർത്തും. എന്നാൽ അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആത്മീയമായി വളരെ ഉയർന്ന വരായിരിക്കാം. അത്തരക്കാർ അല്ലാഹുവിന്റെ നാമത്തിൽ വല്ലതും ആണയിട്ടു പറഞ്ഞാൽ അല്ലാഹു അവർ പറഞ്ഞതിനെ സാക്ഷ്യപ്പെടുത്തും അല്ലെങ്കിൽ പൂർത്തിയാക്കും.

അദ്ദേഹം പറയുകയാണു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ അധരങ്ങളിലൂടെ വന്ന ആ വാക്കുകൾ തന്നേയാണു ദുആ. ആ മഹാന്റെ വാക്കുകൾ അല്ലാഹു പാഴാക്കിക്കളയുകയില്ല. അതു സ്വീകരിക്കപ്പെടുക തന്നെ ചെയ്യും. എനിക്കു സമാധാനമായി. എന്റെ മാതാപിതാക്കളുടെ അസുഖം ഭേദപ്പെട്ടിട്ടുണ്ടാകുമെന്നു തന്നെ ഞാൻ ദൃഢമായും വിശ്വസിച്ചു. രാവിലെ പതിനൊന്നു മണിക്കായിരുന്നു ഞാൻ മൗലവി സാഹിബിന്റെ അടുക്കൽ ചെന്നത്. പിന്നീട് പിതാവിന്റെ കത്തു വന്നു. ജൂലായ് 15-ാം തീയതി രാവിലെ ഏകദേശം പതിനൊന്നു മണിയോടു കൂടി പെട്ടെന്നു ഒരു ക്ഷണത്തിൽ ഞങ്ങൾ രണ്ടു പേരുടേയും അസുഖം ഒരു തരത്തിലുള്ള രോഗലക്ഷണവും ബാക്കിയില്ലാത്ത വിധം ഭേദപ്പെട്ടിരിക്കുന്നു. അൽഹംദുലില്ലാഹ്. അക്ബർ ശാഹ് ഖാൻ സാഹിബ് തുടർന്നെഴുതുകയാണു അല്ലയോ, മസീഹെ മൗഊദ്! അല്ലാഹു അങ്ങയുടെ മേൽ ആയിരമായിരം അല്ല ലക്ഷോപലക്ഷം അതുമല്ല എണ്ണമറ്റ റഹ്മത്തും ബർക്കത്തും വർഷിക്കുമാറാകട്ടെ. അങ്ങയുടെ അദ്ധ്യാപനങ്ങളുടെ പ്രഭാവവും വീര്യവും ഞാൻ കണ്ടിരിക്കുന്നു. അങ്ങയുടെ മുരീദും ശിഷ്യനുമായ മൗലവി നൂറുദ്ദീൻ സാഹിബിന്റെ ദുആയുടെ ഫലമായി മൃതദേഹങ്ങൾ എഴുന്നേറ്റു ജീവിതത്തിലേയ്ക്കു തിരിച്ചു

വന്നിരിക്കുന്നു. സുബ്ഹാനല്ലാഹ് !

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നുവെങ്കിലും അക്ബർ ശാഹ് ഖാൻ സാഹിബ് നജീബ് ആബാദിയുടെ ഹൃദയത്തിൽ ഹദ്റത്ത് മസീഹ് മൗഊദിനോടും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോടുമുള്ള സ്നേഹവും ആദരവും ഇത്ര ശക്തമായിരുന്നുവെങ്കിലും, തന്റെ അനുസരണത്തെയും വിധേയത്വത്തേയും നിലനിർത്തുവാനോ ആ വിശ്വാസത്തെ സംരക്ഷിക്കുവാനോ അദ്ദേഹത്തിന്നായില്ല. ദൈവിക പ്രസ്ഥാനങ്ങൾക്കിടയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ സാധാരണമാണു. അതു റസൂൽ കരീമി (സ) ന്റെ വഹ്യ് എഴുതുന്ന സ്വഹാബി വര്യനായാലും മസീഹ് മൗഊദിനോടൊപ്പം ഒരു മുറിയിൽ ഒന്നിച്ചു കഴിഞ്ഞവരായാലും ശരി അതു സംഭവിക്കാം. എപ്പോഴാണു കാൽവഴുതിപ്പോവുക എന്നറിയില്ല. നമ്മുടെ ഗമനം വളരെ കരുതലോടെയായിരിക്കണം. ചുറ്റും പ്രലോഭനങ്ങളുടെ ചെളിയാണ്. വഴുവഴുപ്പാണ് കാലിടറാൻ സാദ്ധ്യത വളരെ കൂടുതലാണു. അതിനാൽ നമ്മുടെ ഈമാനെ സംക്ഷിക്കുവാനായി എപ്പോഴും ഈ ദുആ ചെയ്യുന്നതു നന്നായിരിക്കും.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ
لَنَا مِنْ لَدُنْكَ رَحْمَةً إِنَّكَ أَنْتَ الْوَهَّابُ

ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ! നീ ഞങ്ങൾക്കു നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ! നിശ്ചയമായും നീ തന്നേയാണു ഏറ്റവും വലിയ അനുഗ്രഹ ദാതാവ് (ഖുർആൻ 3:9) ആമീൻ

അക്ബർ ശാഹ് ഖാൻ സാഹിബ് നജീബ് ആബാദി രചിച്ച ജീവചരിത്ര ഗ്രന്ഥത്തിനു ശേഷം ഹദ്റത്ത് മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൗദാഗർമലിനു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ 800 പേജുകളോളമുള്ള വളരെ വിശദവും ബൃഹത്തായതുമായ ഒരു ജീവചരിത്ര ഗ്രന്ഥം തയ്യാറാക്കാനുള്ള തൗഫീഖ് അല്ലാഹു നൽകി. ബദ്ർ, അൽഫസ്ൽ, അൽഹഖം തുടങ്ങിയ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ഹദ്റത്ത് മൗലവി സാഹിബുമായി ബന്ധപ്പെട്ട സംഭവങ്ങളുടേയും അക്ബർ ശാഹ് ഖാൻ സാഹിബ് രചിച്ച മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ എന്ന ഗ്രന്ഥത്തിന്റേയും അന്നു ജീവിച്ചിരിപ്പുള്ള ഹദ്റത്ത് മസീഹ് മൗഊദിന്റെ പല പ്രമുഖരായ സഹാബാക്കളുടേയും നിവേദനങ്ങളുടെ വെളിച്ചത്തിൽ കഠിന പ്രയത്നത്തിലൂടെയാണു അദ്ദേഹം ഇതു യാഥാർഥ്യമാക്കിയത്. 1910 ൽ ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി അൽഹഖം പത്രത്തിൽ ആരംഭിച്ച ജീവചരിത്ര പരമ്പരയുടെ പേരിനെ അനുസ്മരിച്ചു കൊണ്ട് ഈ ഗ്രന്ഥത്തിന്റേയും പേര് 'ഹയാത്തെ നൂർ' എന്നു തന്നെയാണ് അദ്ദേഹം നാമകരണം ചെയ്തതു. ഇതു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി (റ)ന്റെ വളരെ വിശദവും ആധികാരികവുമായ ഒരു ജീവ ചരിത്ര ഗ്രന്ഥമാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ ഖമറുൽ അമ്പിയാ (റ) തന്റെ അവസാന കാലത്തു ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്ത് പ്രതി ഏറെക്കുറേ പരിശോധിക്കുകയും അതിനു അവതാരികയെഴുതുകയും ചെയ്തിട്ടുണ്ട് എന്നത് ഈ ഗ്രന്ഥത്തിന്റെ ആധികാരികത വർദ്ധിപ്പിക്കുന്നു.

ഹദ്റത്ത് മൗലവി ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബും 'താരീഖെ അഹ്മദിയത്തി'ന്റെ മൂന്നാം വാള്യത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി (റ)ന്റെ വിശദമായ ജീവചരിത്രം എഴുതിയിട്ടുണ്ട്. ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) ഇംഗ്ലീഷിൽ രചിച്ച Hadrat Maulawi Nur-ud-Din (ra) Khalifatul masih I എന്നപുസ്തകമാണു എടുത്തു പറയേണ്ട മറ്റൊരു ജീവചരിത്ര ഗ്രന്ഥം. പതിനെട്ടു അദ്ധ്യായങ്ങളുള്ള ആ ഗ്രന്ഥത്തിന്റെ പതിനേഴു അദ്ധ്യായങ്ങളും ഹദ്റത്ത് മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൗദാഗർമൽ രചിച്ച ഹയാത്തെ നൂറിനെ ആസ്പദമാക്കി എഴുതിയതാണെന്നു ഹദ്റത്ത് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. രണ്ടു വർഷത്തിൽ കൂടുതലായി ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ ജീവചരിത്രമെഴുതാൻ, ആ മഹാസാഗരത്തെ ഭരണിയിലൊതുക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന ഈയുള്ളവനു മുന്നിൽ, മുകളിൽ പറഞ്ഞ എല്ലാ ഗ്രന്ഥങ്ങളും അൽഫസ്ൽ പോലുള്ള പത്രങ്ങളും അൽ ഫുർഖാൻ പോലുള്ള മാസികകളും സഹായത്തിനായി തുറന്നു കിടപ്പുണ്ട്.

## യജമാനന്റെ കൽപനയും ദാസന്റെ അനുസരണവും

1905 ഒക്ടോബർ 22-ാം തീയതി ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉമ്മുൽ മുഅ്മിനീനേയും കൂട്ടി അവരുടെ അടുത്ത ബന്ധുമിത്രാദികളേയും സുഹൃത്തുക്കളേയും സന്ദർശിക്കുവാനായി ഡൽഹിയിൽ പോയിട്ടുണ്ടായിരുന്നു. അവിടെ എത്തി ഏതാനും ദിവസം കഴിഞ്ഞതേയുള്ളൂ, ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിനു സുഖമില്ലാതായി. ആ അവസരത്തിൽ മൗലവി നൂറുദ്ദീൻ സാഹിബിനെ ഡൽഹിയിലേയ്ക്കു വിളിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതി, ഉടനെ ഡൽഹിയിലെത്തുവാനായി ഖാദിയാനിലുള്ള മൗലവി സാഹിബിനു കമ്പിയടിക്കാൻ മസീഹ് മൗഊദ് (അ) ഒരാളെ ഏൽപിച്ചു. അയാൾ സന്ദേശത്തിൽ immediate എന്ന വാക്കായിരുന്നു ഉപയോഗിച്ചിരുന്നത്. ഖാദിയാനിൽ കമ്പി എത്തിയപ്പോൾ മൗലവി സാഹിബ് തന്റെ ക്ലിനിക്കിലായിരുന്നു ഉണ്ടായിരുന്ന

ത്. immediate എന്ന വാക്ക് കണ്ട ആ ക്ഷണം മൗലവി സാഹിബ് ക്ലിനിക്കിൽ നിന്നും ഇറങ്ങി ഓടി. immediate എന്ന വാക്കിനു മൗലവി സാഹിബ് നൽകുന്ന അർഥം, ഏത് അവസ്ഥയിലാണോ ആ അവസ്ഥയിൽ പുറപ്പെടണം എന്നാണ്. തന്റെ പ്രിയപ്പെട്ട യജമാനന്റെ കൽപനയാണു അതിനാൽ താമസിച്ചു പോകരുത്. മൗലവി സാഹിബിന്റെ അപ്പോഴത്തെ അവസ്ഥ കണ്ട മറ്റു സഹാബാക്കൾ പറയുകയാണു. അദ്ദേഹത്തിനു പാദരക്ഷയും തലപ്പാവും ധരിക്കാനുള്ള സാവകാശം പോലുമില്ലായിരുന്നു. അതിനാൽ ചെരിപ്പു കാലു കൊണ്ട് കോരി എടുത്ത് ഓടുകയാണു. തലപ്പാവിന്റെ ഒരറ്റം തോളിലും മറ്റൊരറ്റം മണ്ണിലൂടേയും വലിച്ചു കൊണ്ടാണു ഓടുന്നത്. ഒരു നിമിഷം നിന്നാലല്ലെ ചെരിപ്പും തലപ്പാവും ശരിയായ രീതിയിൽ ധരിക്കാനാവുക.

വീട്ടിൽ പോയില്ല. വിവരം വീട്ടുകാരെ അറിയിച്ചില്ല. വസ്ത്രം മാറിയില്ല. യാത്രയിൽ ഉപയോഗിക്കാനുള്ള പുതപ്പോ വിരിപ്പോ മറ്റു സാധനങ്ങളോ എടുത്തില്ല. എവിടന്നെടുക്കാനാണ്. ഏറ്റവും രസകരമായ കാര്യം വണ്ടിക്കു ടിക്കറ്റിനുള്ള പൈസ പോലും കൈയിലില്ല. വീട്ടുക്കാർ വിവരമറിഞ്ഞപ്പോൾ അവർ കമ്പിളി പുതപ്പും കുറച്ചു വസ്ത്രങ്ങളും മറ്റു ചില സാധനങ്ങളും പുറകെ ഒരാളുടെ കയ്യിൽ കൊടുത്തയച്ചു. ടിക്കറ്റിന്റെ കാര്യം അവരും ഓർത്തില്ല. അല്ലെങ്കിൽ വീട്ടിൽ അതിനുള്ള പണം ഇല്ലായിരിക്കാം. കീശയിലുണ്ടായിരുന്ന ഏതാനും തുട്ടുകൾ കൊണ്ട് മൗലവി സാഹിബ് ബട്ടാല എത്തി. ഇനി ഡൽഹിക്കുള്ള ടിക്കറ്റെടുക്കണം. അല്ലാഹുവിന്റെ മസീഹാണു വിളിപ്പിച്ചത്. അതുകൊണ്ട് അല്ലാഹു തന്നെ അതിനുള്ള ഏർപ്പാടും ചെയ്യുമെന്ന ഉത്തമ വിശ്വാസത്തിലാണു മൗലവി സാഹിബുള്ളത്. അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ എല്ലാ തവക്കലും അർപണവും അനിതരസാധാരണമാണല്ലോ. അദ്ദേഹം സാധാരണ പറയാറുള്ളതു പോലെ നൂറുദ്ദീൻ കാ ഖുദാ മദദ് കേലിയെ ആയേഗാ. (സഹായത്തിന്നായി നൂറുദ്ദീന്റെ അല്ലാഹു വരും) നൂറുദ്ദീന്റെ സകല കാര്യങ്ങളും അല്ലാഹുവിലാണു.

ബട്ടാല റെയിൽവേ സ്റ്റേഷനിൽ ഡൽഹിക്കുള്ള വണ്ടി തയ്യാറായി നിൽപുണ്ട്. ആ അവസരത്തിൽ ധനാഢ്യനായ ഒരു ഹിന്ദു, മൗലവി സാഹിബിനെ കാത്തിരിക്കുന്നതു പോലെ അവിടെ നിൽപുണ്ടായിരുന്നു. അയാൾ മൗലവി സാഹിബിനെ കണ്ടപ്പോൾ അടുക്കൽ വന്നിട്ടു പറഞ്ഞു. എന്റെ ഭാര്യക്കു തീരെ സുഖമില്ല. ദയവു ചെയ്തു താങ്കൾ അവളെ പരിശോധിച്ച് മരുന്നു നിർദ്ദേശിച്ചു തരണം. മൗലവി സാഹിബ് പറഞ്ഞു, ഇതാ ഈ വണ്ടിയിൽ എനിക്ക് ഡൽഹിക്കു പോകാനുള്ളതാണ്. അയാൾ പറഞ്ഞു, എങ്കിൽ ഞാൻ എന്റെ ഭാര്യയെ ഇവിടേക്ക് കൊണ്ടു വന്നു കൊള്ളാം. അങ്ങിനെ അയാൾ അടുത്തു തന്നെയുള്ള തന്റെ വീട്ടിൽ നിന്നും ഭാര്യയെ വിളിച്ചു പ്ലേറ്റ്ഫോമിലേയ്ക്കു കൊണ്ടു വന്നു. ഹുസൂർ ആ സ്ത്രീയെ അവിടെവച്ചു പരിശോധിച്ച് മരുന്ന് എഴുതി കൊടുത്തു. അയാൾ ഒന്നും പറയാതെ പതുക്കെ പോയി ഡൽഹിക്കുള്ള ടിക്കറ്റ് വാങ്ങിക്കൊണ്ട് മൗലവി സാഹിബിനു കൊടുത്തു. കൂടെ നല്ലൊരു തുക പാരിതോഷികവും നൽകി. ഇപ്രകാരം മൗലവി സാഹിബ് സസുഖം ഡൽഹിയിലെത്തുകയും ഹദ്റത്ത് മസീഹ് മൗഊദിന്റെ സന്നിധിയിൽ ഹാജരാവുകയും ചെയ്തു.

## ഡൽഹിയിൽ മൗലവി സാഹിബിന്റെ ഉപദേശ പ്രസംഗം

1905 നവംമ്പർ 3-ാം തീയതി ഡൽഹിയിൽ ജുമുഅ നമസ്ക്കാരാനന്തരം മൗലവി സാഹിബിന്റെ ഒരു ഉപദേശ പ്രസംഗം സംഘടിപ്പിക്കപ്പെട്ടു. കേൾക്കാൻ വലിയൊരു ജനാവലി ഉണ്ടായിരുന്നു. ജനങ്ങൾ എന്തുകൊണ്ടാണു നേർമാർഗത്തിൽ നിന്നും വ്യതിചലിച്ചു പോകുന്നതെന്നു ഖുർആന്റേയും തിരുഹദീസിന്റേയും വെളിച്ചത്തിൽ മൗലവി സാഹിബ് വിവരിച്ചു. അതിനു ശേഷം ഈസാ നബിയുടെ മരണത്തെ കുറിച്ചുള്ള തെളിവുകൾ നിരത്താൻ തുടങ്ങി. ശ്രോതാക്കൾ വളരെ താൽപര്യപൂർവം പ്രസംഗം കേൾക്കുന്നത് ഒരു കൂട്ടം ശത്രുക്കൾ കണ്ടപ്പോൾ പ്രസംഗം അലങ്കോലപ്പെടുത്താനും മജ്ലിസ് നിർത്തിവക്കാനുമായി കുറേപേർ ഒച്ചപ്പാടും ബഹളവും ഉണ്ടാക്കാൻ തുടങ്ങി. ആ സദസ്സിൽ മസീഹ് മൗഊദും (അ) സന്നിഹിതരായിരുന്നു. ഹുസൂറും ജനങ്ങളോടു നിശ്ശബ്ധരായിരിക്കാൻ അപേക്ഷിച്ചു കൊണ്ടിരുന്നു. പിന്നീട് ബഹളം അവസാനിച്ചെങ്കിലും ഉപദേശ പ്രസംഗം വേണ്ടെന്നും ചോദ്യോത്തരം മതിയെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ചോദ്യോത്തരം ആരംഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദും (അ) ദീർഘനേരം ചോദ്യങ്ങൾക്കുള്ള മറുപടി നൽകുകയുണ്ടായി.

## ഖുർആൻ ദറസിന്റെ ആരംഭം കശ്മീരിൽ

ഹദ്റത്ത് മൗലവി സാഹിബിന്റെ ഖുർആൻ ദറസിനെ സംബന്ധിച്ചു ഇതിനു മുമ്പും കുറേ വിവരണങ്ങൾ ഈ ലേഖനത്തിൽ ചേർത്തിട്ടുണ്ടായിരുന്നു. 1908 ഏപ്രിൽ 2-ാം തീയതിയിലെ ബദർ പത്രത്തിന്റെ ലക്കത്തിൽ എഡിറ്റർ എഴുതുകയാണ്. മസ്ജിദ് അഖ്സ ഖാദിയാനിൽ മൗലവി സാഹിബ് വളരെ കാലങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന ഖുർആൻ ദറസിന്റെ ആരംഭം യഥാർഥത്തിൽ ഖാദിയാനിൽ നിന്നായിരുന്നില്ല. ചെറിയ കുട്ടിയായിരുന്നതു മുതൽ ഈ ദറസ് ഞാൻ ജമ്മു കശ്മീരിൽ വച്ചു കേൾക്കാൻ തുടങ്ങിയിരുന്നു. ഈ ദറസിന്റെ അനുഗ്രഹം ഒന്നു കൊണ്ടു മാത്രമാണു ഞാൻ മുസ്ലിമായിത്തീർന്നത്. പിന്നീട്

അഹ്മദിയുമായി. ദീർഘ കാലമായി തുടർന്നു കൊണ്ടിരിക്കുന്ന ഈ ദറസ് എന്നെ സംബന്ധിച്ചിടത്തോളം വളരെ അനുഗ്രഹങ്ങൾ നിറഞ്ഞ ഒന്നാണ്. അതെന്നും എനിക്കു ഖുർആനിക ജ്ഞാനങ്ങളുടെ പുതിയ പുതിയ വാതായനങ്ങൾ തുറന്നു തന്നിട്ടുണ്ട്. ഈ ദറസ് കുട്ടികൾക്കും യുവാക്കൾക്കും സ്ത്രീകൾക്കും വൃദ്ധ ജനങ്ങൾക്കും അഭ്യസ്ഥ വിദ്യർക്കും അല്ലാത്തവർക്കും ഒരു പോലെ പ്രയോജനപ്പെട്ടിരുന്നു എന്നതു മൗലവി സാഹിബിന്റെ ദറസിന്റെ പ്രത്യേകതയാണു. ഖാദിയാൻ വാസത്തിൽ ഞങ്ങളുടെ മേൽ ഉണ്ടായ അനേകം മഹത്തായ അനുഗ്രഹങ്ങളിലൊന്നു ഈ ദറസ് തന്നേയാണു. അതെന്നും തുടരട്ടെ എന്നും അത് അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളും ഞങ്ങളുടെ മേൽ ഇറങ്ങുന്നതിനു കാരണമാവട്ടെ എന്നും ദുആ ചെയ്യുന്നു.

### ഖാദിയാനിൽ നിന്നും ഹിജ്റത്ത്

1900 കാലഘട്ടത്തിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) യോടുള്ള മതപരമായ ഭിന്നതകളാൽ ആ മഹാത്മാവിനോടു കഠിനമായ ശത്രുത പുലർത്തിപ്പോന്നിരുന്നു. അതു മെല്ലെ മെല്ലെ വർദ്ധിക്കുകയും ദുസ്സഹമാവുകയും ഇനി ഖാദിയാനിൽ തുടരാൻ സാധിക്കുകയില്ലെന്നു തോന്നും വിധം കാര്യങ്ങൾ വഷളാവുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദിനെ കാണുവാനും മുലാഖാത്തിനുമായി വരുന്ന സന്ദർശകരെ തടയാനായി മസ്ജിദ് മുബാറക്കിലേയ്ക്കുള്ള പൊതുവഴി അടച്ചുകളയുമാറ് ഒരു ഭിത്തി കെട്ടിപ്പടുക്കുകയുണ്ടായി. ഇതിന്റെയൊക്കെ പുറകിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ പിതൃസഹോദരനായ മിർസാ ഗുലാം മൊഹിയുദ്ദീൻ സാഹിബിന്റെ ഇസ്‌ലാം മതവികാരമോ മതചിന്തയോ തൊട്ടു തീണ്ടീട്ടില്ലാത്ത മക്കളായ മിർസാ ഇമാമുദ്ദീനും മിർസാ നിസാമുദ്ദീനുമായിരുന്നു.

കാര്യങ്ങൾ ഇവിടം വരെ എത്തിയപ്പോൾ മസീഹ് മൗഊദ് (അ) ഹിജ്റത്തിനെ കുറിച്ചു ആലോചിക്കാൻ തുടങ്ങി. കാരണം ഹിജ്റത്ത് നബിമാരുടെ സുന്നത്തിൽ പെട്ടതാണല്ലോ. മാത്രവുമല്ല 'ദാഗെ ഹിജ്റത്ത്' എന്ന ഒരു ഇൽഹാമും അല്ലാഹുവിൽ നിന്നും ലഭിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ ആ ദിവ്യാത്മാവ് സ്വശിഷ്യന്മാരുടെ അഭിപ്രായമാരാഞ്ഞു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഭേരയിലേയ്ക്കും മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ട്ലേക്കും ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് ലാഹോറിലേയ്ക്കും മറ്റുചിലർ സ്വസ്വദേശങ്ങളിലേയ്ക്കും ഹുസൂറിനെ ക്ഷണിക്കുകയും എല്ലാ വിധ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. തക്ക സമയത്തു സ്ഥലം തീരുമാനിക്കാമെന്നു പറഞ്ഞുകൊണ്ട് അവരെയെല്ലാം ഹുസൂർ സമാധാനിപ്പിച്ചു.

### അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടിയും മൗലവി സാഹിബും

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) മസീഹെ മൗഊദി (അ) ന്റെ പ്രധാന സഹാബാക്കളിൽ ഒരാളും വളരെ പേരു കേട്ട പണ്ഡിതനുമായിരുന്നു. അദ്ദേഹത്തിന്റെ ആദ്യ പേരു കരീം ബക്ശ് എന്നായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദാ (അ) ണു പേര് അബ്ദുൽ കരീം എന്നാക്കി മാറ്റിയത്. ഹദ്റത്ത് മസീഹ് മൗഊദി(അ)നുണ്ടായ ഒരു ദിവ്യ വെളിപാടിൽ അദ്ദേഹത്തെ മുസൽമാനോ കാ ലീഡർ (മുസ്‌ലിംകളുടെ നേതാവ്) എന്നു അല്ലാഹു വിശേഷിപ്പിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബുമായി അദ്ദേഹം വളരെ ചെറിയ വയസ്സിൽ തന്നെ പരിചയപ്പെട്ടിരുന്നു. മൗലവി സാഹിബിന്റെ ജീവിത പരിശുദ്ധിയും സാത്വികതയും അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. ആ സ്നേഹവും പരിചയവും സഹവാസവും ജീവിതാവസാനം വരെ അവർ തുടർന്നു. മൗലവി സാഹിബാണു അദ്ദേഹത്തിനു അഹ്മദിയാ ജമാഅത്തിന്റെ സന്ദേശം എത്തിച്ചത്. ഹദ്റത്ത് അബ്ദുൽ കരീം സാഹിബിന്റെ പ്രാഗല്ഭ്യത്തെ കുറിച്ചു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് പറയുകയാണു മൗലവി അബ്ദുൽ കരീം സാഹിബിനു നാലു ഭാഷകളിൽ നല്ല പ്രാവീണ്യമുണ്ട്. ഇംഗ്ലീഷ്, അറബി, ഫാർസി, ഉറുദു എന്നീ ഭാഷകൾ അദ്ദേഹത്തെ പോലെ കൈകാര്യം ചെയ്യുന്ന മറ്റൊരാളെ ഞാൻ ജമാഅത്തിൽ കണ്ടിട്ടില്ല.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിൽ നിന്നും കരസ്ഥമാക്കിയ ആത്മീയാനുഗ്രഹങ്ങളെ പരാമർശിച്ചു തന്റെ ഒരു പ്രസംഗത്തിൽ മൗലവി അബ്ദുൽ കരീം സാഹിബ് പറയുകയാണു. ഞാൻ വളരെയധികം ആലോചിച്ചിട്ടുണ്ട്. കൂലങ്കഷമായി ചിന്തിച്ചിട്ടുണ്ട്. സർവജ്ഞനായ അല്ലാഹു ഞാനീ പറയുന്നതിനു സാക്ഷിയാണു. എനിക്കു കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കാനും പ്രവർത്തിക്കാനുമുള്ള പക്വത കൈ വന്നതു മുതൽ എന്റെ ആശയും ആഗ്രഹവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിലായിരുന്നു. എന്റെ ഏറ്റവും വലിയ അഭിലാഷവും അഭിവാഞ്ഛയും ലോകൈകനാഥനായ അല്ലാഹുവിനെ എങ്ങനെ തൃപ്തിപ്പെടുത്താം എന്നായിരുന്നു. അല്ലാഹു എന്നെ മൗലവി നൂറുദ്ദീൻ സാഹിബുമായി കൂട്ടിച്ചേർത്തു. ഞങ്ങൾ പരസ്പരം കണ്ടുമുട്ടി. എന്നെ ദീനിലേയ്ക്കും അവിടെ നിന്നു ഖുർആന്റെ അഗാധ ജ്ഞാനങ്ങളിലേയ്ക്കും അദ്ദേഹമാണു കൊണ്ടു ചെന്നെത്തിച്ചത്. പക്ഷേ, ധാർമിക ഗുണങ്ങൾക്കും സന്മാർഗ ബോധത്തിനും വിരുദ്ധവുമായ ചില സ്വഭാവങ്ങൾ തിരുത്താനാവാതെ എന്നിൽ അപ്പോഴും ബാക്കിയായി

രുന്നു. കയറു പൊട്ടിക്കുന്ന മെരുങ്ങാത്ത മൃഗത്തെ പോലെ അതെന്നെ പാപങ്ങളിലേയ്ക്കും തെറ്റിലേയ്ക്കും വലിച്ചിഴക്കുന്നുണ്ടായിരുന്നു. അതെന്റെ ആത്മാവിന്റെ തൃപ്തിക്കും ആസ്വാദനത്തിനും വിരുദ്ധമായിരുന്നു. പിന്നീട് എനിക്കു ഖുർആന്റെ വിശാലവും അഗാധവുമായ അറിവു ലഭിക്കാൻ മൗലവി സാഹിബ് എന്നെ സഹായിച്ചു. സ്നേഹമസൃണമായ ഇടപെടലിലൂടെ എന്നെ ഉയർന്ന ചിന്താഗതിയുള്ള ഒരു യഥാർഥ മുസ്‌ലിമാക്കാൻ അദ്ദേഹം വളരെയധികം പരിശ്രമിച്ചിട്ടുണ്ട്.

ഹദ്റത്ത് മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ഫാസിൽ ഹലാൽപൂരി (റബ്‌വാ) ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റേയും ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബിന്റേയും സ്വഭാവത്തിലുള്ള അന്തരം വിവരിച്ചുകൊണ്ട് പറയുകയാണ് രണ്ടു പേരും അവരവരുടെ രീതിയിൽ മസീഹ് മൗഊദി (അ) നെ അങ്ങേയറ്റം ആത്മാർഥമായി സ്നേഹിക്കുന്ന ജമാഅത്തിന്റെ നെടുംതൂണുകളും സഹായികളുമാണ്. എന്നാൽ രണ്ടു പേരുടേയും സ്വഭാവങ്ങളിൽ പ്രകടമായ വ്യത്യാസമുണ്ടായിരുന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് പള്ളിയിൽ പ്രവേശിച്ചാൽ ഹുസൂറിന്റെ മജ്‌ലിസിൽ ഏറ്റവും പുറകിൽ നിശ്ശബ്ദമായി ചെന്നിരുന്നു ഹുസൂർ പറയുന്നത് വളരെ ശ്രദ്ധാപൂർവം കേൾക്കും. അദ്ദേഹം ഒരിക്കലും ചോദ്യങ്ങൾ ചോദിക്കാറില്ലെന്നു മാത്രമല്ല ഇത്തരത്തിലുള്ള അല്ലാഹുവിന്റെ പരിശുദ്ധർ പറയുന്നത് ഏകാഗ്രതയോടും ദത്തശ്രദ്ധമായുമാണു കേൾക്കേണ്ടതെന്നു പറയുകയും ചെയ്യും. എന്നാൽ മൗലവി അബ്ദുൽ കരീം സാഹിബ് അങ്ങനെയല്ല. അദ്ദേഹം എപ്പോഴും മസീഹ് മൗഊദിനോടൊപ്പം ഇരിക്കുകയും യാതൊരു സംങ്കോചമോ മടിയോ കൂടാതെ ഹുസൂറിനോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുമായിരുന്നു. എന്നിട്ടു പറയും അല്ലാഹുവിൽ നിന്നും നിയോഗിതരായ ഇത്തരം പുണ്യാത്മാക്കൾ ദിനേന അവതരിക്കാറില്ല. നൂറ്റാണ്ടുകൾക്കിടയിൽ എപ്പോഴെങ്കിലും മഹാഭാഗ്യവാന്മാർക്കു മാത്രമാണ് അവർ മുഖം കാണിക്കുന്നത്. അതിനാൽ അവരുടെ സാന്നിദ്ധ്യം പ്രയോജനപ്പെടുത്തി മനസ്സിലുദിക്കുന്ന ഏതു സംശയവും ആത്മീയ വിജ്ഞാന തൃഷ്ണയുടെ ശമനത്തിനായി അവരുടെ മുന്നിൽ സമർപ്പിക്കണം. എന്നിട്ടദ്ദേഹം തന്റെ സ്വതസിദ്ധമായ ശൈലിയിൽ പറയും ഇവർ അല്ലാഹുവിന്റെ വാദ്യോപകരണമായ വീണയാണു. എത്രകണ്ട് ഈ വീണമീട്ടാൻ (വായിക്കാൻ) സാധിക്കുമോ മീട്ടിക്കോളൂ. സുബ്ഹാനല്ലാഹ്. അല്ലാഹുവിന്റെ മസീഹിനു ഏതെല്ലാം തരത്തിലും രീതിയിലുമുള്ള ആളുകളെയാണ് അല്ലാഹു നൽകിയിരിക്കുന്നത്. ഹുസൂർ ഒരു പൂങ്കാവനത്തിലാണുള്ളത്. അതിലെ വ്യത്യസ്ത മണവും നിറവും രൂപവുമുള്ള മനം കവരുന്ന പുഷ്പങ്ങളാണ് ഈ സഹാബാക്കൾ. (തുടരും)

# മരണവും നവീകരണവും

**- ഹദ്ത്ത് അഹ്മദ്(അ)**

മൂന്ന് വർഷം കൂടുമ്പോൾ മനുഷ്യ ശരീരം ക്ഷയിക്കുകയും അതിന്ന് പകരം പുതിയ ശരീരം ഉണ്ടായിത്തീരുകയും ചെയ്യുന്നു. ഒരു മനുഷ്യൻ രോഗപീഢയാൽ വളരെ ക്ഷീണിതനായി അസ്ഥിപഞ്ചരമാവുമ്പോൾ, അയാൾ ആരോഗ്യത്തിലേക്ക് തിരിച്ചു വരുന്ന അവസരത്തിൽ അയാളുടെ ശരീരം ക്രമേണ നവീകരിക്കപ്പെടുന്നു എന്നത് സുവിദമാണല്ലോ. ഇപ്രകാരം സദാസമയവും ശരീരത്തിലെ സൂക്ഷ്മ കോശങ്ങൾ ക്ഷയിക്കുകയും പുതിയവയാൽ നവീകരിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ ശരീരം ഓരോ നിമിഷവും മരണം അനുഭവിക്കുകയും പുതുജീവൻ ആർജ്ജിക്കുകയും ചെയ്യുന്നു. ശരീരത്തെ പോലെ തന്നെ ആത്മാവും ഓരോ നിമിഷവും മരണം അനുഭവിക്കുകയും പുനരുജ്ജീവിപ്പിക്കപ്പെടുകയും ചെയ്യുന്നു. വ്യത്യാസം ഒന്നു മാത്രമാണുള്ളത്. ശരീരത്തിലുള്ള മാറ്റങ്ങൾ പ്രകടവും പ്രത്യക്ഷവുമാണ്. എന്നാൽ ആത്മാവ് മറഞ്ഞിരിക്കുന്നത് പോലെ അതിന്റെ മാറ്റവും മറഞ്ഞിരിക്കുന്നതാണ്. അതിന്റെ മാറ്റങ്ങൾ അവസാനിക്കാത്തതുമാണ്. വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നത് ആത്മാവിന്റെ മാറ്റങ്ങൾ പരിധിയില്ലാത്തതും സ്വർഗ്ഗത്തിൽ പോലും തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. അത് പുരോഗതിയുടെ സൂചകങ്ങളാണ്. ആത്മാവ് നിരന്തരം വളർച്ച അനുഭവിക്കുകയും ചെയ്യുന്നു. ഓരോ തുടർച്ചയും പഴയ നിലയിൽ നിന്നും ഒരു പാട് ദൂരം മുന്നോട്ടു പോയിട്ടുണ്ടായിരിക്കും. പഴയ അവസ്ഥ മരിച്ചതായി കാണപ്പെടുകയും ചെയ്യും. (ചശ്മെ മഅ്രിഫ- റൂഹാനി ഖസായിൻ, വാല്യ. 23. പേ. 167-68)

# വാഗ്ദത്ത മസീഹും സ്വലാത്തും

റസൂൽ തിരുമേനി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടാണ് ഹദ്റത്ത് അഹ്മദ് (അ) ആത്മീയലോകത്തെ കൊടുമുടികളെല്ലാം കീഴടക്കിയത്.

സിദ്ധീഖ് അശ്റഫ് അലി സാഹിബ് മോഗ്രാൽ

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു

**അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർത്ഥിക്കുക** (33:57)

മുസ്‌ലിം സമുദായത്തിലെ ഓരോ വ്യക്തിക്കും ഈ കൽപനയുടെ അഭിസംബോധിതർ ആണെങ്കിലും ഈ ഉമ്മത്തിൽ ഈ കൽപനയുടെ ഉത്തമ സംബോധിതനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്ന അനുഗ്രഹീത വ്യക്തിത്വമാണ് ആ കർത്തവ്യത്തെ പൂർണ്ണമായി നിർവ്വഹിക്കേണ്ടിയിരുന്നത്. അനുഗ്രഹങ്ങൾ സ്വലാത്തിലൂടെ ലഭിക്കണമെന്ന് ഉൽക്കടമായി ആഗ്രഹിക്കുകയും തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ലിഖിതങ്ങളിലൂടെയും സ്വലാത്തിന്റെ അനുഗ്രഹങ്ങൾ ലോകമാകമാനം വ്യാപിപ്പിക്കുകയും ചെയ്ത ദിവ്യാത്മാവാണ് ഹദ്റത്ത് അഹ്മദ് (അ).

### റസൂൽ തിരുമേനി(സ)യോടുള്ള ബന്ധം

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) വാഗ്ദത്ത മസീഹിനെക്കുറിച്ച് 1400 സംവത്സരങ്ങൾക്ക് മുമ്പ് തന്നെ പ്രവചിക്കുകയും അദ്ദേഹത്തിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും തന്റെ പേരിൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുന്ന ആ പ്രേമഭാജനത്തിന്റെ ആഗമനം സുനിശ്ചിതമാണെന്നറിയിക്കുകയും ചെയ്തു. താൻ മുഹമ്മദെങ്കിൽ അദ്ദേഹം അഹ്മദും താൻ സൂര്യനെങ്കിൽ അദ്ദേഹം ചന്ദ്രനും താൻ ആദ്യമെങ്കിൽ അദ്ദേഹം അവസാനത്തിലായിരിക്കുമെന്നും താൻ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നയാളെങ്കിൽ അദ്ദേഹം സന്മാർഗ്ഗം പ്രാപിച്ചയാളും താൻ മൂസയെങ്കിൽ അദ്ദേഹം ഈസയും താൻ യഥാർത്ഥമെങ്കിൽ അദ്ദേഹം തന്റെ പ്രതിബിംബവുമായിരിക്കും എന്ന് ഈ സമുദായത്ത അറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന് ബൈഅത്ത് ചെയ്യണമെന്ന് അറിയിക്കുകയും കൂടാതെ അദ്ദേഹവുമായി തനിക്കുള്ള യോജിപ്പിനെയും സ്നേഹത്തെയും ഇപ്രകാരം വെളിപ്പെടുത്തുകയും ചെയ്തു. 'അതായത് അദ്ദേഹത്തെ എന്റെ കൂടെ എന്റെ ഖബറിൽ മറയടക്കപ്പെടുകയും പുനരുത്ഥാന നാളിൽ ഞങ്ങൾ ഒരേ ഖബറിൽ നിന്ന് ഉയിർത്തെഴുന്നേലക്കുകയും ചെയ്യുന്നതാണ്.' ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ യജമാനനോടുള്ള സ്നേഹത്തിൽ തന്നെ ലയിപ്പിക്കുകയും അതിന്നായി തന്റെ വ്യക്തിത്വത്തെ ഇല്ലായ്മ ചെയ്യുകയും ചെയ്തു.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യോടുള്ള സ്നേഹത്തിന്റെ എല്ലാ ഘട്ടങ്ങളെയും ഉത്തമമായ രീതിയിൽ പൂർത്തിയാക്കിയെന്ന് മാത്രമല്ല, അത് കൂടുതൽ സമുജ്ജ്വലമാക്കുകയും ചെയ്തു. അതായത് അല്ലാഹുവിനോടുള്ള ഭയഭക്തിയും റസൂൽ തിരുമേനി(സ)യോടുള്ള അനുരക്തിയുമാണ് എന്റെ കുഫ്റിനുള്ള കാരണമെങ്കിൽ ഞാൻ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുകയാണ്, ഞാൻ കടുത്ത കാഫിറാകുന്നു.

### സ്വലാത്തിനോടുള്ള ബന്ധം

**'പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുന്നതാണ്.'** (വിശുദ്ധ ഖുർആൻ 3:32) എന്ന കൽപനയ്ക്കനുസരിച്ച് വാഗ്ദത്ത മഹ്ദി അവിടുത്തെ കാൽപാടുകളെ പിന്തുടർന്ന് പോന്നു. അതിനുള്ള അത്യുത്തമായ മാർഗ്ഗം റസൂൽ തിരുമേനി(സ)യുടെ പേരിൽ അധികമായി സ്വലാത്ത് ചൊല്ലുകയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം അദ്ദേഹം സ്വലാത്തിൽ ലയിക്കുമായിരുന്നു. മുഹമ്മദ് (സ)

എന്ന ആ അനുഗ്രഹീത നാമത്തെ അദ്ദേഹം തന്റെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി.

ഹദ്റത്ത് അഹ്മദ് (അ)ന്റെ പ്രിയ പുത്രി ഹദ്റത്ത് നവാബ് മുബാറക്കാ ബേഗം സാഹിബ പറയുന്നു. ഉറക്കത്തിൽ വശം മാറി കിടക്കുമ്പോൾ

'സുബ്ഹാനല്ലാഹി വബിഹം ദിഹീ സുബ്ഹാനല്ലാഹിൽ അളീം' എന്ന് ഉച്ചരിക്കുമായിരുന്നു. എന്നോടും അപ്രകാരം ചെയ്യാനായി ഉപദേശിക്കുകയും ചെയ്തു.

*റബ്ത്ത് ഹെ ജാനെ മുഹമ്മദ് സെ മെരീ ജാ(ൻ) കൊ മുദാം ദിൽ കൊ വോ ജാം ലബാലബ് ഹെ പിലായാ ഹംനെ*

എന്റെ ജീവന് മുഹമ്മദ് നബി(സ)ന്റെ ജീവനുമായി അഭേദ്യമായൊരു ബന്ധവും സമ്പർക്കവുമുണ്ട്. ഞങ്ങൾ ഹൃദയത്തിന്ന് മതിയാവോളം ആ മധുര പാനീയം നൽകിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് സ്വലാത്തുമായി അഗാധമായ ബന്ധവും സമ്പർക്കവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയവും ഭൗതീകവുമായ ജീവിതം സ്വലാത്തുമായി ഇഴുകിച്ചേർന്നതായിരുന്നു.

## രോഗത്തിൽ നിന്ന് ശമനം:

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: "ഒരിക്കൽ എനിക്ക് കഠിനമായ രോഗം പിടിപെടുകയും എന്റെ അനന്തരാവകാശികൾ എന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന് കരുതുകയും സുന്നത്തനുസരിച്ച് മൂന്ന് പ്രാവശ്യം എനിക്ക് സൂറാ യാസീൻ ഓതിക്കേൾപ്പിക്കപ്പെടുകയും ചെയ്തു. എനിക്കേറ്റവും പ്രിയപ്പെട്ടവർ ചുമരിന് പിന്നിൽ അനിയന്ത്രിതമായി കരയുകയാണ്. എന്നാൽ അവരിൽ പലരും ഇന്ന് ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു. രോഗശയ്യയിൽ 16-ാം ദിവസവും വന്നു. തീർത്തും നിരാശാജനകമായിരുന്ന ആ ദിവസം. മൂന്ന് പ്രാവശ്യം എനിക്ക് സൂറാ യാസീൻ ഓതിക്കേൾപ്പിക്കപ്പെട്ടു. ആ ദിവസം വൈകുന്നേരമാകുമ്പോഴേക്കും മരണമടയും എന്നാണ് എന്റെ ബന്ധുക്കളെല്ലാവരും ദൃഢമായും വിശ്വസിച്ചത്. എന്നാൽ സംഭവിച്ചത് മറ്റൊന്നായിരുന്നു. അല്ലാഹു തന്റെ നബിമാർക്ക് വിപത്തുകളിൽ നിന്നുള്ള മോക്ഷത്തിനായി ദുആകൾ പഠിപ്പിച്ച് കൊടുക്കുന്നത് പോലെ എനിക്കും ദിവ്യവെളിപാടിലൂടെ ദുആ പഠിപ്പിക്കപ്പെട്ടു. അത് 'സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മസ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദ്' എന്നതായിരുന്നു.

അല്ലാഹു എന്നെ ഇൽഹാമിലൂടെ അറിയിച്ചു: 'മണൽതരിയോട് കൂടിയ നദീജലത്തിൽ കൈ ഇടുകയും ഈ പരിശുദ്ധ വചനങ്ങൾ ഉരുവിട്ട് കൊണ്ട് നെഞ്ചിലും നെഞ്ചിന് ചുറ്റും കൈകളിലും മുഖത്തത്തും തടവുകയും ചെയ്യുക. നിനക്ക് ശമനം ലഭിക്കുന്നതാണ്'. ഉടനെ മണലിനോട് കൂടിയ നദീജലം കൊണ്ടുവരപ്പെട്ടു. എന്നെ അറിയിച്ചത് പോലെ തന്നെ ഞാൻ ചെയ്യാൻ തുടങ്ങി. എന്റെ അപ്പോഴത്തെ അവസ്ഥയെ കുറിച്ച് പറയുകയാണെങ്കിൽ എന്റെ ഓരോ രോമകൂപങ്ങളിൽ നിന്നും തീ പുറത്ത് വരുന്നത് പോലെ എനിക്ക് തോന്നി. ശരീരം മുഴുവൻ വളരെ വേദനയോടെ ജ്വലിക്കുകയായിരുന്നു. ഈ അവസ്ഥയിൽ മരണം സംഭവിച്ചെങ്കിൽ എത്ര നന്നായിരുന്നുവെന്ന് എനിക്ക് തോന്നിപ്പോയി. എന്നാൽ ആ പ്രവൃത്തി തുടങ്ങിയ ശേഷം എന്റെ ജീവൻ ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം ആ പരിശുദ്ധ വചനം ഉരുവിട്ട് കൊണ്ട് ഓരോ പ്രാവശ്യവും ജലം ശരീരത്തിൽ തടവുമ്പോൾ എന്റെ ശരീരതാപം പുറത്തേക്ക് പോകുന്നതായും പകരമായി തണുപ്പും സുഖവും ലഭിക്കുന്നതായും എനിക്ക് തോന്നി. ആ പാത്രത്തിലെ ജലം തീരുന്നതിന് മുമ്പ് തന്നെ രോഗത്തിൽ നിന്ന് പൂർണ്ണമായും എനിക്ക് ശമനം ലഭിച്ചിരുന്നു. അങ്ങനെ 16 ദിവസങ്ങൾക്ക് ശേഷം സുഖമായി ഞാൻ ഉറങ്ങി." (തർയാഖുൽ ഖുലൂബ്, ഒന്നാം പതിപ്പ്, പേജ് 37, 38)

സ്വലാത്തിന്റെ അനുഗ്രഹത്താൽ അല്ലാഹു വാഗ്ദത്ത മസീഹ് (അ)ന് പുതുജീവൻ പ്രദാനം ചെയ്യുകയും പ്രസ്തുത സംഭവം അദ്ദേഹത്തിന്റെ ജീവിതത്തിൽ മഹത്തായ പരിവർത്തനം വരുത്തിത്തീർക്കുകയും ചെയ്തു പറയുന്നു.

എന്തൊരു അത്ഭുതകരമായ രീതിയിലാണ് എനിക്ക് ജീവൻ നൽകപ്പെട്ടിരിക്കുന്നത്. എന്തൊരു ആശ്ചര്യജനകമായ ജീവിതമാണ് അങ്ങ് എനിക്ക് നൽകിയിരിക്കുന്നത്.

സ്വലാത്ത് ചൊല്ലാനുള്ള കൽപന: അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ദിവ്യവെളിപാടുകളിലൂടെ പല പ്രാവശ്യം അറിയിച്ചുകൊണ്ട് പറഞ്ഞു: നബി (സ)നും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. അദ്ദേഹം ആദ്യമേ തന്നെ വളരെ ഇഷ്ടപ്പെട്ടിരുന്ന ഒരു കാര്യമായിരുന്നു അത്. ആ കൽപനയ്ക്ക് അനുസൃതമായി പ്രവർത്തിച്ചത് കൊണ്ടുതന്നെ വളരെയധികം പ്രതിഫലങ്ങളും പദവികളും ലഭിച്ചു. ഇപ്രകാരം വെളിപാടുണ്ടായി. *'സ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദിൻ സയ്യിദു വുലിദ ആദമ വ ഖാത്തമന്നബിയ്യീൻ.'*

അതായത് മുഹമ്മദിനും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും മേൽ സ്വലാത്ത് ചൊല്ലുക. അദ്ദേഹം ആദം സന്തതികളുടെ നേതാവും പ്രവാചകശ്രേഷ്ഠനുമാകുന്നു. (ബറാഹീനെ അഹ്മദിയ്യാ പേജ് 507)

പിന്നീട് സ്വലാത്ത് അദ്ദേഹത്തിന്റെ ശരീരത്തിനും ആത്മാവിനുമുള്ള ഭക്ഷണമായി മാറി. ഇക്കാര്യത്തെക്കുറിച്ച് വളരെ ഹൃദയസ്പൃക്കായ രീതിയിൽ അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്.

*'ഞാൻ സത്യമായും പറയുന്നു, എന്റെ അനുഭവങ്ങളിലൂടെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് പ്രിയങ്കരനായ പ്രവാചകൻ മുഹമ്മദ് നബി(സ)യെ പരിപൂർണ്ണമായി പിൻപറ്റാത്തത് വരെ ഏറ്റവും കൂടുതൽ ഹൃദയശുദ്ധി കൈവരിച്ച ഒരു വ്യക്തിക്കും യഥാർത്ഥമായ രീതിയിൽ നന്മ കരഗതമാക്കാനോ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനോ ദൈവികാനുഗ്രഹങ്ങൾ കരസ്ഥമാക്കാനോ ദൈവികജ്ഞാനങ്ങളും യാഥാർത്ഥ്യങ്ങളും മനസ്സിലാക്കാനോ സാദ്ധ്യമല്ല. അതിന്റെ തെളിവുകൾ വിശുദ്ധ ഖുർആൻ തന്നെ നമുക്ക് നൽകുന്നു. 'ഖുൽ ഇൻകുൻ ത്തും തുഹിബ്ബുനല്ലാഹ ഫത്തബിഊനീ യുഹ് ബിബ്ക്കുമുള്ളാഹ്. ഈ വാദത്തിന്റെ പ്രാവർത്തികവും ജീവസുറ്റതുമായ രൂപം ഞാൻ തന്നെയാകുന്നു.' (അൽ ഹക്കം 17 സെപ്റ്റംബർ 1901, പേജ് 1, 2)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു സഹാബിയെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. "താങ്കൾ സ്വലാത്ത് ചൊല്ലുന്നതിൽ കാര്യമായി ശ്രദ്ധിക്കുക. നബിതിരുമേനി (സ)യോടുള്ള സത്യസന്ധമായ ബന്ധവും സ്നേഹവും ആത്മീയ പവിത്രതയും ഉൾകൊണ്ട് കൊണ്ട് അവിടുത്തെയും കുടുംബത്തിന്റെയും മേൽ സ്വലാത്തിന്റെ വരികളിൽ പറയപ്പെട്ടത് പോലെ അനുഗ്രഹാശിസ്സുകൾ അർപ്പിക്കുക. നബി (സ)ക്ക് മറ്റാരുടെയും ദുആകൾ ആവശ്യമില്ല എങ്കിലും ഇതിൽ ഗഹനമായ ഒരു രഹസ്യം അടങ്ങിയിട്ടുണ്ട്. ഒരു വ്യക്തിയോടുള്ള സ്നേഹാതിരേകത്താൽ ആ വ്യക്തിയിൽ അനുഗ്രഹങ്ങൾ വർഷിക്കപ്പെടണം എന്ന ആഗ്രഹമുണ്ടാകുന്നു തൽഫലമായി ആ സ്നേഹം ആ വ്യക്തിയുടെ ജീവിതത്തിന്റെ ഭാഗമായി മാറുന്നു. താൻ ഇഷ്ടപ്പെടുന്നയാളിൽ അനുഗ്രഹങ്ങൾ വർഷിക്കപ്പെടണം എന്നാഗ്രഹിക്കുമ്പോൾ ആ അനുഗ്രഹവർഷം ആ വ്യക്തിയിലുമുണ്ടാകുന്നു.' (മക്ക്ത്തൂബാത്തെ അഹ്മദിയ്യാ വാള്യം 24, 25) അവ ഇതുമായി ബന്ധപ്പെട്ട് ഹദീസിൽ ഇപ്രകാരം കാണാം.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തു: 'പുനരുത്ഥാനാളിന്റെ ഭീതിയിൽ നിന്നും ഭയാശങ്കകളിൽ നിന്നും ഏറ്റവും കൂടുതൽ സുരക്ഷിതനായിരിക്കുന്നവൻ. ഇഹലോകത്ത് എന്റെ പേരിൽ കൂടുതൽ സ്വലാത്ത് ചൊല്ലിയവനായിരിക്കും അല്ലാഹുവിന്റെയും മലക്കുകളുടെയും അനുഗ്രഹാശിസ്സുകൾ തന്നെ എനിക്ക് മതിയായതാണ്. എന്നാൽ ഇത് നിങ്ങൾക്ക് പ്രതിഫലം കരസ്ഥമാക്കാനുള്ള ഒരവസരമാണ്.' (ദുർരെമൻസൂർ)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. 'നബിതിരുമേനി(സ)യുടെ പേരിൽ സ്വലാത്ത് ചെല്ലുന്നതിൽ ദീർഘകാലമായി ഞാൻ വളരെയധികം നിമഗ്നനായിരുന്നു. കാരണം അല്ലാഹുവിലേക്കുള്ള വഴികൾ വളരെ ഇടുങ്ങിയതാണെന്നും ആ മാർഗ്ഗം നബി(സ)യോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാവുകയുള്ളൂ എന്നും എനിക്ക് ബോധ്യമുണ്ടായിരുന്നു. അല്ലാഹുവും അപ്രകാരം തന്നെയാണ് പറയുന്നത് 'വബ്ത്തഊ ഇലൈഹിൽ വസീല മസീഹ്' (ഹഖീഖത്തുൽ വഹീ)

ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു:

'ഒരു രാത്രി ഈ വിനീതൻ തന്റെ ആത്മാവും ഹൃദയവും പരിമളനിർഭരിതമായിത്തീരുമാറ് നബിതിരുമേനി(സ)യുടെ പേരിൽ ധാരാളം സ്വലാത്ത് ചൊല്ലുകയുണ്ടായി. അന്നുരാത്രി ഞാൻ കണ്ട ഒരു ദർശനത്തിൽ മലക്കുകൾ സ്വച്ഛജലം നിറച്ച കുടങ്ങൾ ഏന്തി എന്റെ വീട്ടിൽ പ്രവേശിച്ചിരിക്കുന്നതായി കാണുകയുണ്ടായി. അവരിൽ ഒരാൾ എന്നോട് നീ മുഹമ്മദ് നബി (സ)യുടെ പേരിലയച്ച അനുഗ്രഹങ്ങളാണിവ എന്ന് പറയുകയുണ്ടായി.' (ബറാഹീനെ അഹ്മദിയ്യ നാലാം ഭാഗം അവലംബം ശറഹ് അൽഖസീദ പേജ് 169 ഗ്രന്ഥകർത്താവ് മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബ്)

അനുഗ്രഹങ്ങളുടെ നീരുറവ: അതെ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ലഭിച്ചതെല്ലാം തന്റെ പ്രിയ യജമാനൻ ഹദ്റത്ത് മുഹമ്മദ് നബി (സ)യിൽ നിന്നാണ്. എല്ലാം കരസ്ഥമാക്കിയത് സ്വലാത്ത് മുഖേനയായിരുന്നു.

'ഞാൻ എല്ലാം തന്നെ അദ്ദേഹത്തിൽ നിന്നാണ് കരസ്ഥമാക്കിയിരിക്കുന്നത്. അല്ലാഹുവേ, നീ അതിന് സാക്ഷിയുമാണ്. ഞങ്ങൾക്ക് സത്യപാതയെ കാണിച്ചു തന്ന പൂർണ്ണചന്ദ്രനാണദ്ദേഹം ദീനുമായി ബന്ധപ്പെട്ട രഹസ്യങ്ങളത്രയും പറഞ്ഞ് തന്നത് അദ്ദേഹമാണ്. സമ്പത്ത് നൽകുന്ന അനുസരണശീലനാണദ്ദേഹം. ആ പ്രകാശധാരയിൽ ഞാനിതാ അർപ്പിതനായിരിക്കുന്നു. അതിൽ നിന്നുമുണ്ടായതാണു ഞാൻ. യഥാർത്ഥത്തിൽ എല്ലാം അങ്ങ് തന്നെയാണ്. എനിക്കെന്തു പ്രസക്തിയാണുള്ളത്. ഇതു തന്നെയാണ് സാരം.'

## സ്വലാത്ത് ഏറ്റവും മഹത്തായ യോഗ്യത

ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനായി എഴുന്നേൽപ്പിക്കപ്പെടുന്ന വ്യക്തി തന്റെ നാഡീഞരമ്പുകളിൽ നബിതിരുമേനി(സ)യോടുള്ള സ്നേഹത്തെ പ്രവഹിപ്പിച്ചയാളും തന്റെ ഓരോ അവയവങ്ങളിലും ആ സ്നേഹത്തെ പ്രതിഫലിപ്പിച്ചയാളും തന്റെ ശ്വാസം പോലും സ്വലാത്തെന്ന അച്ചിൽ വാർക്കപ്പെടേണ്ടയാളുമായിരുന്നു. അപ്രകാരമുള്ള സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ദീനിന്റെ പുനരുജ്ജീവനത്തിനായി നിയോഗിച്ചത്. അദ്ദേഹം അരുൾ ചെയ്യുന്നു.

'ഒരിക്കൽ എനിക്ക് ഇൽഹാ

ഒരു സ്വഹാബി ഇപ്രകാരം ചോദിച്ചു. യാ റസൂലല്ലാ ഞാൻ എന്റെ സ്വന്തം ആവശ്യത്തിനായി ഒരു ദുആയും ചെയ്യാറില്ല. അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലി അങ്ങേക്ക് വേണ്ടിയാണ് ഞാൻ ദുആ ചെയ്യാറുള്ളത്. അത് കേട്ട് നബി(സ) ഇപ്രകാരം പറഞ്ഞു. നിനക്ക് മറ്റൊരു ദുആയും ചെയ്യേണ്ടതായി വരില്ല. എന്തുകൊണ്ടെന്നാൽ എനിക്ക് വേണ്ടി ദുആ ചെയ്യുകയും എന്റെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുന്നവരുടെ എല്ലാ കാര്യങ്ങളും അല്ലാഹു സ്വയം ഏറ്റെടുക്കുന്നതാണ്.

മുണ്ടായി. അതിന്റെ അർത്ഥം ഇപ്രകാരമാണ്. അതായത് വാനലോകത്തുള്ളവർ കലഹിക്കുകയാണ്. അല്ലാഹു തന്റെ ദീനിനെ പുനരുജ്ജീവിപ്പിക്കുന്ന കാര്യത്തിൽ ഉത്സുകനാണ്. എന്നാൽ അതിന് പറ്റിയ ആൾ ആരാണെന്ന കാര്യത്തിലാണ് അഭിപ്രായവ്യത്യാസമുള്ളത്. തദവസരത്തിൽ ഞാൻ ഒരു ദർശനത്തിൽ ജനങ്ങൾ ഒരു സമുദായോദ്ധാരകനെ അന്വേഷിച്ച് അങ്ങുമിങ്ങും നടക്കുന്നത് കാണുകയുണ്ടായി. അപ്പോൾ ഒരാൾ ഈ വിനീതന്റെ അടുത്തു വന്ന് ഇപ്രകാരം സൂചിപ്പിച്ചു. 'ഹാദാ റജ്ലുൻ യുഹിബ്ബു റസൂലല്ലാഹി' അതായത് ഈ മനുഷ്യൻ റസൂൽ(സ)യെ സ്നേഹിക്കുന്ന ആളാകുന്നു. ഇതിൽ നിന്ന് സമുദായോദ്ധാരണത്തിനുള്ള ഏറ്റവും മഹത്തായ നിബന്ധനയും അർഹതയും റസൂൽ തിരുമേനിയോടുള്ള സ്നേഹാതിരേകമാണെന്ന് മനസ്സിലാവുന്നു. (ബറാഹീനെ അഹ്മദിയ്യ നാലാംഭാഗം പേജ് 502)

## സ്വലാത്ത് നബി(സ)യിലേക്കെത്തുന്നു

അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വാസികളോട് നബി(സ) തിരുമേനിക്ക് മേൽ സ്വലാത്ത് ചൊല്ലാനായി കൽപ്പിക്കുകയുണ്ടായി. അതുപോലെ നബി(സ) തിരുമേനിയും മുസ്‌ലിംകളെ സ്വലാത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുഗ്രഹങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുകയുണ്ടായി.

ഹദീസിൽ ഇപ്രകാരം വരുന്നു.

ഒരു സ്വഹാബി ഇപ്രകാരം ചോദിച്ചു. യാ റസൂലല്ലാ ഞാൻ എന്റെ സ്വന്തം ആവശ്യത്തിനായി ഒരു ദുആയും ചെയ്യാറില്ല. അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലി അങ്ങേക്ക് വേണ്ടിയാണ് ഞാൻ ദുആ ചെയ്യാറുള്ളത്. അത് കേട്ട് നബി(സ) ഇപ്രകാരം പറഞ്ഞു. നിനക്ക് മറ്റൊരു ദുആയും ചെയ്യേണ്ടതായി വരില്ല. എന്തുകൊണ്ടെന്നാൽ എനിക്ക് വേണ്ടി ദുആ ചെയ്യുകയും എന്റെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുന്നവരുടെ എല്ലാ കാര്യങ്ങളും അല്ലാഹു സ്വയം ഏറ്റെടുക്കുന്നതാണ്.

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തു. എന്റെ ഖബറിൽ വന്ന് കൊണ്ട് ആരാണോ എന്റെ മേൽ സ്വലാത്ത് ചൊല്ലുന്നത് ഞാനത് കേൾക്കുന്നതാണ്.

റസൂർ തിരുമേനി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നവരായി തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).

– വിവ: ശഫീഖ് അഹ്മദ്, പത്തപിരിയം

www.alislam.org

പേജ് 21 ൽ നിന്ന് തുടർച്ച

ഒരൊറ്റ മുസ്‌ലിം വിഭാഗത്തിന്നും തങ്ങൾക്ക് ഒരു ആഗോള സംവിധാനമുണ്ടെന്ന അവകാശ വാദം പോലുമില്ല. നമ്മുടെ കേരളക്കരയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം തന്നെ സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനകളാണ്. അഖിലേന്ത്യാ സംവിധാനം ഉണ്ട് എന്ന് അവകാശപ്പെടുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ തങ്ങൾ അൽ ജമാഅത്ത് ആണെന്ന് അവകാശപ്പെടാൻ അർഹരല്ല എന്ന് പറയുന്നവരുമാണ്. ദീനിനെ തുണ്ടം തുണ്ടമാക്കിയവരുമായി ഞാനുമായി യാതൊരു ബന്ധവുമില്ല എന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമാക്കുന്നത് പോലെയുള്ള വിഭാഗത്തിൽ പെട്ടവരാണ് ഈ കാലഘട്ടത്തിലെ മുസ്‌ലിം സമുദായം. ഇത്തരക്കാരുമായി ബന്ധം വിഛേദിച്ച് കാട്ടിൽ പോകാനാണ് ഹുദൈഫ റിപ്പോർട്ട് ചെയ്ത ബുഖാരിയിൽ രേഖപ്പെടുത്തിയ തിരുവചനത്തിലുള്ളത്. ഇത്തരത്തിൽ നാഥനില്ലാത്ത ആട്ടിൻ പറ്റത്തെ പോലെ നിലകൊള്ളുന്നവരായതുകൊണ്ട് തന്നെയല്ലേ കൊതിയന്മാർ ഭക്ഷണ തളികയിലേക്ക് കൈനീട്ടുന്നത് പോലെ നിങ്ങളുടെ നേർക്ക് ശത്രുക്കൾ കൈനീട്ടുമെന്ന് തിരുനബി (സ) പറഞ്ഞ പ്രവചനം സമുദായത്തിൽ പൂർത്തിയായിരിക്കുന്നത്. ഏതൊരു മഹാത്മാവിനാണ് മഞ്ഞുകട്ടയിലൂടെ മുട്ടിലിഴഞ്ഞ് പോയെങ്കിലും തന്റെ സലാം എത്തിക്കണമെന്ന് റസൂൽ തിരുമേനി (സ) വസിയത്ത് ചെയ്തത്, കുഴപ്പങ്ങളുടെ ഇക്കാലത്ത് മുസ്‌ലിംകളുടെ അൽ ജമാഅത്തിനെയും അവരുടെ ഇമാമിനെയും മുറുകെ പിടിക്കുവാൻ കൽപ്പിച്ചത്, ആ സത്യജമാഅത്തായ അഹ്മദിയ്യാ ജമാഅത്തിനെയും മഹ്ദി മസീഹ് മിർസാ ഗുലാം അഹ്മദ് (അ) നെയും കൈകൊള്ളുവാൻ മുസ്‌ലിം സഹോദരന്മാരെ ദീനുൽ ഇസ്‌ലാമിന്റെ പേരിൽ അഭ്യർത്ഥിക്കുകയാണ്.

# ഉവൈസുൽ ഖർനി

മുഹമ്മദ് നബി(സ)യുടെ കാലത്ത് യമനിൽ ജീവിച്ചിരുന്ന പരമ സാത്വികനായ ഒരു പുണ്യാത്മാവായിരുന്നു ഹദ്റത്ത് ഉവൈസുൽ ഖർനി പ്രവാചക സ്നേഹത്തിന്റെ തുല്യതയില്ലാത്ത മാതൃകയായും മാതൃശുശ്രൂഷയുടെ പ്രതീകമായും അദ്ദേഹം ഇസ്‌ലാമിക സാഹിത്യങ്ങളിൽ വാഴ്ത്തപ്പെടുന്നു

എ. എം. മുഹമ്മദ് സലീം

മുഹമ്മദ് നബി(സ) കാലത്ത് യമനിൽ ജീവിച്ചിരുന്ന പരമ സാത്വികനായ ഒരു പുണ്യാത്മാവായിരുന്നു ഹദ്റത്ത് ഉവൈസുൽ ഖർനി പ്രവാചക സ്നേഹത്തിന്റെ അത്യുന്നതമായ മാതൃകകളിലൊന്നായി മുസ്‌ലിം ലോകം ഉവൈസുൽ ഖർനിയെ ആദരിക്കുന്നു. മാത്രമല്ല അദ്ദേഹത്തിന്നുള്ള ഒരു പ്രത്യേകത റസൂൽ തിരുമേനി(സ)യെ ഇത്ര അഗാതമായി സ്നേഹിച്ചിട്ടും അവിടുത്തെ സമകാലികനായി ജീവിച്ചിട്ടും തിരുമേനി(സ)യുടെ തിരുമുഖം ദർശിക്കാനുള്ള അവസരം ഉവൈസുൽ ഖർനിക്കുണ്ടായില്ല എന്നതാണ്.

ഉവൈസുൽ ഖർനിയെ കുറിച്ച് വാഗ്ദത്ത മസീഹ് ഹ്ദത്ത് അഹ്മദ് (അ) 'സറൂറത്തുൽ ഇമാം' എന്ന പുസ്തകത്തിൽ പറഞ്ഞത്: ***'ഉവൈസുൽ ഖർനി ദിവ്യവെളിപാടുകൾ ലഭിക്കുന്ന വ്യക്തിയായിരുന്നു എന്നാണ്. റസൂൽ തിരുമേനി (സ) യുടെ പ്രവാചകത്വമാകുന്ന സൂര്യബിംബത്തിനും അവിടുത്തെ ഇമാമത്തിന് മുന്നിലും തന്റെ സാന്നിദ്ധ്യം തന്നെ അവമതിപ്പാണെന്ന് അദ്ദേഹം സ്വയം കരുതിയിരുന്നു. അത്രമാത്രം അതീവ വിനയാന്വിതനായിരുന്നു അദ്ദേഹം. നമ്മുടെ യജമാനനായ മുഹമ്മദ് നബി(സ) ചിലപ്പോൾ അവിടുത്തെ തിരുവദനം യമനിനു നേരെ തിരിച്ചുപിടിച്ചു കൊണ്ട് പറയുമായിരുന്നു. 'അഹിദു റീഹും ർറഹ്മാനി മിൻ കിബലിൽ യമനി' (യമനിന്റെ ഭാഗത്ത് നിന്നുള്ള ഹൃദ്യമായ ഒരു സുഗന്ധം ഞാൻ അനുഭവിക്കുന്നു.) ഇത് ഉവൈസിന്ന് തീർച്ചയായും ദിവ്യവെളിപാടുകൾ ലഭിച്ചിരുന്നു എന്നതിന്റെ ആലങ്കാരിക പ്രയോഗമാണ്.'***

അങ്ങേയറ്റം സ്വാതികമായ ജീവിതം നയിച്ച ഉവൈസുൽ ഖർനി മറ്റെങ്ങും പോകാതെ വൃദ്ധയായ മാതാവിനെ ശുശ്രൂഷയിൽ നിമഗ്നനായിരുന്നത് കാരണം ആ മഹാത്മാവിന്ന് മദീനയിൽ വന്ന് തിരുനബി(സ)യുമായി കൂടികാഴ്ച്ച നടത്താൻ കഴിഞ്ഞില്ല. സാങ്കേതികമായി സഹാബിയായി അറിയപ്പെടുന്നില്ലെങ്കിലും സഹാബാക്കളുടെ പദവിയിൽ അറിയപ്പെടുകയും റസൂൽ തിരുമേനി(സ)യുടെയും ഖുലഫാ ഉർറാശിദയുടെയും പിൽക്കാലത്ത് ജീവിച്ച മുസ്‌ലിംകളുടെയും അഗാധ സ്നേഹം ഏറ്റുവാങ്ങുകയും സ്മരിക്കപ്പെടുകയും ചെയ്യുന്ന ഒരു പുണ്യാത്മാവായിരുന്നു അദ്ദേഹം.

ഉവൈസുൽ ഖർനിയുടെ പൂർണ്ണനാമം ഉവൈസിബ്നു ആമിരിബ്നു ജസ്ഇബ്നി മാലികിൽ ഖർനി എന്നാണ്. യമനിലെ മുറാദ് ഗോത്രത്തിന്റെ ശാഖയായ ഖറൻ ശാഖയിൽ ഖർനി എന്ന സ്ഥലത്ത് ജനിച്ചയാളാണ് അദ്ദേഹം. വൃദ്ധരായ മാതാപിതാക്കളെ മറ്റെങ്ങും പോകാതെ സംരക്ഷിച്ച് അവരുടെ മരണശേഷം പർവ്വത മുകളിൽ ഏകാന്തവാസം അനുഷ്ഠിക്കുകയും രാത്രി ആരാധനകളിൽ മുഴുകി ഏകാന്ത വിജനതകളിൽ ജീവിക്കാനാണ് അദ്ദേഹം ഈഷ്ടപ്പെട്ടിരുന്നതെന്നാണ് വിവരണങ്ങളിൽ കാണുന്നത്.

റസൂൽ തിരുമേനി(സ) ഉമറിനോടും ഹദ്റത്ത് അലി(റ)യോടും ഉവൈസുൽ ഖർനിയെ പറ്റി പറഞ്ഞ ചില വചനങ്ങളാണ് ഖർനിയെ ഇസ്‌ലാമിക ചരിത്രത്തിൽ അനശ്വരനാക്കി മാറ്റിയത്. ഉവൈസ് സാത്വികനായ പുണ്യാത്മാവാണെന്നും അദ്ദേഹത്തെ കണ്ടുമുട്ടിയാൽ നമ്മക്ക് വേണ്ടി അദ്ദേഹത്തെ കൊണ്ട് പ്രാർത്ഥിപ്പിക്കണമെന്നും തന്റെ സലാം അദ്ദേഹത്തെ അറിയിക്കണമെന്നും നബി(സ) അനുചരന്മാരെ ഉപദേശിച്ചു. റസൂൽ തിരുമേനി(സ)യുടെ ഈ ഉപദേശം ശിരസാവഹിച്ചുകൊണ്ട് ഉവൈസിയെ കാണാനും ഉമർ (അ) അലി(റ) നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.

റസൂൽ തിരുമേനി(സ) ഉവൈസിയെ കുറിച്ച് പറഞ്ഞ അസാധാരണമായ ഈ പ്രശംസയും അവർക്ക് നൽകിയ ഉപദേശം നിമിത്തവും ഹദ്റത്ത് ഉമറും(റ) ഹദ്റത്ത് അലി(റ)യും പിന്നീട് ഉവൈസുൽ ഖർനിയെ തേടിപ്പിടിച്ച് സന്ദർശിക്കുകയാണുണ്ടായത്. ഈ കാരണത്താൽ മുസ്‌ലിം ലോകം അജ്ഞാതനായിരിക്കാൻ ആഗ്രഹിച്ച ഉവൈസിയെ അത്യധികം ബഹുമാനം നൽകി ആദരമർപ്പിക്കുകയുണ്ടായി.

ഇമാം മുസ്‌ലിം അദ്ദേഹത്തിന്റെ പ്രശസ്തമായ ഹദീസ് ഗ്രന്ഥത്തിൽ ഒരു അദ്ധ്യായം ഉവൈസുൽ ഖർനിക്കായി നീക്കിവച്ചിട്ടുണ്ട്. ***'ഉവൈസുൽ ഖർനിയുടെ നന്മകൾ എന്നതാണ് ഈ അദ്ധ്യായത്തിന്റെ പേര്. അതിൽ ഉമറുബ്നുൽ ഖത്വാബിൽ നിന്നും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരമാണ്. അല്ലാഹുവിന്റെ റസൂൽ (സ) പറയുന്നതായി ഞാൻ കേട്ടു: നിങ്ങളുടെ അടുത്ത് യമനിലെ മുറാദ് ഗോത്രത്തിന്റെ ശാഖയായ ഖറൻ ശാഖയിൽ പെട്ട ഉവൈസുബ്നു അംറ് യമൻ ജനതയുടെ ശക്തിയോടുകൂടി വരുന്നതാണ്. അദ്ദേഹത്തിന്ന് വെള്ളപാണ്ഡിന്റെ രോഗബാധയുണ്ടായിരുന്നു. അദ്ദേഹം പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു ദിർഹം നാണയത്തിന്റെ വലുപ്പം ഒഴിച്ച് ബാക്കി സ്ഥലത്തെ രോഗബാധ പൂർണ്ണമായും ഭേദമായി. അദ്ദേഹം തന്റെ മാതാവിനോട് അങ്ങേയറ്റം വിനയത്തോടെ പെരുമാറി. അദ്ദേഹം അല്ലാഹുവിന്റെ പേരിൽ എന്തെങ്കിലും പ്രതിജ്ഞയെടുത്തെങ്കിൽ അതിൽ ഉറച്ചു നിൽക്കുമായിരുന്നു. അദ്ദേഹത്തോട് താങ്കൾക്ക് (ഉമർ)വേണ്ടി മാപ്പ് ലഭിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ അപേക്ഷിക്കണം.'(മുസ്‌ലിം)***

ദരിദ്രനായി ജീവിച്ച ഉവൈസുൽ ഖർനി തന്റെ മാതാവിനെ ശുശ്രൂഷിക്കുന്നതിൽ മാത്രമല്ല സമസൃഷ്ടികളോടുള്ള അദ്ദേഹത്തിന്റെ കടപ്പാടുകൾ പൂർത്തിയാക്കുന്നതിലും അതീവ ശ്രദ്ധപുലർത്തിയിരുന്നു. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. ***'വല്ലവനും വിശപ്പ് മൂലം മരിക്കാനിടയായാൽ അല്ലാഹുവേ നീ എന്നെ ശിക്ഷിക്കരുതേ ആരെങ്കിലും വിവസ്ത്രനായി മരിക്കാനിടയായാൽ അല്ലാഹുവേ നീ എന്നെ ശിക്ഷിക്കരുതേ'***

വിരക്തജീവിതം നയിച്ച ഉവൈസുൽ ഖർണിയെ സൂഫികളുടെ ആചാര്യനായി ചിലർ ഗണിക്കാറുണ്ട്. നേരിട്ട് റസൂൽ തിരുമേനി (സ) യുമായി ബന്ധമില്ലെങ്കിലും ആത്മീയമായി നിരന്തരം റസൂൽ തിരുമേനി(സ) അദ്ദേഹവുമായി ബന്ധപ്പെടാറുണ്ടായിരുന്നുവെന്നാണ് അവരുടെ വാദം. ഉവൈസുൽ ഖർനിയുടെ പ്രവാചക സ്നേഹത്തെ പറ്റി അതിശയോക്തി കലർന്നതും ഇതിഹാസ സമാനമായതുമായ അനേകം കഥകൾ പ്രചാരത്തിലുണ്ട്.. ഒരു കഥ ഇങ്ങനെയാണ്. ഉഹദ് യുദ്ധത്തിൽ റസൂൽ തിരുമേനി(സ)യുടെ അണപ്പല്ലുകൾ നഷ്ടപ്പെട്ട വാർത്ത അറിഞ്ഞപ്പോൾ തന്റെ അണപ്പല്ല് ഖർനി സ്വയം തല്ലിക്കൊഴിക്കുകയുണ്ടായി എന്നതാണ് ആ കഥ.

'സീറ: അൽ ഹലാബിയ്യ' എന്ന ഗ്രന്ഥത്തിൽ ഇമാം അൽ ശഹറാനിയുടെ 'തബാക്കത്ത് അൽഖുബ്റ'യിൽ നിന്നുമുള്ള ഒരു ഉദ്ദരണിയിൽ ഇപ്രകാരം കാണാം:

ഉവൈസുൽ ഖർനി പറഞ്ഞു. അല്ലാഹുവാണെ, എന്റെ അണപ്പല്ലുകൾ കൊഴിയാതെ പ്രവാചകന്റെ പല്ലുകൾ കൊഴിയാൻ പാടില്ല.... ഇങ്ങനെ പല ഗ്രന്ഥങ്ങളിലും ഞാൻ വായിച്ചിട്ടുണ്ട്.. അത് സത്യമാണോ അസത്യമാണോ എന്ന് അല്ലാഹുവിന്ന് മാത്രമേ അറിയുകയുള്ളൂ. (അൽ ഹലബി, ഇൻസാനുൽ ഉയൂൻ അഖാ അൽ സീറ അൽ ഹലബിയ്യ:) ഈ ഗ്രന്ഥം ചരിത്ര വസ്തുത എന്ന നിലക്ക് പ്രസ്തുത സംഭവം അവതരിപ്പിക്കാൻ ശ്രമിക്കുന്നില്ല.

16-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രശസ്തനായ ഖുർആൻ വ്യഖാതാവും മുസ്‌ലിം ലോകം ആദരിക്കുന്ന പണ്ഡിതനുമായ മുല്ലാ അലിയുൽ ഖാരിയുടെ ഉവൈസുൽ ഖർനിയുടെ നന്മകളുടെ വിവരണത്തിൽ ഈ വിഷയത്തെ പറ്റി യുക്തിപരമായ ഒരു തീർപ്പ് കൽപ്പിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

*'നല്ലവണ്ണം അറിയുക. അതായത് റസൂൽ തിരുമേനി (സ) യുടെ അണപ്പല്ല് നഷ്ടപ്പെട്ടപ്പെട്ടപ്പോൾ തീവ്രദുഖം നിമിത്തം തന്റെ എല്ലാ പല്ലുകളും ഉവൈസുൽ ഖർണി പിഴുതുമാറ്റി എന്നത് സാധാരണക്കാരന്റെ ഭാഷയിൽ പ്രചരിച്ചതാണ്. റസൂൽ തിരുമേനി(സ)യുടെ ഏത് പല്ലാണ് നഷ്ടപ്പെട്ടത് എന്ന് അദ്ദേഹം ഒരിക്കലും വ്യക്തമായി അറിഞ്ഞിരിക്കാനിടയില്ല. ആയതിനാൽ ഈ കഥക്ക് പണ്ഡിതന്മാരെ സംബന്ധിച്ചേടത്തോളം യാതൊരു അടിസ്ഥാനവുമില്ല. മാത്രമല്ല സ്വയം നശിപ്പിക്കുന്ന ഇത്തരം നിഷ്ഫലവും ചപലവുമായ പ്രവർത്തിയിലൂടെ മഹാനായ അദ്ദേഹം ഇസ്‌ലാമിന്റെ പരിശുദ്ധ നിയമങ്ങൾ ലംഘിച്ചു എന്ന് പറയേണ്ടിവരും. കാരണം ഇത്തരം പ്രവർത്തികൾ ഒരു വിഡ്ഢിയിൽ നിന്നും മാത്രമേ ഉണ്ടാവുകയുള്ളൂ.' (അലിയുൽ ഖാരി - അൽ മാദിൻ അൽ അദ്നിഫി ഫളലിൻ ഉവൈസുൽ ഖർനി)*

മറ്റൊരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടത് ഇങ്ങനെയാണ്. ഹദ്റത്ത് ഉവൈസുൽ ഖർണി റസൂൽ തിരുമേനിയിൽ അസാധരണമാംവിധം അനുരക്തി കാണിച്ചയാളായിരുന്നുവല്ലോ. പല തവണ അദ്ദേഹം അവിടുത്തെ കാണാൻ ആഗ്രഹിച്ചിട്ടും കാണാൻ പോകാൻ സാധിചില്ല. കാരണം വൃദ്ധയായ തന്റെ മാതാവിനെ ശുശ്രൂഷിക്കുന്നത് എറ്റവും പുണ്യമുള്ള കാര്യമാണെന്ന റസൂൽ തിരുമേനി(സ) യുടെ ഉപദേശം മാനിച്ച് അദ്ദേഹം മറ്റെങ്ങും പോയില്ല. ഒരിക്കൽ ഉവൈസ് റസൂൽ തിരുമേനി(സ)യെ

കാണാൻ തന്റെ മാതാവിൽ നിന്നും സമ്മതം ചോദിച്ചു. മാതാവ് പറഞ്ഞു: ഞാൻ നിനക്ക് സമ്മതം തന്നിരിക്കുന്നു. പക്ഷേ ഒരുകാര്യം നമ്മുടെ പ്രിയപ്പെട്ട റസൂലുള്ള(സ) വീട്ടിൽ ഉണ്ടെങ്കിൽ നീ അവിടെ വെച്ച് അദ്ദേഹത്തെ കാണുക. വീട്ടിലില്ലെങ്കിൽ നേരെ തിരിച്ച് ഇവിടേക്ക് വരിക. ഉവൈസ് താൻ അഗാതമായി സ്നേഹിക്കുന്ന ആ പ്രേമ ഭാജനത്തിന്റെ തിരുമുഖം ദർശിക്കാൻ മദീനയിലേക്ക് പുറപ്പെട്ടു. യമനിൽ നിന്നും മൂന്നു മാസം കാൽനടയായി സഞ്ചരിച്ച് ഉവൈസുൽ ഖർണി മദീനയിലെത്തി. റസൂൽ തിരുമേനി(സ)യുടെ വസതിയിലെത്തി. കതകിന്ന് മുട്ടി. തന്റെ ഹൃദയാഭിലാഷങ്ങൾ നിറവേറ്റപ്പെടുന്ന ആ അസുലഭമുഹൂർത്തത്തിന്ന് വേണ്ടി ഹൃദയത്തുടിപ്പോടെ കാത്തുനിന്നു. വാതിലിന്ന് മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ആ ചന്ദ്ര ബിംബത്തെ കാണാൻ കൊതിച്ചിരുന്നു. ഹദ്റത്ത് ആയിശ (റ) വാതിൽ തുറന്നു. ഖർനി സ്വയം പരിചയപ്പെടുത്തി. *'ഞാൻ യമനിൽ നിന്നും വരുന്ന ഉവൈസുൽ ഖർണി എന്ന യാളാണ്. റസൂൽ തിരുമേനി(സ)യെ കാണാനാണ് വന്നത്'* ഉവൈസ് പറഞ്ഞു. അവിടുന്ന് വീട്ടിലില്ലെന്ന മറുപടിയാണ് ഹദ്റത്ത് ആയിശയിൽ നിന്നും കേട്ടത് നിരാശനായ ഉവൈസുൽ കർണി തന്റെ നിരാശയും ദുഖവും കടിച്ചമർത്തി പറഞ്ഞു. *'റസൂൽ തിരുമേനി(സ) വന്നാൽ എന്റെ സലാം അറിയിക്കണം. മാതാവിന്റെ ഉപദേശമുള്ളതിനാൽ ഞാൻ നാട്ടിലേക്ക് മടങ്ങുകയാണ്'* റസൂൽ തിരുമേനി(സ) വീട്ടിലില്ലെങ്കിൽ നേരെ സ്വദേശത്തേക്ക് മടങ്ങണം എന്ന മാതാവിന്റെ ഉപദേശം ഉവൈസ്ക്ക് ഓർമ്മവന്നു. അദ്ദേഹം റസൂലിനെ കാണാൻ നിൽക്കാതെ യമനിലേക്ക് മടങ്ങി.

റസൂലുള്ള വീട്ടിൽ മടങ്ങിയെത്തിയപ്പോൾ ഉവൈസിയുടെ ആത്മീയ പ്രഭ അദ്ദേഹം അവിടെ അനുഭവിക്കുകയും ഹദ്റത്ത് ആയിശ നടന്ന കാര്യം അവിടത്തെ അറിയിക്കുകയും ചെയ്തു. വീട്ടിലില്ലെങ്കിൽ മറ്റെങ്ങും പോയി താങ്കളെ കാണാൻ മാതാവിന്റെ അനുവാദമില്ലാത്തതിനാൽ അദ്ദേഹം മടങ്ങുകയാണുണ്ടായതെന്ന് ഹദ്റത്ത് ആയിശ പറഞ്ഞു. അപ്പോൾ റസൂലുള്ള യമനിന്റെ നേരെ നോക്കി പറഞ്ഞു *'നമ്മുടെ സുഹൃത്തിന്റെ സുഗന്ധം നമ്മിലേക്കെത്തുന്നു'* റസൂൽ തിരുമേനി(സ) അവസാന നാളിലാണ് ഹദ്റത്ത് ഉമറി(റ)നോട ഹദ്റത്ത് അലി(റ)യോടും ഉവൈസിൽ ഖർണിയെ പറ്റിപറയുന്നത്. എന്നിട്ട് താൻ ധരിച്ച തിരു വസ്ത്രം ഉവൈസിക്ക് നൽകാൻ ഏൽപ്പിക്കുകയും ചെയ്തു. സഹാബാക്കൾ പൊന്നിനേക്കാളും രത്നത്തേക്കാളും വിലമിക്കാനാവത്ത ഉപഹാരമായി കരുതുന്നതായിരുന്നു അവിടുന്ന് ധരിച്ച വസ്ത്രങ്ങൾ

ഏതായാലും ഉവൈസുൽ ഖർണിയെപറ്റിയുള്ള അതിശയോക്തി കലർന്നതും ഇതിഹാസ സമാനവുമായ ഇത്തരം കഥകൾക്ക് കാരണം റസൂൽ തിരുമേനി (സ) അദ്ദേഹത്തോട് കാണിച്ച് സ്നേഹാദരങ്ങൾ തന്നെയാണ്. റസൂൽ തിരുമേനി(സ)യാൽ വളരെയേറെ പുകഴ്ത്തലിന്ന് പാത്രമായ ഭക്തനും പരമസാത്വികനുമായ ഉവൈസിയുടെ ജീവിത വിശുദ്ധിയെ പറ്റി മനസ്സിലാക്കിയ ഉമർ (റ) അദ്ദേഹത്തെ കാണാൻ പ്രത്യേകം താൽപര്യം കാണിക്കുകയും യമനിൽ നിന്നും വരുന്ന ഇസ്ലാമിക സംഘങ്ങളിൽ ഉവൈസ് ഉണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യുക പതിവായിരുന്നു. ഒരിക്കൽ ഉമർ റസൂൽ തിരുമേനി(സ) പറഞ്ഞ അടയാളങ്ങൾ കൊണ്ട് ഒരു സേനാവ്യൂഹത്തിൽ ദരിദ്രനായ ഉവൈസിനെ കണ്ടെത്തുകയും റസൂൽ തിരുമേനി (സ) പറഞ്ഞത് പ്രകാരം തനിക്ക് വേണ്ടിയും മുസ്ലിം ഉമ്മത്തിന്ന് വേണ്ടിയും പ്രാർത്ഥിക്കാൻ ഉമർ (റ) ഉവൈസിൽ ഖർണിയോട് അപേക്ഷിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം കൂഫയിലേക്ക് പോകുവാൻ ഉദ്ദേശിക്കുന്നു എന്ന തന്റെ ആഗ്രഹം ഉമർ(റ) നോട് പറഞ്ഞപ്പോൾ അവിടുത്തെ ഗവർണ്ണർക്ക് വിവരമറിയിക്കാമെന്ന് ഉമർ (റ) പറഞ്ഞു. പക്ഷേ ഉവൈസുൽ കർണി അത് നിരസിക്കുകയാണുണ്ടായത്. സാധാരണക്കാരിൽ ഒരുവനായി കഴിയാനാണ് താൻ ഇഷ്ടപ്പെടുന്നതെന്ന് അദ്ദേഹം ഖലീഫയെ അറിയിച്ചു. അദ്ദേഹത്തിന്റെ അന്ത്യത്തെ കുറിച്ച് അഭിപ്രായ ഭിന്നതകളുണ്ട്. അലി (റ) യുടെ കൂടെ സിഫ്ഫീൻ യുദ്ധത്തിൽ പങ്കെടുക്കുകയും അവിടെ ഹിജ്റ 37 ശഹീദാവുകയും ചെയ്തുവെന്നാണ് പ്രബലമായ അഭിപ്രായം. റസൂൽ തിരുമേനി(സ) യെ അഗാധമായി സ്നേഹിക്കുകയും റസൂൽ തിരുമേനി(സ) സ്നേഹപൂർവ്വം സ്മരിക്കുകയും ചെയ്ത യമനിന്റെ സുഗന്ധമായ ഉവൈസുൽ ഖർണിക്കുമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എന്നുമെന്നും വർഷിക്കുമാറാകട്ടെ.

**അവലംബം**


1. സറൂറത്തുൽ ഇമാം.
2. ഹദീസ് ഇമാം മുസ്ലിം
3. ഇസ്ലാം വിജ്ഞാന കോശം
4. Arab News (21 oct 2017)
5. Wikki peadia




# വിവാഹ പ്രായം ഇരുപത്തൊന്നാവുമ്പോൾ

## മുസാഫിർ

സ്ത്രീക്ഷേമം സംബന്ധിച്ച ഒരു പഠന റിപ്പോർട്ട് സമർപ്പിക്കാൻ ഭാരതീയ ജനതാപാർട്ടി സഹയാത്രികയായ സമതാപാർട്ടി മുൻ അദ്ധ്യക്ഷ ശ്രീമതി ജയാ ജറ്റ്‌ലിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. അവർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരമാണ് വിവാഹത്തിന് കുറഞ്ഞ പ്രായപരിധി 18 ൽ നിന്നും 21 ആയി കേന്ദ്രമന്ത്രിസഭ ഉയർത്താൻ തീരുമാനിച്ചത്. 2021 ഡിസംബർ 21 ന് പ്രസ്തുത നിയമ ഭേദഗതി പാർലമെന്റിൽ ഒരു ബില്ലായി അവതരിപ്പിച്ചു. രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്നും പാർലമെന്റിൽ പ്രതിപക്ഷം ഒന്നടങ്കവും ഈ ബില്ലിനെ എതിർക്കുകയുണ്ടായി. ഇത്തരം വിവാദ നിയമങ്ങൾ സാധാണ ഗതിയിൽ ബി ജെ പി സർക്കാർ സെലക്റ്റഡ് കമ്മിറ്റിക്കോ സ്റ്റാഡിംങ്ങ് കമ്മിറ്റിക്കോ വിടാറില്ല. എന്നാൽ ഈ ബില്ല് കൂടുതൽ പരിശോധനക്കും പഠനത്തിനുമായി വനിതാശിശു ക്ഷേമ മന്ത്രാലയവുമായി ബന്ധപ്പെട്ട പാർലമെന്റ് സ്ഥിരം സമിതിക്ക് (സ്റ്റാന്റിംങ്ങ് കമ്മിറ്റി) വിട്ടിരിക്കയാണ്. വനിതാ-ശിശുക്ഷേമ മന്ത്രി ശ്രീമതി സ്മൃതി ഇറാനിയാണ് Prohibition of Child Marriage (Amendment) Bill, 2021 എന്ന് പേരുള്ള ഈ ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചത്. അടുത്ത ബജറ്റ് സമ്മേളനത്തിൽ ഒരു പക്ഷേ ബില്ല് പാസ്സാക്കിയെടുത്തേക്കാം.

സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണം ജനസംഖ്യാ നിയന്ത്രണം സ്ത്രീ പുരുഷസമത്വം മുതലായ ഉദ്ദേശിച്ചാണ് ഈ ബില്ല് അവതരിപ്പിക്കുന്നത് എന്നാണ് സർക്കാരിന്റെ വിശദീകരണം. ഒന്നാമതായി ഈ ബില്ല് രാജ്യത്ത് നിലനിൽക്കുന്ന മറ്റു നിരവധി നിയമങ്ങളുമായും മനുഷ്യയുക്തിയുമായും ഏറ്റുമുട്ടുന്നു. ഈ ബില്ല് പാസ്സാകണമെങ്കിൽ നിരവധി നിയമഭേദഗതികളുടെ ഒരു പരമ്പരതന്നെ വേണ്ടിവരും. അതായത് രാജ്യത്ത് നിലവിലുള്ള നിയമപരമായ പ്രായപൂർത്തി പരിധി 18 വയസ്സാണ്. പക്ഷേ ഈ ബില്ല് 21 വയസ്സിന് താഴെയുള്ള വരെയെല്ലാം കുട്ടി (Child) ആയിട്ടാണ് നിർവചിച്ചിരിക്കുന്നത്. (A male or female who has not completed twenty-one years of age) ഇത് ഹിന്ദു ക്രിസ്ത്യൻ പാർസി വ്യക്തിനിയമങ്ങളിലെ പ്രായപരിധിക്ക് വിരുദ്ധമാണ്. അത്പോലെ 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റിനും എതിരാണ്. മുസ്‌ലിം വ്യക്തിനിയത്തിൽ സ്ത്രീയുടെ പ്രായം കൃത്യമായി നിർവചിച്ചിട്ടില്ല. പ്രായപൂർത്തിയാണ് വിവാഹ പരിധി. എങ്കിലും 2006 ലെ ശൈശവ വിവാഹ നിരോധന നിയമ പ്രകാരം 18 ന് താഴെയുള്ള വിവാഹവും കുറ്റകരമാണ്. വിവാഹം കഴിച്ചുകൊടുത്ത രക്ഷിതാവും പരികർമിയും ശിക്ഷക്ക് വിധേയരാവും എങ്കിലു വിവാഹം റദ്ദ് ചെയ്യപ്പെടുകയില്ല എന്ന വൈരുദ്ധ്യവുമുണ്ട്.

18 വയസ്സായ ഒരു ഇന്ത്യൻ പൗരനോ പൗരക്കോ നിയമനിർമ്മാണ സഭകളിലേക്ക് തന്റെ പ്രതിനിധിയെ തിരഞ്ഞെടുക്കാൻ കഴിയുമെങ്കിൽ എന്തുകൊണ്ട് ഒരു സ്ത്രീക്ക് സ്വന്തം ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാൻ കഴിയുന്നില്ല? നിയമത്തിൽ തന്നെ ഉള്ളടങ്ങിയിട്ടുള്ള വൈരുദ്ധ്യത്തിന് ഈ ഭേദഗതി ഉത്തരം നൽകുന്നില്ല. അത്പോലെ 18 വയസ്സ് തികഞ്ഞ സ്ത്രീക്ക് വിവാഹം കഴിക്കാതെ അന്യപുരുഷനുമൊത്ത് സഹജീവിതം (ലിവിംങ്ങ് ടുഗദർ) നയിക്കുന്നത് കുറ്റകരമല്ല. പക്ഷേ 21 തികയാതെ വിവാഹം കഴിക്കാൻ ഈ നിർദ്ദിഷ്ട ബില്ല് അനുവദിക്കുന്നില്ല. 1897 ലെ ഇന്ത്യ മെജോരിറ്റി ആക്റ്റിലും കരാർ നിയമങ്ങളിലും 18 വയസ്സാണ് മെജോരിറ്റി

പ്രായപരിധിയായി കണക്കാക്കുന്നത്. അതിന് കീഴെ പ്രായമുള്ള മൈനർമാരെ പ്രതിനിധീകരിക്കാൻ രക്ഷിതാക്കളെ നിയമിക്കേണ്ടതാണ്. അത്പോലെ ലൈംഗിക കുറ്റകൃത്യങ്ങളിലേർപ്പെടുന്ന 18 വയസ്സിന്ന് താഴെയുള്ള ബാലകുറ്റവാളികളെ (Juvenile Criminal) ലഭിക്കുന്ന ആനുകൂല്യം 21 വയസ്സുവരെയുള്ള യുവാക്കൾക്കും പുതിയ കുട്ടി നിർവചന പ്രകാരം ലഭിക്കുമോ? ഇങ്ങനെ അനേകം നിയമങ്ങളിൽ ഈ പ്രായപരിധി മാറ്റി എഴുതേണ്ടി വരില്ലേ? കാലം കഴിയുന്തോറും പുതിയ തലമുറ പഴയ തലമുറയേ അപേക്ഷിച്ച് കൂടുതൽ കാര്യങ്ങൾ പഠിക്കുകയും അവരുടെ സർഗ്ഗശേഷിയും മറ്റു കഴിവുകളും കുറഞ്ഞ പ്രായത്തിൽ തന്നെ കരസ്ഥമാക്കുകയും ചെയ്യുന്നു. ഇവിടെ പഴയ പ്രായപരിധിയായ 18 ൽ നിന്നും 21 ആക്കുമ്പോൾ പുരോഗമനത്തിന് പകരം അവരോഹണമാണ് കാണുന്നത്. വാസ്തവത്തിൽ 18 വയസ്സിൽ പ്രായപൂർത്തിയാവുന്ന സ്ത്രീയെ വിവാഹ കഴിക്കാൻ 3 വർഷം ഈ നിർദ്ദിഷ്ട നിയമം തടയുകയാണ് ചെയ്യുന്നത്.

ഇന്ന് ലോകത്ത് നടക്കുന്ന ബാലവിവാഹങ്ങളിൽ 40 ശതമനം വിവാഹങ്ങളും ഇന്ത്യയിലാണ് നടക്കുന്നത്. 2019-2021 ലെ നാഷനൽ ഫാമിലി ഹെൽത്ത് 20-24 പ്രായമായ സ്ത്രീകളിൽ നടത്തിയ സർവെ പ്രകാരം 23.3% സ്ത്രീകളും വിവാഹിതരായത് 18 വയസ്സിന് മുമ്പേയാണ്. പ്രായപരിധി 18 ആക്കിക്കൊണ്ടുള്ള 2006 ലെ പ്രൊഹിബിഷൻ ഓഫ് ചൈൽഡ് മാരേജ് ആക്റ്റ് നിലവിലിരിക്കെയാണ് ഇത്രയധികം ശൈശവ വിവാഹങ്ങൾ!. അപ്പോൾ വിവാഹ പ്രായം 21 ആയി ഉയർത്തിയത് കൊണ്ട് എങ്ങനെ ഇത് തടയാൻ കഴിയും? ചിലപ്പോൾ വടക്കെ ഇന്ത്യയിലെ ഗ്രാമങ്ങളിൽ രക്ഷിതാക്കന്മാരുടെ സമ്മതമില്ലാതെ ജാതി മാറി നടക്കുന്ന 18 ന് മുമ്പേയുള്ള പ്രേമവിവാഹങ്ങൾ പെൺമക്കൾക്കെതിരെ കേസ് കൊടുത്ത് പീഢിപ്പിക്കാൻ ഈ നിയമത്തെ ബന്ധുക്കളോ രക്ഷിതാക്കന്മാരോ ദുരുപയോഗം ചെയ്യാറുണ്ടെന്ന് വനിതാ ആക്റ്റിവിസ്റ്റുകൾ പറയുന്നു. പ്രായപരിധി 21 ആയി ഉയർത്തിയാൽ അവർക്ക് ഇവരുടെ വിവാഹ സ്വാതന്ത്ര്യത്തിൽ ഇടപെടാൻ മൂന്ന് വർഷം കൂടി അധികം ലഭിക്കുന്നു എന്ന് അവർ ചൂണ്ടിക്കാണിക്കുന്നു.

പ്രായപൂർത്തി എന്നത് തികച്ചും ജൈവികവും മാനസികവും സർഗ്ഗപരവും ധൈഷണികവുമായ മനുഷ്യന്റെ കഴിവുകളെ ആശ്രയിച്ചിട്ടുള്ളതാണ്. ഓരോ വ്യക്തിയിലും അത് വ്യത്യസ്ത പ്രായത്തിൽ വ്യത്യസ്ത തോതിലാണ് പ്രകടമാവുക. വിവാഹം തികച്ചും വ്യക്തിപരവും കുടുംബപരവും മതപരവുമായ മാനങ്ങളുള്ള വിഷയമാണ്. പലപ്പോഴും സാഹചര്യങ്ങളുടെയും ആകസ്മികതകളുടെയും സംയോജനത്തിൽ സംജാതമാവുന്ന പ്രതിജനഭിന്നമായ വിവാഹാവസരങ്ങൾ പ്രായത്തിന്റെ പേരിൽ ഇവിടെ തടയപ്പെടുകയാണ് ചെയ്യുന്നത്. ഇത് നീതിക്കും യുക്തിക്കും വ്യക്തിസ്വാതന്ത്ര്യത്തിന്നും നിരക്കാത്തതാണ്.

21 ന് മുമ്പുള്ള വിവാഹം കൊണ്ട് മാതൃ-ശിശു സുരക്ഷ, ആരോഗ്യം, പോഷണകുറവ് മുതാലയ ഉണ്ടാകുമെന്നാണ് ഗവർമെന്റിന്റെ ആശങ്ക. അതിന് ശാസ്ത്രീയമായ് തെളിവില്ല. ക്ഷേമ പ്രവർത്തനങ്ങളും അതുപോലെ ബോധവത്ക്കരണമാണ് ഇതിന് നടത്തേണ്ടത്. പൊതുവേ സ്ത്രീകൾക്ക് പ്രത്യുൽപ്പാദനക്ഷമത കൂടിയത് 18 മുതലാണ്. പ്രായാധിക്യം ജനിതക രോഗങ്ങൾക്ക് സാധ്യത കൂട്ടുകയാണ് ചെയ്യുക. വിവാഹപ്രായപരിധി ഉയർത്തൽ ഇതിനൊന്നും പരിഹാരമല്ല. ഇത്തരം നിയമങ്ങൾ മൂലം വിവാഹത്തിന്റെ ക്രിമിനൽ വത്ക്കരണമായിരിക്കും ഫലം. 21 വയസ്സ് തികഞ്ഞ ഈ കുട്ടികളുടെ വിവാഹത്തിന്റെ പേരിൽ ജയിലിൽ കിടക്കേണ്ടി വരിക എന്നത് ജനാധിപത്യത്തിൽ അചിന്ത്യമാണ്. ലിംഗസമത്വമാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ ആൺകുട്ടികളുടെ വിവാഹ പ്രായ പരിധി താഴ്ത്തി സമീകരിക്കാമല്ലോ. രസകരമായ കാര്യം 2018 ൽ ലിംഗസമത്വത്തിനായി ലോ കമ്മീഷൻ ശുപാർശചെയ്തത്; ആൺകുട്ടികളുടെ വിവാഹ പ്രായം 18 ലേക്ക് താഴ്ത്താനാണ്. ഇത്തരം കാര്യങ്ങളിൽ ഇടത് പക്ഷ നിലപാടുകളാണ് പുരോഗമനപരം എന്നാണല്ലോ സമൂഹം പൊതുവേ കണക്കാക്കപ്പെടുന്നത്. വിവാഹ പ്രായം ഉയർത്തുന്ന കാര്യത്തിൽ ഇടത് പക്ഷം കടുത്ത വിയോജിപ്പാണ് പ്രകടിപ്പിച്ചത്.

2010 ലെ കണക്കനുസരിച്ച് 158 രാജ്യങ്ങളിലെ നിയമപരമായ വിവാഹപ്രായം 18 ആണ്. സ്വീഡൻ, ഡന്മാർക്ക്, ജർമ്മനി, ലക്സം ബർഗ്ഗ്, സപെയിൽ, നെതർ ലൻഡ്സ്, ഫിൻലന്റ് മുതലായ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിൽ മിക്കവാറും എല്ലാ സ്റ്റേറ്റിലും വിവാഹപ്രായം കുറഞ്ഞത് 18 ആണ്. 1989 ലെ യു എൻ പൊതു സഭാപ്രമേയത്തിൽ പ്രായപൂർത്തിയാവുന്നത് 18 വയസ്സിലാണ് എന്ന പ്രമേയത്തിൽ ഇന്ത്യയും തുല്യം ചാർത്തിയതാണ്.

ഗവർമെണ്ടിന്റെ മറ്റൊരു ഭീതി ജനസംഖ്യാസ്പോടനമാണ്. വിവാഹപ്രായം കൂട്ടിയാൽ കുട്ടികൾ കുറയുമെന്നാണ് കണ്ടുപിടുത്തം. സമ്പന്നതയിലും പരിഷ്ക്കാരത്തിലും അതിരുകടന്ന ആനന്ദ ജീവിതം നയിക്കുന്ന യൂറോപ്യൻ ജനത പ്രത്യുൽപ്പാദനകാര്യത്തിൽ വിമുഖരാണ്. ഭയാനകമാം വിധം ജനശോഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന യൂറോപ്യൻ രാജ്യങ്ങൾ ഇന്ന് ജനസംഖ്യ വർദ്ധിപ്പിക്കാൻ കഠിനമായ യത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഏറെ കൊട്ടിഘോഷിച്ച 1980 കളിലെ

ചൈനയിലെ ഏകസന്താനനയം 2021 മെയ് 31 ൽ പാർട്ടിയുടെ പോളിറ്റ് ബ്യൂറോയുടെ ഒരു പ്രഖ്യാപനത്തിലൂടെ തിരുത്തിക്കഴിഞ്ഞു. പുതിയ ജന്മങ്ങളില്ലാതെ ജാരണം സംഭവിച്ചു കൊണ്ടിരിക്കുന്ന ചൈനയുടെ വൃദ്ധസമൂഹം മൂന്ന് സന്താനങ്ങൾ വരെ വേണമെന്ന് ജനങ്ങളെ പുതിയ നിയമം പാസ്സാക്കി ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കയാണ്. ലോകം നൽകുന്ന പാഠം കുടുംബാസൂത്രണത്തിലും ജീവിതശൈലിയിലും അനുശീലനം ചെയ്യപ്പെട്ട് ജനശോഷണം സംഭവിച്ച ഒരു ജനതയിൽ ജനസഖ്യാവർദ്ധനവ് ഉണ്ടാക്കാൻ വളരെ പ്രയാസമാണ് എന്നാണ്. വാസ്തവത്തിൽ ജനസംഖ്യ ഒരു രാജ്യത്തിന്റെ അമൂല്യസമ്പത്താണ് എന്ന് പല രാജ്യങ്ങളും ദീർഘവീക്ഷണത്തോടെ മനസ്സിലാക്കിക്കഴിഞ്ഞു.

ബി ജെ പി ഗവൺമെന്റ് കൃത്രിമമായി ഉണ്ടാക്കുന്ന ഒരു ഭീതി മുസ്‌ലിം ജനസംഖ്യ അതിശീഘ്രം വളരുന്നു എന്നതാണ്. വിവാഹം പ്രായം ഉയർത്തുന്നതിനെ മതപരമായ കാരണങ്ങളാൽ ഏറ്റവും കൂടുതൽ എതിർക്കുക മുസ്‌ലിംകൾ ആയിരിക്കുമെന്നു അവർ പ്രതീക്ഷിക്കുന്നു. വാസ്തവമെന്താണ്? 2021 ഡിസംബർ 24 ഹിന്ദുസ്ഥാൻ ടൈംസിൽ Sharp decline in fertility rate among Muslims: എന്ന ശീർഷകത്തിൽ മാളവികാ മുരളി എഴുതിയ ലേഖനത്തിൽ മുസ്‌ലിം ജനസംഖ്യയുടെ വളർച്ചാ നിരക്ക് 1992 നു 2015 നും ഇടക്ക് 4.4 നിന്നും 2.6 ആയി കുറയുകയാണ് ചെയ്തത് എന്ന് ആധികാരികമായ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ എഴുതിയിരിക്കുന്നു. മറ്റുപലപഠനങ്ങളും ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. വിദ്യാഭ്യസം സാർവ്വത്രികമായത് കൊണ്ട് എല്ലാ മതസമൂഹങ്ങളുടെ വളർച്ചാ നിരക്കും കുറഞ്ഞിട്ടുണ്ട്. ഹിന്ദു ജനസംഖ്യ 3.3 ൽ നിന്നു 2.1 ആയിട്ടാണ് കുറഞ്ഞത്. ഇതിൽ മുസ്‌ലിംകളെ ഒറ്റപ്പെടുത്തി ആക്രമിക്കുന്നത് ശരിയല്ല.

ഇനി ഇസ്‌ലാം ഇതിനെപറ്റി എന്ത് പറയുന്നു എന്ന് നോക്കാം. വിശുദ്ധ ഖുർആൻ വിവാഹത്തിന് ആണിനും പെണ്ണിനും ഒരു നിശ്ചിത പ്രായപരിധി നിർണ്ണയിച്ചിട്ടില്ല. ശാരീരികമായ പ്രായപൂർത്തിയും (ബലീഗ-Puberty) മാനസികവും ബുദ്ധിപരവുമായ പക്വതയും (ബലാഗുൽ അഖില - Intellectual Maturity) എത്തിയ സ്ത്രീ പുരുഷന്മാർക്ക് വിവാഹിതരാവാം എന്നാണ് യഥാർത്ഥത്തിലുള്ള ഇസ്‌ലാമിക കാഴ്ച്ചപാട്. വിവാഹത്തിന്ന് ശാരീരിക പ്രായപൂർത്തി മാത്രം പോര. അവന്റെ ജീവിതായോധനം നിർവ്വഹിക്കാനുള്ള മാനസികവും ബുദ്ധിപരവുമായ പക്വതകൂടി വിവാഹത്തിന് ആവശ്യമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: **'അങ്ങനെ അവർ വിവാഹ പ്രായമെത്തിയാൽ അപ്പോൾ അവരിൽ നിങ്ങൾ പക്വത കണ്ടറിയുന്നുവെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടുകൊടുക്കുക.' (സൂറ: അന്നിസാഅ് 4:7)** ഇവിടെ സ്വത്ത് കൈകാര്യം ചെയ്യുന്ന അഥവാ ജീവസന്ധാരണം നടത്താനുള്ള കഴിവാണ് ഖുർആൻ വിവാഹ പ്രായമായി കണക്കാക്കുന്നത്.

ഖുർആനിലെ കൽപ്പനകൾ നിയമരൂപത്തിലുള്ളതല്ല. നിയമനിർമാണത്തിന് മാർഗ്ഗനിർദ്ദേശാത്മകമായ ഒരു മൂല്യപദ്ധതിയാണ് ഖുർആൻ സമർപ്പിക്കുന്നത്. നൂറ്റാണ്ടുകളായി പരിണാമാത്മകമായ സമൂഹങ്ങളെ അഭിസംബോധന ചെയ്ത് ഖുർആൻ മുന്നോട്ട് വെക്കുന്നത് ഒരു മൂല്യനിർദ്ധാരണ പദ്ധതിയാണ്. നിയമങ്ങളും ചട്ടങ്ങളും കാലത്തിനനുസരിച്ച് ഖുർആനിക മൂല്യ തത്വങ്ങളോട് നീതി പുലർത്തി പരിഷ്ക്കരിക്കാവുന്നതും പരിഷ്ക്കരിക്കേണ്ടതുമാണ്. പൊതുവായ ഒരു പ്രായപരിധി ഇസ്‌ലാം നിഷ്ക്കർഷിക്കുന്നില്ല. മനുഷ്യക്ഷേമം കണക്കിലെടുത്തുള്ള നിയമ നിർമ്മാണം അതാത് കാലത്തെ ഭരണകൂടങ്ങളാണ് നടത്തേണ്ടത്. ആധുനിക ജനാധിപത്യത്തിൽ അത് സാർവ്വത്രിക നീതിതത്വങ്ങളിൽ വിശ്വസിക്കുന്ന സെക്കുലർ ജനാധിപത്യ നിയമനിർമാണ സഭകളും ഭരണകൂടങ്ങളും നിർവ്വഹിക്കട്ടെ ഇസ്‌ലാം അതിനെ സർവ്വാത്മനാ സ്വാഗതം ചെയ്യും.

## ഹദ്റത്ത് ലുഖ്മാൻ മകനോട് ചെയ്ത ഉപദേശങ്ങൾ

എന്റെ പ്രിയപ്പെട്ട മകനെ, നമസ്കാരം നിലനിർത്തുക. നല്ലകാര്യം ഉപദേശിക്കുക. നിഷിദ്ധ കാര്യം നിരോധിക്കുക. നിന്നെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈകൊള്ളുക. തീർച്ചയായും ഇത് നിശ്ചയ ദാർഢ്യമുള്ള കാര്യങ്ങളിൽ പെട്ടതാണ്. (കോപം നിമിത്തം) ജനങ്ങളുടെ മുമ്പാകെ നീ കവിൾ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ച് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിന്റെ നടപ്പിൽ മിതത്വം കൈകൊള്ളുക. നിന്റെ ശബ്ദം താഴ്ത്തുക. ശബ്ദങ്ങളിൽ ഏറ്റവും വെറുക്കപ്പെട്ടത് കഴുതയുടെ ശബ്ദമാണ്.

(സൂറ: ലുഖ്മാൻ 31: 18-20)

# സത്യദൂതൻ:

## അമീർ/പ്രസിഡന്റുമാരോടുള്ള അഭ്യർത്ഥന

ബഹുമാന്യരെ, അസ്സലാമു അലൈക്കും.

സത്യദൂതൻ പുതുവത്സരത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. അൽഹംദുലില്ലാഹ്. കേരളത്തിൽ ജമാഅത്തിന്റെയും സത്യദൂതന്റെയും ചരിത്രം അവിഭാജ്യമാണ്. സുദീർഘമായ ഈ ചരിത്രപൈതൃകത്തിന്റെ പ്രാധാന്യം അറിയാമല്ലോ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാകാലത്തും ജമാഅത്തുകളിൽ നിന്നുള്ള പ്രാർത്ഥനാപൂർണ്ണമായ പിന്തുണയും സഹായവുമാണ് സത്യദൂതനെ നിലനിർത്തിയത്. ഇസ്‌ലാമിന്റെ പുനരുജ്ജീവനാർത്ഥം അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ(അ) ദിവ്യസന്ദേശം മലയാളക്കരയിൽ പ്രതിമാസം മുറതെറ്റാതെ സത്യദൂതൻ പ്രചരിപ്പിക്കുന്നു. ഇസ്‌ലാം മതത്തിന്റെ അനന്യവും അനിഷേധ്യവുമായ ജ്ഞാനപ്രഭ വിതറിക്കൊണ്ട് ഒരു നൂറ്റാണ്ടോളമായി കാലാവസ്ഥാ ഭേദമില്ലാതെ നിശബ്ദമായി പാവനമായ ഈ ദീനിസേവനം സത്യദൂതൻ അവിരാമം തുടരുന്നു.

ബഹുമാന്യരെ, ഈ ചരിത്ര സന്ദർഭം സത്യദൂതന് പ്രധാനപ്പെട്ടതാണ്. ജമാഅത്തിൽ വെള്ളിയാഴ്ച്ച ജുമ്ആനന്തരം വിളംബരം ചെയ്ത് എല്ലാവരെയും സത്യദൂതന്റെ വരിക്കാരാക്കുകയും ശാഖാസംഘടനകൾ വഴി പുറമേനിന്നുള്ളവരിൽ നിന്ന് വരിചേർക്കുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള **വരിസംഖ്യയും, കുടിശ്ശികയും** വായനക്കാർക്ക് നേരിട്ട് അയക്കാൻ ഇപ്പോൾ സാദ്ധ്യമാവും. QR code വഴി G Pay, Phone Pe, Paytm എന്നീ ആപ്പുകൾ ഉപയോഗിക്കാം. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. ജമാഅത്തുകളിൽ രശീത് ഉപയോഗിച്ച് വരിസംഖ്യവാങ്ങണം. നേരിട്ട് വരിസംഖ്യ അയക്കാനുള്ള സംവിധാനം ഉപയോഗിക്കുന്നവർ ഈ **Phone No: 9447086862** ൽ ആണ് അയക്കേണ്ടത്. ജമാഅത്ത് അമീർ/പ്രസിഡണ്ടുമാരിൽ നിന്നും ദുആയോടെയുള്ള പരിപൂർണ്ണ സഹകരണവും സഹായവും പ്രതീക്ഷിക്കുന്നു.

**വാർഷിക വരിസംഖ്യ 300 രൂപ**

മാനേജർ, സത്യദൂതൻ

മസ്ജിദ് ഉമർ

സെന്റ് ബെനഡിക്ട് റോഡ്. എറണാകുളം

അനുസ്മരണം

# കെ.എ. അബ്ദുൽ കലാം സാഹിബ്



കൊച്ചി ജമാഅത്തംഗമായിരുന്ന കൊച്ചങ്ങാടി കടേപ്പറമ്പിൽ കെ.എ.അബ്ദുൽകലാം സാഹിബ് (73 വയസ്സ്) 8.11.2021 ന് വഫാത്തായി. ഇന്നാലില്ലാഹി.....

ഇദ്ദേഹത്തിനാണ് 1980 ൽ കൊച്ചിയിൽ നിന്നും ആദ്യമായി അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ തൗഫീഖ് ലഭിച്ചത്. അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ പേരിൽ അദ്ദേഹത്തിന് വളരെയേറെ എതിർപ്പ് നേരിടേ തായിവന്നിട്ടുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെതിരിൽ 1985 മെയ് 17-ാം തീയതി വെള്ളിയാഴ്ച കൊച്ചിയിലെ മുഴുവൻ മഹല്ലുകളുടെയും സംയുക്തമായ ഒരു യോഗം എം.എ.എസ്.എസ് സ്കൂളിൽ ചേരുകയും ആ യോഗത്തിൽ അഹ്മദികൾ ഹൈന്ദവരെയും ക്രൈസ്തവരെയും യഹൂദരെയും പോലെ മുസ്‌ലിമേതര സമുദായമാണെന്ന് ഒരു പ്രമേയം പാസാക്കി. ആ പ്രമേയം സൈനുദ്ദീൻ നൈന നോട്ടീസ് അടിച്ചു വിതരണം ചെയ്തു. അബ്ദുൽ കലാം സാഹിബ്, സൈനുദ്ദീൻ നൈനക്ക് എതിരിൽ കേസ്സുകൊടുക്കുകയും ചെയ്തു. ഈ കേസ്സ് നടത്തിപ്പിനായി അദ്ദേഹത്തിന് സാമ്പത്തികമായി വളരെയധികം ത്യാഗം ചെയ്യേണ്ടിവന്നിട്ടുണ്ട്. അദ്ദേഹത്തിന് കൊച്ചി ജമാഅത്തിലെ സദറായും സേവനം ചെയ്യാൻ തൗഫീഖ് ല 1 ച്ചിട്ടുണ്ട്.

ഭാര്യ: പുത്തൻ വീട്ടിൽ പി.എം.നസീമ മക്കൾ: സഫീല ബീഗം, മുഹമ്മദ് ഷിഫാസ്, വസിം ഫിറോസ്. മരുമക്കൾ അൻവർ, ഐഷ, അജീന. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

***സദർ ജമാഅത്ത് കൊച്ചി***

# ഹസീൻ റഹ്മാന് ഡോക്ടറേറ്റ്



പഴയങ്ങാടി ജമാഅത്തിലെ ഹബീബ് റഹ്മാൻ സാഹിബിന്റെ മകൻ ഹസീൻ റഹ്മാൻ സാഹിബ്, ഇലക്ട്രിക് എൻജിനീയറിങ് വിഭാഗത്തിൽ മുംബൈ IIT യിൽ നിന്നും PHD ലഭിച്ചു. മർഹൂം മൗലവി സി.പി. ആലിക്കുട്ടി സാഹിബിന്റെയും മൊയ്തീൻ കുട്ടി (മാഹി) യുടെയും പൗത്രനും, ജമാഅത്തിന്റെ സജീവ പ്രവർത്തകനായ ഹബീബ് റഹ്മാൻ സാഹിബ് (മാഹി) - കുദ്സിയ ഹബീബ് സാഹിബ ദമ്പതികളുടെ മകനുമാണ്. B.Tech ഡിഗ്രി കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും M.Tech മദ്രാസ് IIT യിൽ നിന്നുമാണ് പൂർത്തിയാക്കിയത്. ഇടപ്പാൾ ജമാഅത്തിലെ അമത്തുൽ ഹഫീസ് സാഹിബയാണ് ഭാര്യ. ഇരുവരും വഖ്ഫെ നൗ അംഗങ്ങളാണ്.

# ബിയ്യുമ്മ സാഹിബ കരുളായി

മർഹൂം മുഹമ്മദ് കുഞ്ഞ് സാഹിബ് (ഊറക്കാടൻ)ന്റെ ഭാര്യ ബിയ്യുമ്മ സാഹിബ 83 വയസ്സ് 12-12-21 ന് വഫാത്തായി. ഇന്നാലില്ലാഹി.....

ബിയ്യുമ്മ സാഹിബയുടെ ജന്മനാട് എറണാകുളം ജില്ലയിലെ പള്ളിക്കര പഴന്തോട്ടമായിരുന്നു. വിവാഹം നടന്നത് ഐരാപുരത്തേക്കും. മൂന്ന് മക്കളായതിന് ശേഷമാണ് മർഹൂം ഉണ്ണീൻ മൗലവി സാഹിബ് മുഖേന ഐരാപുരത്ത് ജമാഅത്ത് സ്ഥാപിതമാകുന്നത്. ഭർത്താവ് അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ യാതൊരു എതിർപ്പും കാണിക്കാതെ ഭർത്താവിനൊപ്പം നിൽക്കുകയും ഐരാപുരത്തെ ആദ്യകാല അഹ്മദികളിൽ ഉൾപ്പെടുകയും ചെയ്തു. അതിഥി സൽക്കാരത്തിലും പാവങ്ങൾക്ക് ആഹാരം നൽകുന്ന കാര്യത്തിലും ഏറെ താൽപര്യം കാണിച്ചിരുന്നു. 55 വർഷങ്ങൾക്ക് മുമ്പാണ് ഐരാപുരത്ത് നിന്ന് കരുളായിലേക്ക് താമസം മാറ്റുന്നത്. 2006-ൽ വസിയ്യത്ത് പദ്ധതിയിൽ അംഗമാവുകയുണ്ടായി.

മക്കൾ: സൈദ് മുഹമ്മദ്, സൽമത്ത്, മൗലവി അലികുഞ്ഞ്, സുലൈമാൻ (അമീർ ജമാഅത്ത് കരുളായി), അബ്ദുൽ അസീസ്, മുബാറക്കാ ബീഗം.

മരുമക്കൾ: സീ.കെ.നസീമ, ടി.സിദ്ദീഖ് (അമ്പലപ്പാറ, തിരുവിഴാംകുന്ന്), കെ. നുസ്രത്ത്, ഹസീന, റസീന, അബ്ദുൽ ജലീൽ (സദർ ജമാഅത്ത് കൽക്കുളം)

***സുലൈമാൻ കരുളായി***
***(അമീർ ജമാഅത്ത് കരുളായി)***

Published on 07.01.2022
Pages 44
Vol: 94 Issue. 01
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

# സത്യദൂതൻ

## 97 – ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

ഇസ്‌ലാമിന്റെ പുനരുജ്ജീവനാർത്ഥം അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ(അ) ദിവ്യസന്ദേശം മലയാളക്കരയിൽ പ്രതിമാസം മുറതെറ്റാതെ സത്യദൂതൻ പ്രചരിപ്പിക്കുന്നു. ഇസ്‌ലാം മതത്തിന്റെ അനന്യവും അനിഷേധ്യവുമായ ജ്ഞാനപ്രഭ വിതറിക്കൊണ്ട് ഒരു നൂറ്റാണ്ടോളമായി കാലാവസ്ഥാ ഭേദമില്ലാതെ നിശബ്ദമായി പാവനമായ ഈ ദീനിസേവനം സത്യദൂതൻ അവിരാമം തുടരുന്നു. സത്യദൂതൻ ഇനിയും ഊർജ്ജസ്വലമായി മുന്നോട്ട് പോവാനും കൂടുതൽ വായനക്കാരിലേക്ക് എത്തിക്കാനുമുള്ള സദുദ്യമത്തിൽ ഓരോ സത്യാന്വേഷിയും പങ്കാളിയാവാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ തപാൽ അഡ്രസ് വ്യക്തമായി എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862**

വാർഷിക വരിസംഖ്യ 300 രൂപ.

ISLAM
INTERNATIONAL
PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe paytm

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim